# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

സെപ്തംബർ 2023 | വാല്യം 50 ലക്കം 6 — പേജ് 12 | വില 10.00 രൂപ

UNITY Monthly | September 2023 | Volume 50 Issue 6 | Chief Editor: V.VENUGOPAL | Page 12 | Price Rs. 10.00


# അഴിമതിയും ജനദ്രോഹവും ജനാധിപത്യവിരുദ്ധതയും നിറഞ്ഞാടുന്ന പിണറായി ഭരണം

**പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ് ഫലം സഹതാപതരംഗമെന്ന് എൽഡിഎഫ് വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്കെതിരായ ശക്തമായ താക്കീതാണ് ജനങ്ങൾ നൽകിയത്. വിലക്കയറ്റവും നികുതി – ചാർജ്ജ് വർദ്ധനവുകളും തൊഴിലില്ലായ്മയും സാംസ്കാരിക രംഗത്തെ തകർച്ചയുമൊക്കെ ജനജീവിതം നരകസമാനമാക്കിക്കൊണ്ടിരിക്കുകയാണ്.**

ഇക്കഴിഞ്ഞ സെപ്റ്റംബർ അഞ്ചാം തീയതി പുതുപ്പള്ളി മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥി വലിയ ഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തെത്തുടർന്ന് ഒഴിവു വന്ന സീറ്റിലേക്ക് അദ്ദേഹത്തിന്റെ മകനായിരുന്നു യുഡിഎഫ് സ്ഥാനാർത്ഥി. പിതാവിന്റെ മരണം സൃഷ്ടിച്ച സഹതാപം മകന് തുണയായി എന്ന വ്യാഖ്യാനത്തിൽ അഭയംപ്രാപിക്കുന്നതോടെ തങ്ങളുടെ തടി രക്ഷിക്കാമെന്നാണ് എൽഡിഎഫിന്റെ വിശകലനവിശാരദന്മാർ കണക്കുകൂട്ടുന്നത്. സഹതാപവോട്ടുകളെന്നും ബിജെപിവോട്ടുകളെന്നും രാഷ്ട്രീയ അടിത്തറ ചോർന്നിട്ടില്ല എന്നുമൊക്കെ വീണിടത്തുകിടന്ന് നേതാക്കന്മാർ ഉരുളുമ്പോൾ, തെരഞ്ഞെടുപ്പ് ഫലം സർക്കാരിന്റെ വിലയിരുത്തലായിരിക്കുമെന്ന സിപിഐ(എം) സംസ്ഥാനസെക്രട്ടറി എം.വി.ഗോവിന്ദന്റെ 'ദീർഘദർശനം' അക്ഷരാർത്ഥത്തിൽ ശരിയായി ഭവിക്കുന്നതാണ് നാം കണ്ടത്. അത് സംസ്ഥാന സർക്കാരിന്റെ മാത്രമല്ല, കേന്ദ്രസർക്കാരിന്റെയും വിലയിരുത്തലായി മാറി. സഹതാപമെന്ന ഒരൊറ്റ കാരണംകൊണ്ട് നേടാവുന്ന നേട്ടമല്ല യുഡിഎഫിന് ലഭിച്ചതെന്ന് പ്രഥമദൃഷ്ട്യാ മനസ്സിലാക്കാവുന്ന വസ്തുതയെ നിരാകരിച്ചുകൊണ്ട് അടിമുടി ജനവിരുദ്ധവും അഴിമതി നിറഞ്ഞതുമായ പിണറായി ഭരണത്തെ വെള്ളപൂശാനാണ് സിപിഐ(എം) നേതാക്കന്മാരുടെ ശ്രമം. തങ്ങൾ വിളമ്പുന്നതെന്തും വാരിവിഴുങ്ങുന്ന വിഡ്ഢികളായിട്ടാണ് ഈ നേതാക്കന്മാർ ജനങ്ങളെ കാണുന്നത്.



പ്രകടനത്തിന് ഫീസ് ഏർപ്പെടുത്തിയ പിണറായി സർക്കാരിന്റെ സ്വേച്ഛാധിപത്യ നടപടിയിൽ പ്രതിഷേധിച്ച് ആലപ്പുഴടൌണിൽ നടന്ന പ്രകടനം

ബിജെപി വോട്ട് മറിച്ചുനൽകി എന്ന പതിവ് വിശകലനവും ഇതോടൊപ്പം മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ബിജെപിക്ക് സ്ഥിരമായ ഒരു വോട്ട് നിക്ഷേപം ഉണ്ടെന്നും മറിച്ചു നൽകിയാൽ മാത്രമേ അതു കുറയൂ എന്നുമുള്ള വിശകലനം സ്വന്തം അപരാധങ്ങൾ മറച്ചുവയ്ക്കാനുള്ള സിപിഐ(എം)ന്റെ കുടിലനീക്കം മാത്രമാണ്. തീർത്തും ജനാധിപത്യവിരുദ്ധമായ ബിജെപിയുടെ രാഷ്ട്രീയത്തോടുള്ള ജനങ്ങളുടെ വെറുപ്പാണ് അവർക്ക് വോട്ട് കുറയാനിടയാക്കുന്നതെന്ന് പറയാൻ സിപിഐ(എം) തയ്യാറാകുന്നില്ല. അതിലൂടെ ബിജെപിയുടെ അത്യാപൽക്കരമായ രാഷ്ട്രീയത്തെ രക്ഷിക്കുകയും വിജയപരാജയങ്ങൾ നിർണ്ണയിക്കാൻ ശേഷിയുള്ള പാർട്ടിയെന്ന അനർഹമായ രാഷ്ട്രീയബഹുമതി അവർക്ക് ചാർത്തിക്കൊടുക്കുകയുമാണ് യഥാർത്ഥത്തിൽ സിപിഐ(എം) ചെയ്യുന്നത്. ഇത്തരമൊരു പ്രചാരണത്തിന്റെ ആഘാതം വളരെ വലുതാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് കഴിഞ്ഞ കുറെനാളുകളായി അവർ ഇത് ആവർത്തിക്കുന്നത്. ബിജെപി അവതരിപ്പിക്കുന്ന ഭ്രാന്തമായ വർഗ്ഗീയനിലപാടുകളാൽ സ്വാധീനിക്കപ്പെടുന്നവരും സംഘപരിവാറിന്റെ പ്രവർത്തകരും അടങ്ങുന്ന ചെറിയ ഒരു വിഭാഗം മാത്രമേ കേരളത്തിൽ അവരുടെ സ്ഥിര വോട്ടർമാരായുള്ളൂ.

(ശേഷം 6–ാം പേജിൽ)

# ഏകീകൃത സിവിൽ കോഡ്: സമൂഹത്തെ ജനാധിപത്യവൽക്കരിച്ചുകൊണ്ടും എല്ലാ ജനവിഭാഗങ്ങളുടെയും അനുമതി നേടിക്കൊണ്ടും മാത്രമേ നടപ്പിലാക്കാവൂ

**ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടതു പ്രകാരം എസ്‌യുസിഐ (സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സമർപ്പിച്ച നിവേദനം.**

മാർക്സിസ്റ്റുകൾ എന്ന നിലയിൽ, എല്ലാവർക്കും ബാധകമായ ഏകീകൃത സിവിൽ നിയമം ഉണ്ടാകണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. സമൂഹത്തെ ജനാധിപത്യവൽക്കരിക്കുക എന്ന ശാസ്ത്രീയ പ്രക്രിയയിലൂടെ എല്ലാ ജനവിഭാഗങ്ങളുടെയും അനുമതി ലഭ്യമാകുന്ന സാഹചര്യം ഉരുത്തിരിഞ്ഞു വരുമ്പോൾ മാത്രമാണ് അത് സാധ്യമാകുക. യഥാർത്ഥ മതേതര ജനാധിപത്യ സംവിധാനം അതാണ് ആവശ്യപ്പെടുന്നത്. അനുകൂലമായ ഒരു സാമൂഹ്യ-സാംസ്കാരിക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് ഇന്ത്യയിൽ നിലവിലുള്ള സാഹചര്യം ഏകീകൃത സിവിൽ നിയമം നടപ്പിലാക്കാൻ പാകത്തിലുള്ളതാണോ ? അല്ല എന്നതാണ് യാഥാർത്ഥ്യം. ബഹുമത-വംശ-ദേശീയത രാഷ്ട്രമായ ഇന്ത്യയിൽ സാമൂഹ്യ-സാംസ്കാരിക വൈജാത്യങ്ങൾ നിറഞ്ഞു നിൽക്കുകയാണ്. വിവാഹം, വിവാഹമോചനം, ദത്ത്, പിന്തുടർച്ച എന്നിവയിലൊക്കെ മതാഭിമുഖ്യവും വംശീയതയും പരിഗണിച്ചുള്ള വ്യത്യസ്ത നിയമങ്ങൾ ഇവിടെ നിലവിലുണ്ട്. മതം, ജാതി, വിശ്വാസം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്ന വ്യക്തി നിയമങ്ങളും ഉണ്ട്. മതഗ്രന്ഥങ്ങളെയും ആചാരങ്ങളെയും ഒക്കെ അടിസ്ഥാനപ്പെടുത്തിയുള്ള ഹിന്ദു മാര്യേജ് ആക്ട്, മുസ്ലിം വ്യക്തിനിയമം എന്നിവയൊക്കെ ഇത്തരത്തിലുള്ളതാണ്. വിവാഹം വിവാഹമോചനം ദത്ത് പിന്തുടർച്ച പാരമ്പര്യ സ്വത്തിനുള്ള അവകാശം എന്നിവയുടെയൊക്കെ കാര്യത്തിൽ ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, പാഴ്സികൾ, ഹിന്ദുക്കൾ, ആദിവാസികൾ എന്നിവരൊക്കെ വ്യത്യസ്തമായ കുടുംബ നിയമങ്ങളും ആചാരങ്ങളുമാണ് പിന്തുടരുന്നത്. വിവാഹം, വിവാഹമോചനം എന്നീ കാര്യങ്ങളിൽ ഹിന്ദുമതത്തിൽപ്പെട്ട വ്യത്യസ്ത ജാതിക്കാർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമായ രീതികളാണ് പിന്തുടരുന്നത്. ആദിവാസികൾക്കും ഇക്കാര്യങ്ങളിൽ വ്യത്യസ്ത നിയമങ്ങളുണ്ട്. കേന്ദ്ര നിയമമായ ക്രിമിനൽ നടപടിക്രമം 1973ലെ ചില വകുപ്പുകൾ വടക്ക് കിഴക്കൻ മേഖലയ്ക്ക് ബാധകമല്ല. ഗോവയിൽ മുസ്ലീങ്ങൾ പിന്തുടരുന്നത് മുസ്ലിം വ്യക്തി നിയമമല്ല, പോർച്ചുഗീസ് നിയമവും ശാസ്ത്രങ്ങളെ ആധാരമാക്കിയുള്ള ഹിന്ദു നിയമങ്ങളും ആണ്. മേഘാലയിലും നാഗാലാൻഡിലും ഇതുപോലുള്ള വ്യതിയാനങ്ങൾ കാണാം. ജമ്മു കാശ്മീരിൽപോലും ഹിന്ദുക്കൾ പാലിക്കേണ്ട നിയമം കേന്ദ്രനിയമത്തിൽ നിന്ന് വ്യത്യസ്തമാണ്. അതായത് പ്രസക്തമായ ഈ സവിശേഷ വശങ്ങൾ പരിഗണിക്കാതെ രാജ്യത്തിന് ആകെ ബാധകമായ ഒരു പൊതുനിയമം അടിച്ചേൽപ്പിക്കാനാകില്ല എന്നർത്ഥം. ഇത്തരം നിർണായക പ്രാധാന്യമുള്ള വിഷയങ്ങളിൽ എന്ത് പരിഷ്കാരം കൊണ്ടുവരണമെങ്കിലും ജനങ്ങൾക്കിടയിലുള്ള സാമൂഹ്യ സാംസ്കാരിക വൈജാത്യങ്ങൾ കണക്കിലെടുത്തുകൊണ്ടേ സാധ്യമാകൂ. ജനങ്ങളുടെ അനുമതിയും പൂർണസമ്മതവും ഒഴിവാക്കുന്ന ഏതൊരു നിർണായക പരിഷ്കാരവും ജനാധിപത്യത്തിന് അന്യമായിട്ടുള്ളതാണ്.

സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾ കഴിഞ്ഞിട്ടും എന്തുകൊണ്ട് ജനങ്ങൾക്കിടയിൽ ഇത്തരം ഭിന്നതകളും വൈജാത്യങ്ങളും മതം, വംശം, പ്രദേശം എന്നിവയുമായി ബന്ധപ്പെട്ട വ്യത്യസ്ത ആചാരങ്ങളും നിലനിൽക്കുന്നു എന്നതാണ് ഗൗരവപ്പെട്ട ചോദ്യം. സാമൂഹികവും ചരിത്രപരവുമായ കൃത്യമായ കാരണങ്ങൾ ഇതിന്റെ പിന്നിലുണ്ട് എന്നതാണ് വസ്തുത. നമ്മുടെ സ്വാതന്ത്ര്യ സമരം, മതത്തിന്റെ, വിശിഷ്യ ഹിന്ദുമതത്തിന്റെ സ്വാധീനത്തിൽനിന്ന് മുക്തമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മതാഭിമുഖ്യം പുലർത്തിയ ഈ ദേശീയവാദം മുസ്ലിങ്ങളുടെ വിശാല വിഭാഗങ്ങളെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ നിന്ന് അകറ്റി. ഒരു മതേതര ജനാധിപത്യ സമൂഹത്തിന് നിരക്കാത്ത തരത്തിലുള്ള ഇസ്ലാമിക ആചാരങ്ങൾ മുറുകെപ്പിടിക്കാൻ ഇത് അവർക്ക് പ്രേരകമായി.

(ശേഷം 2–ാം പേജിൽ)


ഉൾപേജ്
8 ഇളംതലമുറയെ ലക്കുകെട്ടവരാക്കി മാറ്റുന്ന ലഹരി വിപത്തിനെതിരെ ഒന്നിക്കുക
9 കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി: യാഥാർത്ഥ്യമെന്ത്?

# ജനങ്ങൾക്കിടയിലെ ഭിന്നതകളും അന്ധവിശ്വാസങ്ങളും ദൂരീകരിക്കാനുള്ള സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രസ്ഥാനം അനിവാര്യം

*(1–ാം പേജിൽ നിന്ന്)*

## ഏകീകൃതസിവിൽ കോഡ്

ദേശീയവാദികളും മുസ്ലീങ്ങളും തമ്മിലുള്ള വിടവ് വർദ്ധിക്കാൻ ഇത് ഇടയാക്കി. മാത്രമല്ല, സ്വാതന്ത്ര്യസമര നേതൃത്വത്തിൽ ഉയർന്ന ജാതി ഹിന്ദുക്കളുടെ മേധാവിത്വം നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ, ഹിന്ദുക്കളിലെ താഴ്ന്ന ജാതിക്കാരെന്നു വിളിക്കപ്പെട്ടിരുന്ന, ഇന്ന് ദളിതരെന്നറിയപ്പെടുന്ന വലിയൊരു വിഭാഗവും ആദിവാസി വിഭാഗങ്ങളും ക്രിസ്തുമതത്തിലും മറ്റും പെട്ട വിശേഷ അവകാശങ്ങൾ ഒന്നും ഇല്ലാതിരുന്ന വിഭാഗങ്ങളും സ്വാതന്ത്ര്യ സമരത്തിന്റെ മുഖ്യധാരയിൽനിന്ന് അകന്നുനിന്നു. രണ്ടാമതായി, വിവിധ ജനവിഭാഗങ്ങൾക്കിടയിൽ നിലനിന്നിരുന്ന വൈജാത്യങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഒക്കെ ദൂരീകരിച്ച് ഏകാത്മകമായ ഒരു ഇന്ത്യൻ ദേശീയ സ്വത്വം ഉയർന്നു വരാൻ സഹായകമാകുമായിരുന്ന, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം നടന്നതുമില്ല. നമ്മുടെ സ്വാതന്ത്ര്യ സമരം വൈകല്യങ്ങളോടെയും പാതിവെന്ത നിലയിലുമാണ് പര്യവസാനിച്ചത്. സാമൂഹ്യ- സാംസ്കാരിക പരിഷ്കാരങ്ങൾ ഒന്നും അതിന് ഏറ്റെടുക്കാനായില്ല. അതുകൊണ്ടുതന്നെ ജന്മിത്ത യാഥാസ്ഥിതികത്വത്തിൽ ഉടലെടുക്കുന്നതും ഊട്ടി വളർത്തപ്പെട്ടതുമായ കാലഹരണപ്പെട്ട ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മതശാസനകൾ, മതപരമായ പിന്നാക്കാവസ്ഥ, അന്ധവിശ്വാസങ്ങൾ എന്നിവയിൽനിന്നൊന്നും മുക്തരാകാൻ ഇന്ത്യൻ ജനസാമാന്യത്തിന് അവസരം ലഭിച്ചതുമില്ല.

ഈ ഭിന്നതകളും വൈരുദ്ധ്യങ്ങളും അന്ധവിശ്വാസങ്ങളും മുൻവിധികളുമൊക്കെ ഇന്നും നിലനിൽക്കുന്നു. ജനമനസ്സിൽ അവ ആഴത്തിൽ വേരോടിയിരിക്കുന്നു. ഇവയെ ഉന്മൂലനം ചെയ്യാനുള്ള ഒരു സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രസ്ഥാനത്തിന് സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികളും മുൻകൈ എടുത്തില്ല എന്നതുതന്നെ കാരണം. എന്നു മാത്രമല്ല ഖേദകരമെന്നു പറയട്ടെ, ഈ പിന്നാക്കവും കാലഹരണപ്പെട്ടതും പിന്തിരിപ്പനുമായ ചിന്താഗതികൾ ജനമനസ്സുകളിൽ രൂഢമൂലം ആക്കാൻ ആണ് കക്ഷിഭേദമെന്യേ എല്ലാ ഭരണകർത്താക്കളും ശ്രമിച്ചത്. അതിനാൽ രാഷ്ട്രീയമായി നമ്മൾ ഒറ്റ രാഷ്ട്രമായി എങ്കിലും മതം, ജാതി ,ഭാഷ, വംശം തുടങ്ങിയവയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിലുള്ള അനൈക്യം തുടരുക തന്നെ ചെയ്തു. അതായത്, പലതരത്തിലുള്ള വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവരും വിവിധങ്ങളായ ആചാരങ്ങൾ പിന്തുടരുന്നവരുമായ വ്യത്യസ്ത ജനവിഭാഗങ്ങളെ ഒരു ഏകാത്മക സമൂഹമായി ഉദ്ഗ്രഥിച്ചെടുക്കുക എന്ന പരമപ്രധാനമായ കർത്തവ്യം നിറവേറ്റപ്പെടാതെ പോയി. സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിനുള്ള ഒരു സാമൂഹ്യ-സാംസ്കാരിക വിപ്ലവത്തിന്റെ അഭാവമാണ് ഇതിനു കാരണമായത്. ഇന്നത്തെ ഭരണകർത്താക്കളുടെ വികലമായ നയങ്ങളും പരിപാടികളും മൂലം ജാതി-മത-വംശീയ ഭിന്നതകൾ ശമിക്കുന്നതിന് പകരം അവ തീവ്രതരമാകുന്നതാണ് അടുത്തിടെയായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

ഇതുമാത്രമല്ല, എല്ലാത്തരം മതപരമായ സങ്കീർണതകൾക്കും ഉപരിയായി, എല്ലാ വിഭാഗീയതകൾക്കും അതീതമായി നിലകൊള്ളേണ്ടതിനു പകരം സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികൾ ഹിന്ദുമത മൂല്യങ്ങളുടെ പ്രചാരകരാകുകയും ഇന്ത്യൻ ദേശീയതയ്ക്ക് ഒരു ആത്മീയാടിത്തറ പ്രദാനം ചെയ്യുന്നതിനായി ഇതിഹാസങ്ങളെയും പുരാണങ്ങളെയുമൊക്കെ ഉയർത്തി കാണിക്കുകയും ചെയ്തു. ഈ പരിമിതി മൂലം നമ്മുടെ ദേശീയത ഫലത്തിൽ ഒരു ഹിന്ദു ദേശീയതയായി പരിണമിക്കുന്ന സാഹചര്യമുണ്ടായി.

ഹിന്ദുക്കളാകെ ഒരു വ്യക്തി നിയമമാണ് പിന്തുടരുന്നത് എന്നൊരു മിഥ്യാധാരണ സ്ഥാപിതതാല്പര്യക്കാർ പടച്ചുവിട്ടിട്ടുണ്ട്. ഇത് സത്യമേയല്ല. ഹിന്ദു ലോ കമ്മിറ്റി 1947ൽ തയ്യാറാക്കിയ ഹിന്ദു കോഡ് ബില്ലിലൂടെ പല പരിഷ്കാരങ്ങളും കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. ബഹുഭാര്യാത്വം, പെൺമക്കൾക്ക് സ്വത്തിലുള്ള അവകാശം തുടങ്ങി പല കാര്യങ്ങളിലും നിലവിലെ സമ്പ്രദായങ്ങളിൽ മാറ്റം വരുത്താൻ കഴിഞ്ഞു. ഹിന്ദു വിവാഹ നിയമപ്രകാരം രജിസ്റ്റർ ചെയ്തില്ലെങ്കിലും വിവാഹത്തിന് നിയമസാധുതയുണ്ട്. ഒരു അഗ്നികുണ്ഡത്തിന് ചുറ്റും വധൂവരന്മാർ ഏഴ് വലത്തു വെച്ചാൽ മതിയായിരുന്നു. ഈ ചടങ്ങുകളിൽ ചിലത് ഒഴിവാക്കി വിവാഹം നടത്തിയാൽ അയാൾക്ക് വീണ്ടും വിവാഹം കഴിക്കാം. നിയമത്തെ കബളിപ്പിക്കാനും സാമൂഹികമായ അംഗീകാരം രണ്ടാം വിവാഹത്തിന് നേടിയെടുക്കാനും ഇതിലൂടെ കഴിയുന്നു. അതുകൊണ്ടാണ് ബഹുഭാര്യാത്വം ഹിന്ദുമതത്തിൽ നിരോധിച്ചിട്ടുള്ളതാണെങ്കിലും ഒരു വിഭാഗം ഹിന്ദുക്കളുടെ ഇടയിൽ ഇത് നിലനിൽക്കുന്നത്. അതുപോലെതന്നെ, പല ഹിന്ദുക്കളും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള നിയമമല്ല, ആചാരപരമായ നിയമങ്ങളാണ് പിന്തുടരുന്നത്. ഉദാഹരണത്തിന്, അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം ഉത്തരേന്ത്യയിൽ നിരോധിച്ചിട്ടുണ്ടെങ്കിലും ദക്ഷിണേന്ത്യയിൽ ചില സ്ഥലങ്ങളിൽ നിലവിലുണ്ട്. മുസ്ലീങ്ങൾക്കിടയിലും ഇത് കാണാം. ഹിന്ദുമതത്തിന്റെ ശുദ്ധി കാത്തുപുലർത്താനും പാരമ്പര്യവും സംസ്കാരവും നിലനിർത്താനും എന്നൊക്കെപ്പറഞ്ഞ് അനുഷ്ഠിക്കുന്ന പല കാര്യങ്ങളും, പുരുഷാധിപത്യവും സ്ത്രീകൾക്കുമേലുള്ള അടിച്ചമർത്തലും മതവിശ്വാസത്തോട് അന്ധമായ കൂറ്പുലർത്തുന്നതുമൊക്കെ ന്യായീകരിക്കുന്നതിനുള്ള ഉപാധികളാണ്. ഹിന്ദുമതം എന്ന പേരിൽ ഇന്ന് ആനയിക്കുന്ന ഹിന്ദുത്വ ആശയങ്ങളും അനിഷേധ്യവും പരമവുമാണെന്നും ഇക്കൂട്ടർ വാദിക്കുന്നു.

മറുവശത്ത്, മുസ്ലിം വ്യക്തിനിയമം പരിപാവനമെന്ന് വാദിക്കുന്ന ഇസ്ലാമിക മൗലികവാദികളുടെ സ്വരത്തിലും ഇതിന് സമാനമായ നിലപാട് ദർശിക്കാനാകും. മുസ്ലിം വ്യക്തിനിയമം പരിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ളതാണോ, അതോ ശരീഅത്തിൽ നിന്ന് രൂപം നൽകിയതാണോ ? ശരീഅത്തും പരിശുദ്ധ ഖുർആനും ഒന്നു തന്നെയാണോ ? അല്ല. ശരീഅത്ത് 'ദൈവിക പരിവേഷം' അവകാശപ്പെടാവുന്നതേ അല്ല. ഇസ്ലാം മതം അറേബ്യൻ മണ്ണിൽനിന്ന് മറ്റ് ഇടങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങിയതോടെ പ്രത്യക്ഷപ്പെട്ട പുതിയ സാമൂഹ്യ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടി വന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അവകാശവും ധാർമിക ശേഷിയുമുള്ള വ്യക്തിത്വങ്ങളെ ഉപദേശങ്ങൾക്കായി ജനങ്ങൾ സമീപിച്ചു. സ്വന്തം ധാരണയ്ക്ക് അനുസരിച്ച് ഈ പണ്ഡിതന്മാർ മാർഗനിർദേശങ്ങൾ നൽകിയിരുന്നു. ഇവ ക്രോഡീകരിച്ചുണ്ടാക്കിയതാണ് ശരീഅത്ത്. ഷിയാ, സുന്നി വിഭാഗങ്ങൾക്ക് ഇക്കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളാണ് ഉള്ളത്. മതശാസനങ്ങളെയും ആചാരങ്ങളെയും 'ദൈവഹിതം' എന്ന് ശഠിക്കുന്ന, മതസംരക്ഷകരായി ഭാവിക്കുന്നവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഇവരെല്ലാം ഒരേ സമീപനം വച്ചുപുലർത്തുന്നവരാണ് എന്നത് ശ്രദ്ധേയമാണ്.

ഏകീകൃത സിവിൽ കോഡ് എന്നത് സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ അഭാവത്തിൽ സാധ്യമായ ഒരു ശ്രമം എന്ന നിലയിൽ സദുദ്ദേശത്തോടെ കാര്യങ്ങൾ വീക്ഷിക്കുന്നവരുടെ ചുവടുവെപ്പാണ് എന്നാണ് മനസ്സിലാക്കാൻ കഴിയുക. ഒരു യഥാർത്ഥ മതേതര രാജ്യത്തെ വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് ഒരേപോലെ ബാധകമായ നിയമങ്ങളാണ് ഉണ്ടാകേണ്ടത്. മതം വ്യക്തിയുടെ വിശ്വാസത്തിന്റെ വിഷയമായേ നീതിന്യായ സംവിധാനത്തിന് കാണാനാകൂ. മതവിശ്വാസികളായാലും അവിശ്വാസികളായാലും സ്ത്രീകളെയും പുരുഷന്മാരെയും വിവേചിച്ച് കാണാനാകില്ല. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള സാമൂഹികമായ ബന്ധത്തെയാണ് വിവാഹം കുറിക്കുന്നത്. ജീവിതത്തെ കുറിച്ചുള്ള ജനാധിപത്യപരമായ വീക്ഷണം അതാണ്. പരസ്പരം മൂല്യങ്ങളെയും അന്തസ്സിനെയും മാനിച്ചുകൊണ്ടുള്ളതാകും ആ ബന്ധം. ജീവിതപങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിവാഹബന്ധത്തിന്റെ അടിസ്ഥാനമായിരിക്കണം. മതം, ജാതി, വംശം എന്നിവയൊന്നും അവിടെ വിലങ്ങു തടിയാകാൻ പാടില്ല. എന്നാൽ, വ്യത്യസ്ത വിഭാഗക്കാർ തമ്മിലുള്ള വിവാഹം, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, മത ശാസനങ്ങളുടെ ബാധ്യത പേറാതെ ജീവിക്കാനുള്ള അവസരം, പരസ്പരം അന്തസ്സിനെ മാനിച്ചുകൊണ്ട് ജീവിക്കൽ, സ്ത്രീ-പുരുഷ ഭേദമില്ലാതിരിക്കൽ, വിവിധ വിശ്വാസക്കാർക്ക് ഒരേ പരിഗണന എന്നിവയൊക്കെ ഉറപ്പാക്കാൻ കഴിയണമെങ്കിൽ, എല്ലാ വിഭാഗം ജനങ്ങളുടെയും സ്വമേധയായുള്ള സമ്മതവും അംഗീകാരവും നേടി രൂപീകരിക്കുന്ന പൊതുവായ നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരേണ്ടതുണ്ട്.

ഇന്നത്തെ ഇന്ത്യൻ സമൂഹം ഈ മുന്നുപാധികൾ പൂർത്തീകരിച്ചിട്ടുണ്ടോ ? ഏകീകൃത സിവിൽ കോഡിന്റെ സത്ത ശരിയായി മനസ്സിലാക്കിയിരുന്നെങ്കിൽ, 'ലൗ ജിഹാദ് ' പോലുള്ള വിഡ്ഢിത്തങ്ങൾ എഴുന്നള്ളിക്കൽ, ദുരഭിമാനക്കൊല, വ്യത്യസ്ത മതക്കാരുടെ വിവാഹം ഭരണകൂടം തന്നെ തടയൽ, പശുവിന്റെ പേരിലുള്ള കൊലപാതകങ്ങൾ എന്നിവയൊക്കെ ഇങ്ങനെ നിർബാധം നടക്കുമായിരുന്നോ? ജാതി, മതം, വംശം, ലിംഗം എന്നിവയൊന്നും പരിഗണിക്കാതെ ഒരു രാജ്യത്തെ പൗരന്മാർക്ക് മുഴുവൻ ഒറ്റ നിയമം ബാധകമാക്കണമെന്ന് ആവശ്യപ്പെടുമ്പോൾ തന്നെ ന്യൂനപക്ഷങ്ങൾക്കു മേലുള്ള പരസ്യമായ വിദ്വേഷ പ്രചാരണങ്ങളും കൊലപാതകങ്ങളും അരങ്ങേറുമായിരുന്നോ? അങ്ങനെ നോക്കുമ്പോൾ, വിവാഹം, വിവാഹമോചനം, ദത്ത്, പിന്തുടർച്ചാവകാശം എന്നിവയുടെയൊക്കെ കാര്യത്തിൽ എല്ലാ മതവിശ്വാസികൾക്കും ഒരുപോലെ ബാധകമാകുന്ന ഒറ്റ നിയമം ഈ സന്ദർഭത്തിൽ സാധ്യമാണോ? ഒരു നല്ല നിർദ്ദേശം എന്ന് കരുതാനുള്ള എന്തെങ്കിലും സാധ്യത അതിനുണ്ടോ ? ഞങ്ങൾ ഏതായാലും അങ്ങനെ കരുതുന്നില്ല. മണിപ്പൂർ രക്തരൂക്ഷിതമായ വംശീയ കലാപങ്ങൾക്കും രാജ്യമാകെ ജാതിയുടെയും മതത്തിന്റെയുമൊക്കെ പേരിലുള്ള സംഘർഷങ്ങൾക്കും സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കാൻ പക്വമായ സാഹചര്യമാണോ?

ഏകീകൃത സിവിൽ കോഡ് വരുന്നതോടെ വ്യക്തി നിയമങ്ങൾ അപ്രസക്തമാകും എന്നാണ് പൊതുവേ കരുതുന്നത്. വർഗീയശക്തികളും മതമൗലികവാദികളും ജാതി കോമരങ്ങളും യാഥാസ്ഥിതികത്വവും ഒക്കെ അരങ്ങുവാഴുന്ന ഇന്നത്തെ ഇന്ത്യയിൽ ഇത് സംഭവിക്കുമോ? ജനാധിപത്യവൽക്കരണ പ്രക്രിയയിലൂടെ ഇത്തരം ആകുലതകളും പിടിവാശികളും ആദ്യം നീക്കം ചെയ്യേണ്ടതില്ലേ? ബലപ്രയോഗത്തിലൂടെ ഏകതാനത കൈവരിക്കാനാവില്ല. അതിന് ജനാധിപത്യ മൂല്യങ്ങളിലും ധാർമികതയിലും സദാചാരബോധത്തിലും അടിസ്ഥാനപ്പെടുത്തിയ നിരന്തരമായ പ്രേരണ ആവശ്യമുണ്ട്. അതിന് ഭരണകൂടം ആദ്യം യഥാർത്ഥ മതേതര സങ്കൽപ്പങ്ങളെ മാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തുകയും വേണം.

അനൈക്യം വളർന്നുകൊണ്ടിരിക്കുമ്പോൾ ഐക്യത്തിന്റെ നിയമങ്ങൾ കുത്തിവയ്ക്കാൻ കഴിയുന്നതെങ്ങനെ? അത് വിവേകപൂർവ്വമായ നടപടിയാകുമോ? ഏകീകൃത സിവിൽ കോഡിന്റെ ന്യായയുക്തതയും അത് നടപ്പിലാക്കേണ്ടതിന്റെ സാമൂഹ്യ ആവശ്യകതയും പിന്തിരിപ്പൻ ശക്തികളുടെ സങ്കുചിതവും വിഭാഗീയവുമായ താല്പര്യങ്ങൾക്കെല്ലാം അതീതമായാണ് നടപ്പിലാക്കുക എന്നതും ആദ്യം ബോധ്യപ്പെടണം. അല്ലാതെ ഏകീകൃത സിവിൽ കോഡ് അടിച്ചേൽപ്പിക്കാൻ തുനിഞ്ഞാൽ രാജ്യത്തെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന അനൈക്യവും അവിശ്വാസവും സ്വരചേർച്ച ഇല്ലായ്മയുമൊക്കെ അധികരിക്കാനേ അതിടയാക്കൂ.

ഭരണഘടന നിർമ്മാണ സമിതിയിൽ ഏകീകൃത സിവിൽ കോഡ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച വന്നെങ്കിലും കേവലം ചർച്ചയും വോട്ടിംഗുംകൊണ്ട് നടപ്പിലാക്കാൻ കഴിയുന്നതല്ല അതെന്നും രാജ്യത്തെ സാഹചര്യം അതിന് പാകമായിട്ടില്ലെന്നുമാണ് വിലയിരുത്തപ്പെട്ടത്. അതായത് ഏകീകൃത സിവിൽ കോഡ് ഫലപ്രദമാകില്ലെന്ന അവരുടെ ആശങ്ക വളരെ ശരിയായിരുന്നു. അതുകൊണ്ടാണ് അത് 'നിർദ്ദേശക തത്വങ്ങളി 'ൽ ഉൾപ്പെടുത്തിയത്. ഒരു ഏകീകൃത സിവിൽ കോഡ് രാജ്യത്ത് ആകെ ബാധകമാക്കുന്നത് അഭികാമ്യമാണെങ്കിലും അതിന് ആദ്യം വേണ്ടത് ദുർബല വിഭാഗങ്ങളോടുള്ള വിവേചനം അവസാനിപ്പിക്കുകയും വിവിധ മത-ജാതി-വംശ വിഭാഗങ്ങൾക്കിടയിൽ ശരിയായ പ്രക്രിയയിലൂടെ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുകയും ആണെന്ന് സമിതി അധ്യക്ഷൻ ഡോ.ബി.ആർ.അംബേദ്കർ പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്. തുല്യ പൗരത്വം ഉറപ്പുവരുത്തുന്ന ആർട്ടിക്കിൾ

*(ശേഷം 3–ാം പേജിൽ)*

# ബിജെപിയുടെ വികസന വായ്ത്താരിയിൽ അംബാനി - അദാനിമാരേയുള്ളൂ; ജനങ്ങളില്ല

**സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണ പരിപാടികൾക്ക് സമാപനം കുറിച്ചുകൊണ്ട് 2023 ആഗസ്റ്റ് 5ന് കൊൽക്കൊത്ത ബ്രിഗേഡ് പരേഡ് മൈതാനത്ത് സംഘടിപ്പിക്കപ്പെട്ട മഹാറാലിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗവും ഹരിയാന സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സത്യവാൻ നടത്തിയ പ്രസംഗത്തിന്റെ പരിഭാഷ.**



ഇന്ന് ആഗസ്റ്റ് 5 ആണ്. ഇന്ത്യയിലെ മാത്രമല്ല, ലോകത്തെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിനും അദ്ധ്വാനിക്കുന്ന മറ്റു ജനലക്ഷങ്ങൾക്കും അത്യന്തം പ്രാധാന്യമേറിയ ദിനം. നൂറു വർഷങ്ങൾക്കു മുമ്പ്, തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് പിറന്നത് ഈ ദിനത്തിലാണ്. 2022 ആഗസ്റ്റ് 5 മുതൽ ഒരു വർഷക്കാലമായി ഗൗരവതരമായി നടന്നുവരുന്ന ഈ ജന്മശതാബ്ദി ആചരണത്തിന്റെ സമാപനം ഈ മഹാറാലിയോടെ ഇവിടെ നടക്കുകയാണ്.

മഹാനായ മാർക്സിസ്റ്റ് ചിന്തകനും തൊഴിലാളിവർഗ്ഗത്തിന്റെ പ്രിയങ്കരനായ നേതാവും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ സ്ഥാപക ജനറൽ സെക്രട്ടറിയുമായിരുന്ന സഖാവ് ശിബ്ദാസ് ഘോഷ്. അദ്ദേഹത്തിന്റെ അമൂല്യമായ പാഠങ്ങൾ ഉൾക്കൊണ്ടും ഉജ്ജ്വലമായ ജീവിത സമരത്തിൽനിന്നു പ്രചോദനം നേടിയുമാണ് നാമിന്നിവിടെ സമ്മേളിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ചിന്തകൾ നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നു. സ്വന്തം ജീവിതം പരിഗണിക്കാതെ ചെറുപ്രായത്തിൽത്തന്നെ അദ്ദേഹം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിലേക്കെടുത്തുചാടി. എല്ലാ അനീതികളിൽനിന്നും വിഭാഗീയതകളിൽനിന്നും വിമുക്തമായ സ്വാതന്ത്ര്യമായിരുന്നു അദ്ദേഹം സ്വപ്നം കണ്ടത്. മുതലാളിത്തത്തിനും സാമ്രാജ്യത്വത്തിനും ഫാസിസത്തിനും ഇടമില്ലാത്ത ഒരു സമൂഹമായിരുന്നു അദ്ദേഹം മനസ്സിൽകണ്ടത്. അവയുടെ നീരാളിപ്പിടുത്തത്തിൽനിന്ന് സ്വതന്ത്രമായതും സോഷ്യലിസത്തിലേക്കുള്ള പാതയിലൂടെ മുന്നോട്ടുപോകുന്നതുമായ ഒരു ഇന്ത്യൻ സമൂഹമാണദ്ദേഹം അഭിലഷിച്ചത്. രാഷ്ട്രീയാധികാരം നേടിയെടുത്ത

(ശേഷം 4-ാം പേജിൽ)

## ഏകീകൃത സിവിൽ കോഡ്

(2-ാം പേജിൽ നിന്ന്)

44 ഉൾപ്പെടുത്തിയെങ്കിലും അത് സ്വമേധയാ പാലിക്കേണ്ടത് എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയത്. അത് നിർബന്ധമാക്കുന്നതുവരെ അപ്പോൾ സമീപനം എന്തായിരിക്കണം? ഇവിടെയാണ് ആർട്ടിക്കിൾ 35 കടന്നുവരുന്നത്. നിയമങ്ങൾ നിർമ്മിക്കാനും പ്രത്യേകമായ ചില മൗലികാവകാശങ്ങൾക്ക് രൂപംനൽകാനും സംസ്ഥാന നിയമസഭകൾക്കല്ല പാർലമെന്റിനു മാത്രമാണ് അധികാരം എന്ന് ഈ വകുപ്പ് പറയുന്നു.

2016ൽ രൂപീകരിച്ച 22-ാം ലോ കമ്മീഷൻ അഭിപ്രായപ്പെട്ടത് "ഏകീകൃത സിവിൽ നിയമം അത്യാവശ്യമോ അഭികാമ്യമോ അല്ല" എന്നാണ്. ലിംഗപരമായ വിവേചനവും അസമത്വവും അവസാനിപ്പിക്കുകയാണ് ആദ്യം വേണ്ടതെന്ന് ശുപാർശ ചെയ്യുകയും ഉണ്ടായി എന്നതും പ്രധാനമാണ്. കമ്മീഷന്റെ നിരീക്ഷണം ഇപ്രകാരമായിരുന്നു: "ഒരു ഏകീകൃത സിവിൽ കോഡ് എന്നതിനേക്കാൾ, അത് ഈ ഘട്ടത്തിൽ അത്യാവശ്യമോ അഭികാമ്യമോ അല്ല, വിവേചനപരമായ നിയമങ്ങളുടെ കാര്യമാണ് ഈ കമ്മീഷൻ കൈകാര്യം ചെയ്തത്. മിക്ക രാജ്യങ്ങളും ഇപ്പോൾ വ്യത്യസ്തതകളെ അംഗീകരിക്കാൻ തയ്യാറാവുകയാണ്. വ്യത്യസ്തതകൾ നിലനിൽക്കുന്നു എന്നതിനർത്ഥം വിവേചനമുണ്ട് എന്നല്ല, അതൊരു ബലിഷ്ഠമായ ജനാധിപത്യത്തിന്റെ സൂചനയാണ്." കൺസൾട്ടേഷൻ പേപ്പറിന്റെ ഒന്നാം പേജിൽ തന്നെ കമ്മീഷൻ പറയുന്നത് ഏകീകൃത സിവിൽ കോഡിന്റെ കാര്യത്തിൽ ഏക അഭിപ്രായം ഉണ്ടായില്ലെന്നും അതുകൊണ്ടുതന്നെ ഇപ്പോൾ ചെയ്യേണ്ടത് മൗലികാവകാശങ്ങൾക്ക് വിരുദ്ധമാകാത്തവണ്ണം "വൈവിധ്യങ്ങൾ നിലനിർത്തുക"യാണെന്നുമത്രേ. കൺസൾട്ടേഷൻ പേപ്പർ പറയുന്നു: "ഏകീകൃത സിവിൽ നിയമത്തിന്റെ കാര്യത്തിൽ ഏക അഭിപ്രായം ഉണ്ടാകാത്തിടത്തോളം അവലംബിക്കാവുന്ന ഏറ്റവും നല്ല കാര്യം വ്യക്തിനിയമത്തിലെ വൈവിധ്യം നിലനിർത്തുകയും എന്നാൽ അത് ഇന്ത്യൻ ഭരണഘടന ഉറപ്പുതരുന്ന മൗലികാവകാശങ്ങൾക്ക് വിരുദ്ധമാകില്ലെന്ന് ഉറപ്പുവരുത്തുകയും ആണെന്ന് കമ്മീഷൻ കരുതുന്നു."

21-ാം ലോ കമ്മീഷന്റെ നിരീക്ഷണം വസ്തുനിഷ്ഠമാണെന്ന് ഞങ്ങൾ കരുതുന്നു. ആ നിരീക്ഷണത്തെ സംബന്ധിച്ച് ഒരു ചർച്ച ഉണ്ടാകാതെ പോയത് എന്തുകൊണ്ടാണ്? എന്നാൽ മൂന്നുവർഷം കഴിഞ്ഞു എന്ന ഒറ്റ കാരണം പറഞ്ഞ് അത് പാടെ അവഗണിക്കുകയും പുതിയൊരു കമ്മീഷൻ രൂപീകരിക്കുകയും ചെയ്തതിന്റെ അടിയന്തര സാഹചര്യം എന്തായിരുന്നു? 21-ാം കമ്മീഷന്റെ നിഗമനം തെറ്റായിരുന്നു എന്ന് യുക്തിഭദ്രമായി സമർപ്പിക്കുന്നതിൽനിന്ന് ഗവൺമെന്റിനെ തടഞ്ഞത് എന്താണ് ? അത് മൂടിവയ്ക്കുകയും പുതിയൊരു കമ്മീഷന് രൂപം കൊടുക്കുകയും ആ കമ്മീഷൻ അതേ വിഷയംതന്നെ മുന്നോട്ടുവയ്ക്കുകയും ചെയ്യുന്ന തരത്തിൽ കാര്യങ്ങൾ നീക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് എന്താണ് ?

വൈവിധ്യങ്ങളുടെയും മതസംബന്ധമായ പ്രശ്നങ്ങളുടെയും കാര്യത്തിൽ നിയമപരമായി പരിഹാരം കണ്ടെത്താമെന്നാണ് ചിലർ കരുതുന്നത്. ഏതെങ്കിലും മതപരമോ വംശീയമോ ആയ സ്വത്വം സംരക്ഷിക്കുന്നതിന്റെ പ്രശ്നം എന്ന നിലയിൽ അല്ലാതെ ഈ വിഷയത്തെ സമീപിക്കേണ്ടതുണ്ട്. അതൊരു നിയമ യുദ്ധത്തിന്റെ പ്രശ്നം മാത്രവുമല്ല. എന്തെങ്കിലും തരത്തിലുള്ള ഒരു അടിച്ചേൽപ്പിക്കൽ, അത് നിയമനിർമാണത്തിന്റെ രൂപത്തിലായാലും, ഉണ്ടായാൽ അത് മൗലികവാദ ശക്തികളുടെ കൈയിൽ വടിവെച്ചു കൊടുക്കുന്നതിന് സമമായിരിക്കും. മതവിശ്വാസത്തിനുള്ള അവകാശത്തിനുമേൽ കൈകടത്തിയതായി ചിത്രീകരിച്ചുകൊണ്ട് മതവിശ്വാസം മുതലെടുത്ത് അവർ ജനങ്ങളെ ഇളക്കിവിടും. മാറ്റത്തിനായുള്ള ആവശ്യം ദുരിതമനുഭവിക്കുന്നവരിൽനിന്ന് ബോധപൂർവ്വം ഉയർന്നുവരേണ്ടതുണ്ട്. നിയമപരം എന്നതിനേക്കാൾ നീതിയുക്തതയ്ക്കാണ് പ്രാധാന്യം എന്ന കാര്യം നാം എപ്പോഴും ഓർക്കണം. എല്ലാ നിയമങ്ങളും മനുഷ്യൻ ഉണ്ടാക്കിയതാണ്. സാമൂഹ്യപുരോഗതിക്കായുള്ള മനുഷ്യന്റെ മുന്നേറ്റത്തിന് ഇടയിൽ സാമൂഹ്യ ആവശ്യകതകളെ മുൻനിർത്തിയാണ് ഓരോ നിയമങ്ങൾ നിലവിൽ വന്നത്. കാലം ചെല്ലുംതോറും ഈ നിയമങ്ങളിൽ പലതും മാറ്റി, പലതും ഉപേക്ഷിച്ചു. മാറിയ സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിനാണ് അങ്ങനെ ചെയ്തത്. നീതിയുക്തമായി അനുഭവപ്പെട്ടതിന് നിയമരൂപം നൽകി എന്ന് പറയാം. അതുകൊണ്ടുതന്നെ ഏതെങ്കിലും നിയമം പാവനമെന്നോ മാറ്റാനാവാത്തതെന്നോ കരുതേണ്ട ആവശ്യമെന്താണ് ?

മേൽപ്പറഞ്ഞതിൽനിന്ന്, അന്ധവിശ്വാസം, മതപരമോ വംശീയമോ ആയ അയവില്ലായ്മ, സ്പർദ്ധ, അവിശ്വാസം തുടങ്ങിയവയോടുള്ള ആഭിമുഖ്യം ക്രമേണ ഇല്ലായ്മ ചെയ്യാൻ ഉതകുന്ന ഒരു ശാസ്ത്രീയ പ്രക്രിയ അവലംബിച്ചതിനു ശേഷം മാത്രമേ ഏകീകൃത സിവിൽ കോഡിനെ കുറിച്ച് ചിന്തിക്കാനാകൂ എന്ന് വ്യക്തമാണ്. വ്യാപകമായ ചർച്ചകൾ, പ്രേരണകൾ, ശരിയായ സമീപനം സ്വീകരിക്കാൻ മനസ്സുകളെ പ്രാപ്തമാക്കുന്ന വിധമുള്ള യുക്തിപരമായ സമീപനങ്ങൾ തുടങ്ങിയ ശ്രമകരമായ മാർഗങ്ങൾ ഒന്നും ഒഴിവാക്കാൻ പാടില്ല. സമൂഹത്തോട് മുഖം തിരിഞ്ഞു നിൽക്കുന്ന സമീപനത്തിന്റെ ബന്ധനങ്ങളിൽനിന്ന് പുറത്തു വരാനും ശരിയായ നിലപാട് സ്വീകരിക്കാനും അഭിപ്രായവ്യത്യാസങ്ങൾ ഉപേക്ഷിക്കാനും ജനങ്ങളെ പ്രാപ്തരാക്കാനും അങ്ങനെ എല്ലാ വിഭാഗങ്ങളുടെയും സ്വമേധയായുള്ള അംഗീകാരവും അനുമതിയും നേടിയെടുക്കാനും കഴിഞ്ഞെങ്കിൽ മാത്രമേ ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനാകൂ. ഇന്ന് മുസ്ലീങ്ങളും ക്രിസ്ത്യാനികളും മാത്രമല്ല ജൈനന്മാർ, പാർസികൾ, സിഖുകാർ, ആദിവാസികൾ എന്നിവരൊക്കെ ഏകീകൃത സിവിൽ കോഡിനെ ശക്തമായി എതിർക്കുകയാണ്.

ജാതി, സമുദായം, മതം, ലിംഗം തുടങ്ങിയവയുടെ അടിസ്ഥാനത്തിലോ, വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം എന്നിവയുടെ കാര്യത്തിലോ വ്യക്തികൾ തമ്മിൽ ഒരുവിധ വിവേചനവും നിലനിൽക്കുന്നില്ല എന്നുമാത്രമല്ല, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക കാര്യങ്ങളിൽ തുല്യവകാശം ഉറപ്പു കൊടുക്കാനും ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതിലൂടെ സാധിക്കണം എന്ന കാര്യം ഞങ്ങൾ ആവർത്തിച്ചു പറയുകയാണ്. ഏറ്റവും സുഗമമായും അംഗീകൃതമായും നിയമം നടപ്പിലാക്കാൻ ആവശ്യമായ എല്ലാ മുന്നുപാധികളും പൂർത്തീകരിക്കുകയും വേണം. ജനങ്ങളുടെ ഐക്യം, ജാതി-മത-വംശ-സൗഹാർദ്ദം, മതസഹിഷ്ണുത, ഭാഷാപരവും പ്രാദേശികവുമായ സങ്കുചിതത്വത്തിന് അറുതി വരുത്തൽ എന്നിവയാണ് ആവശ്യം പൂർത്തീകരിക്കേണ്ട മുന്നുപാധികൾ. ജനങ്ങളെ ബലമായി ഉദ്ഗ്രഥിച്ചുകൊണ്ട് അത് സാധ്യമാകില്ല. ചരിത്രപരമായി സ്ഥാപിതമായ പ്രക്രിയയെ മുറുകെപ്പിടിച്ചു കൊണ്ടേ ആ സംയോജനം യാഥാർത്ഥ്യമാക്കാൻ കഴിയൂ.

കടുത്ത ഹിന്ദു വർഗീയവാദികളുടെ അജണ്ട നടപ്പിലാക്കുന്നതിനായി, അതിന് ന്യായീകരണം എന്നോണം ഏകീകൃത സിവിൽ കോഡ് അടിച്ചേൽപ്പിക്കരുതെന്നാണ് അവസാനമായി ഞങ്ങൾക്ക് പറയാനുള്ളത്. വർഗീയവാദികൾ ജനങ്ങൾക്കിടയിൽ സമത്വവും സൗഹാർദവും ഏകതാനതയും സ്ഥാപിച്ചെടുക്കുക എന്ന സദുദ്ദേശത്തോടെ അല്ല മുന്നോട്ടു വരുന്നത്. അവരുടെ മുസ്ലിം വിരുദ്ധ വിദ്വേഷ പ്രചാരണത്തിന്റെ ഭാഗമായാണ്. "ഒരു രാജ്യം, ഒരു ഭാഷ, ഒരു നിയമം" എന്ന മുദ്രാവാക്യം ഉയർത്തുന്നതും 'ഹിന്ദു രാഷ്ട്രം' എന്ന കുടില പദ്ധതി നടപ്പിലാക്കുന്നതും മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ഒക്കെ ഹൈന്ദവവൽക്കരിക്കുന്നതും ഈ ലക്ഷ്യം വെച്ചുകൊണ്ടാണ്. 22-ാം ലോ കമ്മീഷനിലെ ബഹുമാനപ്പെട്ട അംഗങ്ങൾ രാജ്യത്ത് ഇന്ന് നിലവിലുള്ള സാഹചര്യത്തെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തണമെന്നും, അതിനായി പ്രസക്തമായ എല്ലാ ഘടകങ്ങളും വിലക്കുകളും കണക്കിലെടുക്കണമെന്നും, വൈകാരികതയുടെ സ്വാധീനത്തിൽപ്പെടാതെ സത്യത്തിന്റെയും കാലം തെളിയിച്ച യുക്തിയുടെയും അടിസ്ഥാനത്തിൽ മുകളിൽ അവതരിപ്പിച്ച വാദഗതികളെ പരിശോധിക്കണമെന്നും, ഒരു ബാഹ്യശക്തിയുടെയും ഒരുതരത്തിലുള്ള സ്വാധീനത്തിനും വിധേയമാകാതെ യുക്തിസഹമായ ഒരു നിഗമനത്തിലെത്തണമെന്നും താല്പര്യപ്പെടുന്നു. ■

## സഖാവ് സത്യവാന്റെ പ്രസംഗം

# വോട്ട്ബാങ്ക് രാഷ്ട്രീയം മുതലാളിത്ത താല്പര്യം സംരക്ഷിക്കാനും ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിപ്പിക്കാനുമേ ഉപകരിക്കൂ

(3–ാം പേജിൽ നിന്ന്)

ഇന്ത്യൻ ദേശീയ ബൂർഷ്വാസി, സ്വാതന്ത്ര്യസമരത്തിന്റെ മുഴുവൻ ഖ്യാതിയും കൈക്കലാക്കി. സ്വാതന്ത്ര്യദാഹികളായ ആയിരക്കണക്കിന് ഇന്ത്യക്കാരുടെ അളവറ്റ ത്യാഗത്തിനും രക്തസാക്ഷിത്വത്തിനും അതിനാൽ അഭിലഷിക്കപ്പെട്ട ഈ മോചനം സാദ്ധ്യമാക്കാൻ കഴിഞ്ഞില്ല. രാഷ്ട്രീയമായി സ്വതന്ത്രമായ ഇന്ത്യ ഇന്ന് മുതലാളിമാരുടെ കൈയിലാണ്. മതം, ഭാഷ, ജാതീയത, പ്രാദേശികവാദം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിലുള്ള എല്ലാത്തരം വിഭജനങ്ങളെയും ദൂരീകരിക്കാനാണ്, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മർദ്ദകഭരണത്തിൽനിന്ന് മാതൃരാജ്യത്തെ മോചിപ്പിക്കാൻ പോരാടിയ സ്ത്രീകളും പുരുഷന്മാരും ആഗ്രഹിച്ചത്. പക്ഷെ, അവരുടെ ആ അഭിലാഷം നിറവേറ്റപ്പെട്ടില്ല.

ഈ വ്യാധികളിൽനിന്നും വഴിപിഴയ്ക്കലുകളിൽനിന്നും രാജ്യത്തെ മോചിപ്പിക്കുന്നതിനായി, സഖാവ് ശിബ്ദാസ് ഘോഷ് പുതിയൊരുതരം സമരത്തിന്റെ കൊടിക്കൂറ ഉയർത്തുകയും ഈ സമരം നടത്തേണ്ട പാത കാട്ടിത്തരുകയും ചെയ്തു. എല്ലാത്തരം ചൂഷണത്തിന്റെയും അനീതിയുടെയും നീരാളിപ്പിടുത്തത്തിൽ നിന്നും രാജ്യത്തെ സ്വതന്ത്രമാക്കുന്നതിനായി ശരിയായ ഒരു വിപ്ലവനേതൃത്വവും ഈ സമരത്തെ നയിക്കുന്നതിനായി ശരിയായ ഒരു വിപ്ലവപ്പാർട്ടിയും അദ്ദേഹം സ്ഥാപിച്ചെടുത്തു. ദയാരഹിതമായ ഈ ചൂഷണ മുതലാളിത്ത വ്യവസ്ഥയെ തൂത്തെറിഞ്ഞ്, രാജ്യത്തിന്റെ എല്ലാ ഭാഗത്തുമുള്ള അടിച്ചമർത്തപ്പെട്ട ജനങ്ങളുടെ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും അറുതിവരുത്താൻ അവരോടു കൈചേർത്തു പോരാടുന്ന വിപ്ലവകാരികളായ ആയിരക്കണക്കിനു നേതാക്കളെ സൃഷ്ടിച്ചെടുക്കാനും വളർത്തിയെടുക്കാനുമായി അദ്ദേഹം സ്വയം സമർപ്പിച്ചു.

പുതുതായി ഉദയം ചെയ്ത മുതലാളിത്ത രാജ്യങ്ങളിലെ ഭരണവർഗ്ഗത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ള ശരിയായ വിശകലനം നൽകിയതിനോടൊപ്പം സഖാവ് ശിബ്ദാസ് ഘോഷ്, രണ്ടാം ലോകയുദ്ധത്തിനു ശേഷമുള്ള കാലഘട്ടത്തിലെ സാമ്രാജ്യത്വത്തിന്റെ വ്യതിരിക്തമായ സവിശേഷതകൾ മൂർത്തമായി അവതരിപ്പിക്കുകയും ചെയ്തു. വികസിതമോ അവികസിതമോ ആയ ഏതു മുതലാളിത്ത രാജ്യത്തും ഈ കാലഘട്ടത്തിൽ ഫാസിസം ഒരു പൊതു പ്രവണതയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഫാസിസ്റ്റ് കടന്നാക്രമണങ്ങൾക്കെതിരെ കാര്യക്ഷമമായ പോരാട്ടങ്ങൾ നടത്തുന്നതിനുള്ള ശരിയായ മാർഗ്ഗനിർദ്ദേശം നൽകുന്ന പ്രക്രിയയിലൂടെ, ഇന്ത്യയിലെ മാത്രമല്ല ലോകത്തെ മുഴുവൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും അദ്ദേഹം സൈദ്ധാന്തികമായി സമ്പന്നമാക്കി. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേരിട്ട ചിന്താക്കുഴപ്പങ്ങളും തെറ്റായ ധാരണകളും ഭീഷണികളും വൈഷമ്യങ്ങളും പരിഹരിക്കാൻ സമരങ്ങളിലൂടെ അദ്ദേഹം ആർജ്ജിച്ചെടുത്ത ആഴമാർന്ന അറിവുകൊണ്ട് കഴിയാതിരുന്നിട്ടില്ല. അതിനദ്ദേഹത്തിനു സാധിച്ചത്, കാലഘട്ടത്തിലെ ഏറ്റവുമുയർന്ന ദർശനമായ മാർക്സിസം–ലെനിനിസത്തിന്റെ അന്തഃസത്ത സ്വാംശീകരിക്കാനും മൂർത്തമായ ഒരു പ്രശ്നത്തിന്റെയോ പ്രതിഭാസത്തിന്റെയോ ഉള്ളു വെളിവാക്കാനും മൂർത്തസാഹചര്യങ്ങളിൽ പ്രയോഗിക്കാനുതകുംവിധം അതിനെ ആന്തരികവൽക്കരിക്കാനും കഴിഞ്ഞതുകൊണ്ടാണ്. മാർക്സിസത്തെ അദ്ദേഹം സമഗ്രമായ ഒരു ജീവിതദർശനമായി, ജീവിതത്തിന്റെ എല്ലാ അംശങ്ങളും ഉൾക്കൊള്ളുന്ന സമരസജ്ജമായ പ്രവർത്തനത്തിന്റെ വഴികാട്ടി എന്ന നിലയിലാണ് സ്വീകരിച്ചത്. ഈ സമരസരണിയിൽ അദ്ദേഹം മാർക്സിസം–ലെനിനിസത്തെ കൂടുതലായി വിശദീകരിക്കുകയും വികസിപ്പിക്കുകയും സമ്പന്നമാക്കുകയും അതിന്റെ ധാരണകളെ പുതിയൊരു തലത്തിലേക്കുയർത്തുകയും ചെയ്തു.

1976 ആഗസ്റ്റ് 5നാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. ഏതാനും ദിവസങ്ങൾക്കുശേഷം ഹിന്ദി സാഹിത്യത്തിലെ ഒരു പ്രമുഖ വ്യക്തിത്വമായ വിഷ്ണു പ്രഭാകർ, വിഖ്യാത സാഹിത്യകാരനായ ശരത്ചന്ദ്ര ചാറ്റർജിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള ഒരു റേഡിയോ പ്രഭാഷണത്തിൽ, ശരത്ചന്ദ്രനെക്കുറിച്ചുള്ള സഖാവ് ശിബ്ദാസ് ഘോഷിന്റെ അഭിപ്രായങ്ങൾ ഉദ്ധരിക്കുകയും ഒരു മാർക്സിസ്റ്റ് നേതാവായിരുന്നിട്ടുകൂടിയും അദ്ദേഹത്തിന് സാഹിത്യത്തെക്കുറിച്ച് ഇത്ര അനായാസവും ആഴത്തിലുള്ളതുമായ അവഗാഹം ലഭിച്ചതെങ്ങനെ എന്നത്ഭുതപ്പെടുകയും ചെയ്തിട്ടുണ്ട്. സാഹിത്യത്തെക്കുറിച്ചുള്ള സഖാവ് ശിബ്ദാസ് ഘോഷിന്റെ വ്യവഹാരത്തിൽ താൻ സ്തബ്ധനാകുകയും മുഴുകുകയും ചെയ്തതായി അദ്ദേഹം പറഞ്ഞു. തത്വശാസ്ത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും മേഖലകളിൽ മാത്രമല്ല സാഹിത്യാസ്വാദനത്തിലും ശരിയായ ധാരണ അദ്ദേഹം പ്രദാനം ചെയ്തു. സഖാവ് ശിബ്ദാസ് ഘോഷിന്റെ നിശിതമായ വിശകലനം വായിച്ചതിനുശേഷം താൻ ശരത്ചന്ദ്രന്റെ സാഹിത്യം പുനർവായനയ്ക്കു വിധേയമാക്കിയതായും വിഷ്ണു പ്രഭാകർ പറഞ്ഞു. സ്വതന്ത്ര ഇന്ത്യയിലെ അഗ്രഗണ്യരായ മൂന്നു വ്യക്തിത്വങ്ങളാരൊക്കെ എന്ന ചോദ്യത്തിനുത്തരമായി മറ്റൊരു പ്രമുഖ സാഹിത്യകാരനായ നിർമൽകുമാർ വെർമ്മ അങ്ങേയറ്റത്തെ ആദരവോടുകൂടി പറഞ്ഞത് അതിലൊരാൾ സഖാവ് ശിബ്ദാസ് ഘോഷ് ആണെന്നാണ്.

എന്നാൽ, ഈ വിപ്ലവകാരിയുടെ നാമം ഇരുട്ടിലാക്കുന്നതിനായി മുതലാളിത്ത ഭരണാധികാരികൾ സ്വീകരിക്കാത്ത വഴികളൊന്നുമില്ല. സഖാവ് ശിബ്ദാസ് ഘോഷിന്റെ പേര് ജനങ്ങളറിയുന്നത് അവർ അവദിക്കുകയില്ല. ഐതിഹാസികമായ ഈ മഹാറാലി ആ ഹീനമായ ഗൂഢാലോചനയെ വിഫലമാക്കിയിരിക്കുന്നു. സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളും അദ്ദേഹത്തിന്റെ കഠിനവും അന്യാദൃശവുമായ ജീവിതസമരത്തിന്റെ ചരിത്രവും ലോകത്തിന്റെ എല്ലാ കോണുകളിലുമെത്തിക്കാൻ പറ്റിയ ഉചിതമായ സന്ദർഭമാണിത്.

സുഹൃത്തുക്കളേ, നാം ഈ യോഗം നടത്തുമ്പോൾ രാജ്യത്തു നിലനില്ക്കുന്ന സാഹചര്യമെന്താണ്? നാം നേരിടുന്ന ഗുരുതരമായ സാഹചര്യത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. കാലം പോകുന്നതിനനുസരിച്ച് മുതലാളിത്തഭരണം കൂടുതൽ പൈശാചികമായി മാറുമെന്ന് അതിന്റെ യഥാർത്ഥമുഖം വെളിവാക്കിക്കൊണ്ട്, സ്വാതന്ത്ര്യലബ്ധിക്കുശേഷം സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടി. 1947നു ശേഷം കേന്ദ്രത്തിലോ സംസ്ഥാനങ്ങളിലോ അധികാരത്തിലെത്തിയ ഏതു ഗവണ്മെന്റുമാകട്ടെ, അവയെല്ലാം മുതലാളിത്തത്തിന്റെ സേവകരായിരുന്നു. ഇന്ത്യയെ ചൂഷണം ചെയ്യുക എന്ന കുടിലലക്ഷ്യം നേടിയെടുക്കുന്നതിനായി ബ്രിട്ടീഷ് ഭരണാധികാരികൾ പോലീസ്, പട്ടാളം, കർക്കശനിയമങ്ങൾ, നീതിന്യായവ്യവസ്ഥ എന്നിവയൊക്കെയുൾക്കൊള്ളുന്ന ഒരു ശക്തമായ ഭരണകൂടസംവിധാനം സ്ഥാപിച്ചു. 1947 ആഗസ്റ്റ് 15ന് ഇന്ത്യൻ ദേശീയബൂർഷ്വാസി ആ ചൂഷക ഭരണകൂടത്തിന്റെ നിയന്ത്രണം ഒത്തുതീർപ്പിലൂടെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽനിന്ന് കൈക്കലാക്കി. ഇപ്പോൾ രാഷ്ട്രം എന്നാൽ മുതലാളിത്ത താല്പര്യമാണ്, വികസനമെന്നാൽ മുതലാളിത്ത ഭരണാധികാരികളുടെ സമ്പത്തിന്റെയും വിഭവങ്ങളുടെയും വർദ്ധനവും. ഇതംഗീകരിക്കാൻ നമുക്കാവില്ല. നമ്മെ സംബന്ധിച്ചിടത്തോളം, എല്ലാ സമ്പത്തിന്റെയും നാഗരികതയുടെയും സ്രഷ്ടാക്കളായ അദ്ധ്വാനിക്കുന്ന ജനകോടികളാണ് രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുന്നത്. അധികാരം പിടിച്ചെടുത്ത നാളുകളിൽ ഇന്ത്യൻ ദേശീയ ബൂർഷ്വാസി ഇന്നത്തെപ്പോലെ ശക്തരായിരുന്നില്ല. ജനങ്ങളെ നിർദ്ദയമായി ചൂഷണം ചെയ്തുകൊണ്ട് ഇന്നവർ ലോകത്തെ ഏറ്റവും ധനികരായ പത്തു മുതലാളിമാരുടെ നിരയിലെത്തിയിരിക്കുന്നു. ഇന്ത്യൻ മുതലാളിത്തം ഇന്നീ ഉപഭൂഖണ്ഡത്തിലെ ഒരു വൻശക്തിയായി മാറിയിരിക്കുന്നു. മറ്റു രാജ്യങ്ങളിലെ പ്രകൃതിവിഭവങ്ങളും വിലകുറഞ്ഞ അദ്ധ്വാനശേഷിയും കൊള്ളയടിച്ചുകൊണ്ട് ഇന്ത്യൻ മുതലാളിത്തം ഇതിനോടകംതന്നെ സാമ്രാജ്യത്വസ്വഭാവം ആർജ്ജിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും ലോകസാമ്രാജ്യത്വകൂട്ടുകെട്ടിലെ ചെറുപങ്കാളിയായി മാറിയിരിക്കുന്നുവെന്നും സഖാവ് ശിബ്ദാസ് ഘോഷ് വളരെമുമ്പേ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ മാർക്സിസ്റ്റ്, ഇടതുപക്ഷം എന്നെല്ലാം സ്വയം വിശേഷിപ്പിക്കുന്ന സുഹൃത്തുക്കൾ ഈ വസ്തുതയ്ക്കുനേരെ കണ്ണടക്കുകയാണ്. അവർ ശത്രുക്കളെ എവിടെയും കാണുന്നില്ല. ശത്രു ഒരു പ്രത്യേക സ്ഥലത്ത് നിലകൊള്ളുകയാണെങ്കിൽ അവർ എതിർ ദിശയിലേക്കായിരിക്കും അമ്പയക്കുന്നത്. മറ്റു ദിശകളിലേക്ക് ആയുധം വീശും. ഇന്ത്യയിലെ അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങളുടെ ശത്രുവാരാണ്? മുതലാളിത്തഭരണവും ചൂഷണവുമാണ് ശത്രു. തൊഴിലില്ലാത്തവർക്കു തൊഴിൽ നൽകാനോ വലിയൊരു വിഭാഗം ജനങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനോ പൗരന്മാരുടെ അഭിമാനം സംരക്ഷിക്കാനോപോലും മുതലാളിത്തത്തിനിന്ന് കഴിയില്ല. നീതി ഉറപ്പാക്കാൻ കഴിയില്ല. ദുരിതമനുഭവിക്കുന്ന ജനകോടികൾക്കുതെല്ല് ആശ്വാസമോ സമാധാനമോ നൽകാൻ കഴിയില്ല. മുതലാളിത്തത്തിന് സേവ ചെയ്യുന്ന ഏതു സർക്കാർ അധികാരത്തിൽ വന്നാലും അത് ജനങ്ങളെ നാശത്തിന്റെ ഗർത്തത്തിലേക്കു നയിക്കുകയേയുള്ളൂ. ജനങ്ങളുടെ അവസാനതുള്ളി രക്തവും അവർ ഊറ്റിയെടുക്കും. ഇന്നു നമ്മുടെ രാജ്യത്ത് മുതലാളിത്തത്തിന്റെ ഭീഷണമായ ആക്രമണം നടക്കുന്നത് സംസ്കാരത്തിന്റെയും ധാർമ്മിക–നൈതികതയുടെയും മേലാണ്. മനുഷ്യൻ എന്ന പദത്തിനിണങ്ങും വിധം വളർന്നുവരാൻ കഴിയാത്തവരായി യുവാക്കളെയും വിദ്യാർത്ഥികളെയും അകമേനിന്നു നിർജ്ജീവമാക്കാൻ ഭരണമുതലാളിത്തം ഈ മേഖലയിൽ തീവ്രമായ ആക്രമണമഴിച്ചുവിടുകയാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഭീഷണമായ നിലയിലെത്തിയിരിക്കുന്നു. വിജ്ഞാനത്തെയും ശാസ്ത്രത്തെയും ചരിത്രത്തെയും വികലമാക്കാനുള്ള പടപ്പുറപ്പാടിലാണ് ഇന്ന് ബിജെപി സർക്കാർ. അതേസമയംതന്നെ ജാതി–മത–വംശ ഭ്രാന്ത് വളർത്തി, രാജ്യം മുഴുവൻ വർഗ്ഗീയവൈരംകൊണ്ടു വിഷമയമാക്കുകയാണ്. ഇന്നു മണിപ്പൂർ കത്തുകയാണ്. യഥാർത്ഥത്തിൽ കത്തുകയല്ല മറിച്ച്, ഭരണവൃന്ദത്തിന്റെ ഹീനപദ്ധതികളാൽ ചുട്ടെരിക്കപ്പെടുകയാണ്. ഇതെല്ലാം നിങ്ങൾക്കറിയാം.

> **ഇന്ത്യയിലെ അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങളുടെ ശത്രു ആരാണ്? മുതലാളിത്തഭരണവും ചൂഷണവുമാണ് ശത്രു. തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകാനോ വലിയൊരു വിഭാഗം ജനങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനോ മുതലാളിത്തത്തിന് ഇന്ന് കഴിയില്ല. നീതി ഉറപ്പാക്കാൻ കഴിയില്ല. ദുരിതമനുഭവിക്കുന്ന ജനകോടികൾക്ക് ആശ്വാസമോ സമാധാനമോ നൽകാൻ കഴിയില്ല. മുതലാളിത്തത്തിന് സേവ ചെയ്യുന്ന ഏതു സർക്കാർ അധികാരത്തിൽവന്നാലും അത് ജനങ്ങളെ നാശത്തിന്റെ ഗർത്തത്തിലേക്ക് നയിക്കുകയേയുള്ളൂ. ജനങ്ങളുടെ അവസാനതുള്ളി രക്തവും അവർ ഊറ്റിയെടുക്കും**

ഈയടുത്ത്, ഹരിയാനയിലെ നൂഹ് ജില്ലയിൽ ആർഎസ്എസ്–ബിജെപി–സംഘപരിവാർ ശക്തികൾ ഒരു വർഗ്ഗീയ ഉന്മത്തതയ്ക്ക് തിരികൊളുത്തുകയുണ്ടായി. കോൺഗ്രസ്സിന്റെ നീണ്ടകാലത്തെ ഭരണത്തിൽ ചൂഷണവും അനീതിയും വളർന്നുവന്നു. ഇന്ന് ബിജെപി രൂക്ഷമായ നിലയിലേക്കത് ഉയർത്തിയിരിക്കുന്നു. ബിജെപിയുടെ രൂപീകരണ സമയത്ത് ചെറുകിടവ്യാപാരികളുടെ ക്ഷേമത്തെക്കുറിച്ച് അവർ പറഞ്ഞിരുന്നു. ഇന്നവർ വമ്പൻ കുത്തകകളുടെ സേവകരായിരിക്കുന്നു. ഈ സർക്കാരിനെ താഴെയിറക്കാമെന്നു കരുതി ജനങ്ങൾ 2024ലെ ലോക്സഭ തിരഞ്ഞെടുപ്പിനായി കാത്തിരിക്കുകയാണ്. നിയമസഭാതിരഞ്ഞെടുപ്പു നടക്കാൻ പോകുന്ന അഞ്ചു സംസ്ഥാനങ്ങളിലും ജനങ്ങൾ ഒരു മാറ്റത്തിനായി കാംക്ഷിക്കുന്നു. വിവിധ രാഷ്ട്രീയപാർട്ടികളും കുത്തകകൾ നിയന്ത്രിക്കുന്ന മാധ്യമങ്ങൾപോലും ഈ അഭിപ്രായം പ്രചരിപ്പിക്കുന്നുണ്ട്. ഭരണത്തിലിരിക്കുന്ന ബിജെപിയും മറ്റു ബൂർഷ്വാ പാർട്ടികളും സൃഷ്ടിക്കുകയും പെരുപ്പിക്കുകയും ചെയ്യുന്ന അനീതി, പീഡനം, അടിച്ചമർത്തൽ, പരസ്പരവൈരം, സാമൂഹിക–സാംസ്കാരിക മലിനീകരണം തുടങ്ങിയവ ഇനിയും സഹിക്കാൻ ജനങ്ങൾ തയ്യാറല്ല. അങ്ങേയറ്റം പിന്തിരിപ്പനായ ഈ വർഗ്ഗീയ ബിജെപി സർക്കാർ മാറണം എന്നത് വളരെ പ്രധാനമാണ്. പക്ഷെ, സഖാവ് ശിബ്ദാസ്

(ശേഷം 5–ാം പേജിൽ)

# കരുനാഗപ്പള്ളിയിൽ കരിമണൽ ഖനനവിരുദ്ധ ജനകീയ കൺവൻഷൻ

കരിമണൽ ഖനനത്തിന് പിന്നിലെ അഴിമതി അന്വേഷിക്കുക, ഖനനം നിർത്തിവയ്ക്കുക, കുറ്റവാളികളെ തുറുങ്കിലടയ്ക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ഐഎംഎ ഹാളിൽ ചേർന്ന ജനകീയ കൺവൻഷൻ ജോസഫ് സി. മാത്യു ഉദ്ഘാടനം ചെയ്തു.



കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളിയിൽ നടന്ന ജനകീയ കൺവൻഷൻ ജോസഫ് സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു.

വികസനത്തിന്റെ മറവിൽ നടക്കുന്ന കരിമണൽ കൊള്ളയുടെ ദുരന്തഫലങ്ങൾ തലമുറകളായി അനുഭവിക്കുന്ന ജനങ്ങളോട് അങ്ങേയറ്റം വഞ്ചനാപരമായ നിലപാടാണ് അധികാരികൾ സ്വീകരിക്കുന്നതെന്നും പരിമിതമായ പ്രകൃതി വിഭവങ്ങൾ ഒരു നിയന്ത്രണവും കൂടാതെ കൊള്ളയടിക്കുന്ന ഇന്നത്തെ വികസന രീതി ചോദ്യം ചെയ്യപ്പെടേണ്ട ഒന്നാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കരിമണൽ കൊള്ളക്കാരിൽ നിന്നും മാസപ്പടിയും ആനുകൂല്യങ്ങളും കൈപ്പറ്റുന്ന നേതാക്കൾ തീരദേശ ജനതയെ ഇല്ലാതാക്കുന്നതിനുള്ള ചോരപ്പണമാണ് കൈപ്പറ്റുന്നതെന്ന് കൺവൻഷനിൽ വിഷയാവതരണം നടത്തിയ തീരദേശ സംരക്ഷണസമിതിയുടെയും സേവ് ആലപ്പാട് പ്രക്ഷോഭത്തിന്റെയും നേതാവ് കാർത്തിക് ശശി അഭിപ്രായപ്പെട്ടു.

ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ പ്രസിഡന്റ് എ. ജെയിംസ് അധ്യക്ഷനായ കൺവൻഷനിൽ തീരദേശ സംരക്ഷണ സമിതി പ്രസിഡന്റ് കെ.സി.ശ്രീകുമാർ, കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ആലപ്പുഴ വൈസ് ചെയർമാൻ ബി.ഭദ്രൻ, ഖനന വിരുദ്ധ സമിതി അയണിവേലികുളങ്ങര വൈസ് ചെയർമാൻ ജി.സന്തോഷ്കുമാർ, കെ റെയിൽ വിരുദ്ധ സമരസഹായ സമിതി കൊല്ലം ജില്ലാ ചെയർമാൻ രാമാനുജൻ തമ്പി, മത്സ്യത്തൊഴിലാളി പെൻഷനേഴ്സ് ഫോറം പ്രസിഡന്റ് ചന്ദ്രദാസ്, ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റ് ബി.ദിലീപൻ, ആർ.അർജ്ജുനൻ, ട്വിങ്കിൾ പ്രഭാകരൻ, പി.പി.പ്രശാന്ത് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ബി. വിനോദ് സ്വാഗതവും ആർ. ജയകൃഷ്ണൻ നന്ദിയും പറഞ്ഞു. ■

# ശരിയായ നേതൃത്വവും ഉയർന്ന രാഷ്ട്രീയ ധാരണയും വിട്ടുവീഴ്ചയില്ലാത്ത നിലപാടുമുള്ള ശക്തമായ ജനകീയ സമരങ്ങൾ ഉയർന്നുവരണം

## സഖാവ് സത്യവാന്റെ പ്രസംഗം

*(4–ാം പേജിൽ നിന്ന്)*

ഘോഷിന്റെ ഒരു സുപ്രധാനപാഠം മനസ്സിൽ വയ്ക്കണം. അധികാരത്തിലേറുന്ന ശക്തികൾ കാലാനുസൃതം മാറിക്കൊണ്ടിരിക്കും. ഈ മാറ്റങ്ങൾക്കോരോന്നിനുമൊപ്പം ഭരണബൂർഷ്വാസി തിടം വയ്ക്കുകയും ചൂഷണം തീവ്രമാക്കുകയും ചെയ്യും. തിരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്നതാരാണ്? തിരഞ്ഞെടുപ്പുജ്വരം സൃഷ്ടിക്കുന്നതാരാണ്? ഒരു പ്രത്യേകദിശയിൽ ചിന്തിക്കാൻ പാകത്തിൽ ജനമനസ്സുകളെ സ്വാധീനിക്കുന്നതാരാണ്? തിരഞ്ഞെടുപ്പുകളിൽ ജനങ്ങൾ വഞ്ചിതരാകുന്നതെങ്ങനെയാണ്? പാർലമെന്റിലും അസംബ്ലികളിലും ജനങ്ങളുടെ കഷ്ടപ്പാടുകളെയും പരാധീനതകളെയും പറ്റിയോ തൊഴിലാളികളുടെയും കർഷകരുടെയും വർദ്ധിച്ചുവരുന്ന ദുരിതങ്ങളെക്കുറിച്ചോ ചർച്ച നടക്കുന്നില്ല. വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചു സംവാദങ്ങളില്ല. ഉചിതമായ വൈദ്യപരിചരണത്തെക്കുറിച്ചു സംസാരമില്ല. അമ്മമാരുടെയും സഹോദരിമാരുടെയും മാനത്തിനുമേലുള്ള ആക്രമണങ്ങളെപ്പറ്റി ആകുലതകളില്ല. മഹാനായ ലെനിൻ ഒരിക്കൽ പറഞ്ഞു, മുതലാളിത്തത്തിന്റെ ഏറ്റവും സംരക്ഷിതമായ ആയുധപ്പുരയാണ് പാർലമെന്റ് എന്ന്. പാർലമെന്ററി രാഷ്ട്രീയം, വോട്ടുബാങ്ക് രാഷ്ട്രീയം ഇവയെല്ലാം മുതലാളിമാരുടെ താല്പര്യ സംരക്ഷണത്തിനാണ്. ജനങ്ങളുടെ ദുരിതങ്ങൾ ഓരോദിനവും രൂക്ഷമാക്കുന്നതിലേക്കേ ഈ വ്യവസ്ഥ നയിക്കൂ. ആയിരക്കണക്കിനു തിരഞ്ഞെടുപ്പുകൾ നടന്നാലും ജനങ്ങളുടെ പ്രശ്നങ്ങൾ അവസാനിക്കില്ല, മറിച്ച് അവയുടെ വ്യാപ്തി വർദ്ധിക്കും.

ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് അറുതി വരുത്താനുള്ള മാർഗ്ഗം ശക്തമായ ബഹുജനസമരങ്ങൾ വളർത്തിയെടുക്കുകയും തീക്ഷ്ണമാക്കുകയും ചെയ്യുക എന്നതു മാത്രമാണ്. പക്ഷെ, ആരാണ് ഈ സമരങ്ങളെ നയിക്കുക? സമരങ്ങളെ ശരിയായ പാതയിൽ നയിക്കുന്നതിന് ആവശ്യമായത് ശരിയായ നേതൃത്വമാണ്. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിനാണദ്ദേഹം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) രൂപീകരിച്ചത്. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും തൊഴിലാളികളുടെയും കർഷകരുടെയും സ്ത്രീകളുടെയും പ്രക്ഷോഭണങ്ങൾക്ക് അദ്ദേഹം വഴി കാട്ടിക്കൊടുത്തു. അവശ്യം വേണ്ടുന്ന രാഷ്ട്രീയധാരണ ആർജ്ജിക്കാത്തതിനാൽ ജനങ്ങളുടെ മേലുള്ള മുതലാളിത്ത ആക്രമണങ്ങൾ പെരുകിവരുകയാണ്. ജനങ്ങളുടെ സമരക്കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് അനീതിക്കെതിരെ ശക്തമായ ബഹുജന സമരങ്ങൾ വളർത്തിയെടുക്കേണ്ടതുണ്ട്. ഈ ആശയങ്ങളാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി ശരിയായ പാതയിൽ നയിച്ചതിനാലാണ് പശ്ചിമബംഗാളിലെ സിംഗൂരിലും നന്ദിഗ്രാമിലും നടന്ന ഐതിഹാസികമായ സമരങ്ങൾ വിജയത്തിലേക്കെത്തിയത്.

അംബാനിക്കുവേണ്ടി പ്രത്യേക സാമ്പത്തിക മേഖല തുടങ്ങാൻ ഹരിയാനയിൽ 25,000 ഏക്കർ ഭൂമി ബലമായി പിടിച്ചെടുക്കാനുള്ള തീരുമാനത്തെ, സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ സമരക്കമ്മിറ്റികൾ രൂപീകരിച്ച് ശക്തമായ പ്രതിരോധസമരം വളർത്തിയെടുത്താണ് പരാജയപ്പെടുത്തിയത്. ഇന്നു രാജ്യത്തിന്റെ നാനാഭാഗത്തും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ പിന്തുടർന്നും അദ്ദേഹത്തിന്റെ ജീവിതസമരത്തിന്റെ പാത സ്വീകരിച്ചും നിരവധി സമരങ്ങൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഈ സമരങ്ങളെ കരുത്തുറ്റതാക്കാൻ, അവയ്ക്ക് ശരിയായ മുതലാളിത്തവിരുദ്ധ ദിശ കാണിച്ചുകൊടുക്കാൻ ശരിയായ വിപ്ലവ പാർട്ടിക്കു മാത്രമേ സാധിക്കൂ. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിക്ക് അല്ലാതെ മറ്റാർക്കും ഇതു ചെയ്യാനാകില്ല.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് ഈ രാജ്യം വിട്ടു പോകേണ്ട സ്ഥിതി വരുന്ന തരത്തിൽ 1942ലെ ക്വിറ്റിന്ത്യാ സമരം രാജ്യത്തെ ഇളക്കി മറിച്ചു. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചു. എന്നാൽ, ചൂഷണത്തിൽനിന്നു മോചനം ലഭിച്ചില്ല, എന്തുകൊണ്ട്? കാരണം, ആ സമരങ്ങളിൽ ശരിയായ നേതൃത്വം സ്ഥാപിക്കപ്പെട്ടിരുന്നില്ല. ഒത്തുതീർപ്പു മനോഭാവക്കാരായ കോൺഗ്രസ്സ് നേതൃത്വം ഭഗത് സിംഗിനെ അവഗണിച്ചു. അവർ നേതാജി സുഭാഷ് ചന്ദ്രബോസിനെ നേതൃത്വത്തിൽ നിന്നു പുറത്താക്കി. ഉയർന്നുവരുന്ന ജനസമരങ്ങളിൽ വിപ്ലവകരമായ ശരിയായ നേതൃത്വം സ്ഥാപിച്ചെടുക്കുക എന്നത് അത്യാവശ്യമാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്. അതിന് ശരിയായ വിപ്ലവ പാർട്ടിയെ ശക്തിപ്പെടുത്തേണ്ടത് നിർണ്ണായകമാണ്. ഗുജറാത്ത് മുതൽ ബീഹാർ വരെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും വ്യാപകമായ സമരം പൊട്ടിപ്പുറപ്പെടുകയും ശക്തിപ്രാപിക്കുകയും ചെയ്ത 1974–75 കാലത്തെക്കുറിച്ചോർത്തുനോക്കൂ. വിപ്ലവസമരത്തിനിണങ്ങും വിധം ആ സമരങ്ങളെ മാറ്റിയെടുക്കാനുള്ള ഉചിതമായ ഒരവസരം ഉയർന്നുവന്നു. എന്നാൽ, സിപിഐ, സിപിഐ(എം) തുടങ്ങി മാർക്സിസ്റ്റുകളെന്നറിയപ്പെടുന്നവർ ആ ജനകീയ സമരങ്ങളിൽ നിന്ന് അകന്നു നില്ക്കുകയും അവരുടെ ഈ വഞ്ചന മൂലം സമരത്തിന് ഒരിടതുപക്ഷ സ്വഭാവം കൈവരുന്നതിന്റെ സാധ്യതകൾ നഷ്ടപ്പെടുകയും പകരം, വലതുപക്ഷശക്തികൾ അതിന്റെ നിയന്ത്രണം കൈക്കലാക്കുകയും ചെയ്തു. അങ്ങനെ സമരം ശിഥിലമായി. സമരങ്ങളിൽ വിപ്ലവനേതൃത്വം സ്ഥാപിച്ചെടുക്കേണ്ടത് സുപ്രധാനമാണ്. രാജ്യത്തിന്റെ സകല ഭാഗത്തും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)നെ ശക്തിപ്പെടുത്തേണ്ടതിന്റെ കാരണവുമിതാണ്. സംഘടനാപരമായും രാഷ്ട്രീയമായും സാംസ്കാരികമായും പാർട്ടിയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പാർട്ടി പ്രവർത്തകരുടെയും നേതാക്കളുടെയും പങ്ക് കുറ്റമറ്റതും സൂക്ഷ്മവുമാകണം.

ശരിയായ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനായി അതിന്റെ പ്രത്യയശാസ്ത്ര–സൈദ്ധാന്തിക അടിത്തറ ഉറച്ച പ്രതലത്തിൽ സ്ഥാപിക്കേണ്ടതാണെന്ന് സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞിട്ടുണ്ട്. പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ അംശങ്ങൾ കോർത്തിണക്കിക്കൊണ്ട് പുതിയൊരു നേതൃത്വത്തിനു ജന്മം കൊടുക്കണം. പുതിയ പാതകൾ, പുതിയ നാഗരികത, പുതിയ ചിന്തകൾ, പുതിയ സംസ്കാരം ഇവയെല്ലാം സൃഷ്ടിക്കപ്പെടണം. ഈ ദൗത്യം ഏറ്റെടുക്കാൻ തുനിഞ്ഞിറങ്ങുന്നവർ ആദ്യമായി സ്വയം പരിവർത്തനപ്പെടണമെന്നും അദ്ദേഹം പറഞ്ഞു. സ്വയം മാറാനുള്ള ഈ സമരം ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സ്പർശിക്കുന്നതാകണം.

നമ്മളെല്ലാം വരുന്നത് ഈ മുതലാളിത്ത സമൂഹത്തിൽ നിന്നാണ്. ഈ സമൂഹത്തിലെ വ്യക്തികൾ നിരവധി ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും കാലഹരണപ്പെട്ട നിരവധി ശീലങ്ങളിലും കുടുങ്ങിക്കിടക്കുകയാണ്. ഇവയിൽ നിന്നെല്ലാം സ്വതന്ത്രനായി ഒരാൾ തന്റെ ജീവിതം മാറ്റിയെടുക്കേണ്ടത് ഒരു സമരത്തിലൂടെയാണ്. അപ്പോൾ മാത്രമേ ലോകത്തെ മാറ്റിയെടുക്കാൻ കഴിയൂ. സഖാവ് ശിബ്ദാസ് ഘോഷ് മഹാനായ മാർക്സിന്റെ പാഠങ്ങൾ നിരന്തരം ഉയർത്തിപ്പിടിക്കുകയും സ്വജീവിതത്തിൽ സ്വാംശീകരിക്കുകയും പ്രവൃത്തിപഥത്തിലേക്കു കൊണ്ടുവരികയും ചെയ്തു. നമ്മുടെ ജീവിതത്തിലും ഇതനുവർത്തിക്കാൻ അദ്ദേഹം നമ്മെ പഠിപ്പിച്ചു. സഖാവ് ശിബ്ദാസ് ഘോഷിന്റെ മഹത്തായ പാഠങ്ങൾക്കു മാത്രമാണ് നമുക്ക് വഴി കാണിക്കാൻ കഴിയുന്നത്. മാർക്സിസം–ലെനിനിസത്തിന്റെ അന്തഃസത്ത സ്വാംശീകരിക്കുകയും ശരിയായ പ്രയോഗത്തിലൂടെ ആ ശാസ്ത്രീയ ദർശനം സമ്പുഷ്ടമാക്കുകയും ചെയ്യാൻ സഖാവ് ശിബ്ദാസ് ഘോഷ് സ്വീകരിച്ച പ്രക്രിയ നാം മനസ്സിലാക്കുകയും സ്വയം മാറുകയും വേണം. ഈ പ്രക്രിയയിലൂടെ സഖാവ് ശിബ്ദാസ് ഘോഷ് മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ മാവോ സെ തുംഗ് എന്നിവരെപ്പോലെയുള്ള ഒരു ആചാര്യനായി മാറി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ വിട്ടുവീഴ്ചയില്ലാത്ത സമരധാരയുടെ സൂക്ഷ്മമായ തുടർച്ചയാണ് അദ്ദേഹത്തിന്റെ സമരം. നവോത്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കടമകൾ ഏറ്റെടുക്കുകയും അതേത്തുടർന്ന് തൊഴിലാളിവർഗ്ഗ സാംസ്കാരിക പ്രസ്ഥാനം മുന്നോട്ടു നയിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ടദ്ദേഹം മുന്നോട്ടുപോയി. ഭാവി ജനങ്ങളുടെ കൈയിലാണ് എന്ന ശുഭാപ്തി വിശ്വാസം അദ്ദേഹം പുലർത്തി. അദ്ദേഹത്തിന്റെ ചിന്തകൾ ആഴത്തിൽ മനസ്സിലാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രതിജ്ഞ നാം ഈ ജന്മശതാബ്ദി ആചരണവേളയിൽ എടുക്കേണ്ടതുണ്ട്. അത് നിറവേറ്റുമെന്ന പ്രതിജ്ഞയോടെ നമുക്കിവിടെനിന്നു തിരിച്ചുപോകാം. ■

# ഒരു മുന്നണിയിലും പെടാത്ത വലിയൊരുഭാഗം വരുന്ന വോട്ടർമാരാണ് തിരഞ്ഞെടുപ്പുകളിൽ ജയപരാജയങ്ങൾ നിർണ്ണയിക്കുന്നത്

**എൽഡിഎഫ് ദുർഭരണം**

(1–ാം പേജിൽ നിന്ന്)

അതിനുപുറമെ അവർക്കു നേടാവുന്ന വോട്ടുകൾ, രാഷ്ട്രീയമായ കാരണങ്ങളാൽ ലഭിക്കുകയോ നഷ്ടപ്പെടുകയോ ചെയ്യാം. രാഷ്ട്രീയ ഘടകങ്ങൾ അടിമുടി എതിരാണെന്നതിനാൽ പുറമെനിന്ന് ബിജെപിക്ക് ഒരു വോട്ടുപോലും നേടാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടാണ് കേരളത്തിൽ ബിജെപിക്ക് വോട്ടുകുറയുന്നതും. ഈ സത്യം അതേപടി ജനങ്ങളോട് വിശദീകരിച്ചുകൊണ്ട് ബിജെപിയുടെ രാഷ്ട്രീയത്തിന് ശക്തമായ പ്രഹരം ഏൽപ്പിക്കുകയാണ് യഥാർത്ഥത്തിൽ ഇടതുപക്ഷം ചെയ്യേണ്ടത്.

കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ (2021ൽ ലഭിച്ച വോട്ടിന്റെ കണക്കിൽ സൗകര്യപൂർവ്വം മൗനം പാലിച്ചു) ലഭിച്ച ശരാശരി 40,000 വോട്ട് ഇത്തവണയും ലഭിച്ചുവെന്നതിനാൽ തങ്ങളുടെ രാഷ്ട്രീയ അടിത്തറയ്ക്ക് കോട്ടമൊന്നും സംഭവിച്ചിട്ടില്ല എന്ന് സമർത്ഥിക്കാനും സിപിഐ(എം) സെക്രട്ടറി പണിപ്പെടുന്നത് നാം കണ്ടു. ഇത് വാദത്തിനുവേണ്ടി അംഗീകരിച്ചുകൊണ്ടുതന്നെ ഒരു ചോദ്യം ഉന്നയിക്കാം; ഇടതുമുന്നണിയുടെ രാഷ്ട്രീയ അടിത്തറയ്ക്കു പുറത്തുനിന്ന് ഒരാളുടെ വോട്ടുപോലും നേടാൻ കഴിയാതെപോയതെന്തുകൊണ്ടാണ്? കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനു ലഭിച്ച വോട്ടിൽ 12,000ത്തിലധികം വോട്ടിന്റെ കുറവ് ഇത്തവണ എന്തുകൊണ്ട് ഉണ്ടായി?

എല്ലാ തെരഞ്ഞെടുപ്പുകളിലും മുന്നണികളെല്ലാംതന്നെ ഏതാണ്ട് സ്ഥിരമായി അവരവരുടെ സ്വന്തം വോട്ട് നേടാറുണ്ട്. ഒരു തരംഗത്തിലും ഇളകാത്ത അന്ധമായ രാഷ്ട്രീയ പിന്തുണ എന്ന് അതിനെ വിശേഷിപ്പിക്കാം. എന്നാൽ ഒരു മുന്നണിയിലും ഉൾപ്പെടാത്തവരും മാറി മാറി വോട്ടുചെയ്യുന്നവരുമായ ഒരു വലിയ വിഭാഗം സാധാരണ ജനങ്ങളാണ് കേരളത്തിൽ വിജയപരാജയങ്ങൾ നിർണ്ണയിക്കുന്നത്. അവരാണ് യഥാർത്ഥത്തിൽ ഭരണനയങ്ങളെ വിലയിരുത്തുന്നത്. അവരിൽ ഒരാളുടെപോലും പിന്തുണ പിണറായി ഭരണത്തിന് അനുകൂലമായി ലഭിച്ചില്ല, എന്നാണ് സിപിഐ(എം) സംസ്ഥാനസെക്രട്ടറിയുടെ തെരഞ്ഞെടുപ്പ്ഫല വിശകലനത്തിൽ നിന്നുതന്നെ വ്യക്തമാകുന്നത്. അതിനാൽത്തന്നെ പുതുപ്പള്ളി തെരഞ്ഞെടുപ്പ് ഫലം, സംസ്ഥാനത്തെ ഇടതുഭരണത്തിനെതിരായ വിധിയെഴുത്താണെന്ന് സംശയരഹിതമായി വിലയിരുത്താം.

## പണാപഹരണത്തിലും അഴിമതിയിലും മുങ്ങി സിപിഐ(എം) നിയന്ത്രിക്കുന്ന സഹകരണമേഖല

പിണറായി വിജയൻ നയിക്കുന്ന കേരളത്തിലെ എൽഡിഎഫ് ഭരണം ജനങ്ങളെ ക്ഷമയുടെ നെല്ലിപ്പലകയിലെത്തിച്ചിരിക്കുന്നു. സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങളുടെ അണികൾ വരെയും അസംതൃപ്തിയുടെയും രോഷത്തിന്റെയും പരസ്യപ്രകടനത്തിന് മുതിരുന്നു. അഴിമതിയുടെ വാർത്തകൾ ഒന്ന് അവസാനിക്കുന്നതിനുമുമ്പ് അടുത്തത് എന്ന നിലയിൽ പ്രവഹിക്കുകയാണ്. ഈ വരികൾ കുറിക്കുമ്പോൾ ഞെട്ടിപ്പിക്കുന്ന അഴിമതിയുടെ വിവരങ്ങൾ കരുവന്നൂർ സഹകരണ ബാങ്കിൽ തുടങ്ങിയത് ഇപ്പോൾ സംസ്ഥാനത്തെ അമ്പതോളം സഹകരണ ബാങ്കുകളിൽ നടന്നിട്ടുള്ള തിരിമറികളുടെ പിന്നാമ്പുറങ്ങളിലേക്ക് പടരുകയാണ്. ഏതാണ്ട് 500 കോടി രൂപയുടെ കള്ളപ്പണം വെളുപ്പിക്കൽ നടന്നതായി സൂചനകൾ പുറത്തുവരുന്നു. മുൻമന്ത്രി എ.സി.മൊയ്തീൻ എംഎൽഎയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചുകഴിഞ്ഞു. മുൻ എംപി മുതൽ സംസ്ഥാനക്കമ്മിറ്റിയംഗങ്ങൾ വരെ സംശയത്തിന്റെ നിഴലിലായിരിക്കുന്നു. ക്രൈംബ്രാഞ്ചും സഹകരണവകുപ്പും പാർട്ടികമ്മീഷനും അന്വേഷിച്ച് അവസാനിപ്പിച്ച വിഷയത്തിലെ പുതിയ അന്വേഷണം പുറത്തുകൊണ്ടുവരുന്നത് ഞെട്ടിപ്പിക്കുന്ന കാര്യങ്ങളാണ്.

എൻഫോഴ്സ്മെന്റ് ഡയറക്ടേറ്റിന്റെ അന്വേഷണവിവരങ്ങളെ സംബന്ധിച്ച് മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ശരിയാണെങ്കിൽ സാധാരണക്കാരുടെ നിക്ഷേപത്തിൽ കോടികളുടെ വെട്ടിപ്പ് മുതൽ കള്ളപ്പണം വെളുപ്പിക്കൽവരെ സംസ്ഥാനത്തിന്റെ സഹകരണമേഖലയിൽ നടമാടുകയാണ്. ഇതിനുമുമ്പ് പലപ്പോഴായി ഇതിന്റെ സൂചനകൾ മാത്രമല്ല, വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തൽവരെ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയെല്ലാം ഒരു പരിധിക്ക് അപ്പുറത്തേക്ക് പോയില്ല, ശിക്ഷാ നടപടികൾ ഉണ്ടായില്ല, തിരുത്തലും സംഭവിച്ചില്ല. സിപിഐ(എം) നേതൃത്വം അവയെല്ലാം കുഴിച്ചു മൂടുകയാണ് ഉണ്ടായിട്ടുള്ളത്.

ജീവനക്കാർ മാത്രമാണ് ഈ അഴിമതികൾക്ക് ഉത്തരവാദികളെന്നും സംസ്ഥാനത്തിന്റെ സഹകരണമേഖലയെ തകർക്കാൻ ശ്രമിക്കുകയാണെന്നുമുള്ള പതിവ് വിശദീകരണത്തിൽ തലപൂഴ്ത്തി സിപിഐ(എം)ന് രക്ഷപ്പെടാനാവില്ല. കേന്ദ്ര ബിജെപി സർക്കാരിന്റെ ഏജൻസിയാണ് ഇ.ഡി എന്നതിനാൽ തൽക്കാലത്തേക്ക് അവരുടെ കണ്ടെത്തലുകൾ മാറ്റിവച്ചാൽപ്പോലും കേരളത്തിന്റെ ജനാധിപത്യ മനസ്സാക്ഷി ഉയർത്തുന്ന വളരെ ഗൗരവതരമായ ചോദ്യങ്ങൾക്ക് സിപിഐ(എം) മറുപടി പറയുകതന്നെ വേണം. പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ ജില്ലാ, സംസ്ഥാന സംഘങ്ങൾ, ഇപ്പോൾ കേരള ബാങ്ക് വരെയുമുള്ള കേരളത്തിന്റെ സഹകരണമേഖല ഏതാണ്ട് സമ്പൂർണ്ണമായും സിപിഐ(എം)ന്റെ മൃഗീയആധിപത്യത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിലെ സാമ്പത്തിക ക്രയവിക്രയങ്ങളുടെ സൂക്ഷ്മചലനങ്ങൾ പോലും നിരീക്ഷിക്കാൻ സിപിഐ(എം)ന് സംഘടനാ സംവിധാനങ്ങളുണ്ടായിരിക്കെ, തങ്ങളുടെ അറിവോടെയല്ല ഇക്കാര്യങ്ങൾ നടക്കുന്നതെന്ന വിശദീകരണം ജനങ്ങൾക്ക് വിശ്വസിക്കാനാവില്ല. അംഗീകരിക്കാനാകില്ല. ഇനി അങ്ങനെയാണെങ്കിൽ ഭരണവും നിരീക്ഷണവും നടത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സഹകാരികളുടെ ഭരണസമിതികൾ അവയുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ചില്ല എന്നല്ലേ അർത്ഥം? അങ്ങിനെയെങ്കിൽ ഈ പരാജയം തുറന്ന് സമ്മതിച്ച്, തദ്വാര ഉണ്ടായിട്ടുള്ള മുഴുവൻ തട്ടിപ്പിന്റെയും സാമ്പത്തികനഷ്ടം ഉൾപ്പടെയുള്ളവയുടെയും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ സിപിഐ(എം) തയ്യാറാകണം.

സഹകരണമേഖലയെ പിടിമുറുക്കിയിട്ടുള്ള ഭയാനകമായ അഴിമതി നൂറുശതമാനവും സിപിഐ(എം) നേതൃത്വത്തിന്റെ അറിവോടെ നടന്നിട്ടുള്ളതാണ്. ജീവനക്കാർക്കോ പ്രാഥമിക സംഘങ്ങളുടെ ഭരണസമിതികൾക്കോ ചെയ്യാൻ കഴിയുന്നതിലും എത്രയോ സംഘടിതവും വിപുലവുമായ അഴിമതിയുടെയും കള്ളപ്പണം വെളുപ്പിക്കലിന്റെയും വിവരങ്ങളാണ് പുറത്തുവരുന്നത്. ജീവനക്കാരുടെ വ്യക്തിഗത അഴിമതിയോ ഭരണസമിതിയുടെ വീഴ്ചയോ അല്ല ഇത്ര ഭീമമായ അഴിമതിയുടെ മൂലകാരണം.

കേരളത്തിലെ സഹകരണമേഖലയിൽ ഏതാണ്ട് 80 ശതമാനം ജീവനക്കാരുടെ ജോലിയും സിപിഐ(എം), പണം വാങ്ങി നൽകിയിട്ടുള്ള നിയമനമോ അല്ലെങ്കിൽ പാർട്ടിയുടെ ദാനമോ ആണ്. നേതാക്കളുടെ കൽപ്പനകളെ ധിക്കരിച്ച് ജോലി ചെയ്യാൻ കേരളത്തിൽ ഏതെങ്കിലും ജീവനക്കാരനു കഴിയുമോ? സിപിഐ(എം) നേതൃത്വത്തിന്റെ കർശനമായ നിരീക്ഷണത്തിൻ കീഴിൽ മാത്രം ഇടപാടുകൾ മുഴുവൻ നടക്കുന്ന സഹകരണരംഗത്ത് ജീവനക്കാർക്ക് തനതായി ഒരു തീരുമാനവും കൈക്കൊള്ളാനാവില്ല. രാഷ്ട്രീയക്കാർ നിയന്ത്രിക്കുന്ന ഭരണസമിതി അറിയാതെ സഹകരണസ്ഥാപനങ്ങളിൽ ഇല പോലും അനങ്ങില്ല എന്നത് കേരളത്തിലെ ഏതൊരു സാധാരണക്കാരനും അറിയാവുന്ന പരമാർത്ഥമാണ്. വായ്പ, നിക്ഷേപം, മുതൽമുടക്ക് തുടങ്ങിയ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് ഭരണസമിതിയും അവരെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വവുമാണ്. നിയമനത്തിന്റെ പേരിലുള്ള പ്രത്യുപകാരമെന്ന നിലയിൽ ഭരണസമിതിയോട് പൂർണ്ണമായും വിധേയപ്പെട്ട ജീവനക്കാരുള്ള സഹകരണബാങ്കുകളുടെ ആഭ്യന്തരസംവിധാനം രേഖകളിൽ തിരിമറി നടത്താനും വ്യാജഅക്കൗണ്ടുകൾ സൃഷ്ടിക്കാനും അങ്ങേയറ്റം അനുകൂലമായ ഒന്നാണ്. കള്ളപ്പണം നിക്ഷേപിക്കുന്നതിനായി ആയിരക്കണക്കിന് വ്യാജ അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. മലപ്പുറം എആർ ബാങ്കിൽ ആയിരത്തിലധികം കോടി രൂപ വ്യാജഅക്കൗണ്ടുകളിലായി നിക്ഷേപിച്ചിരിക്കുന്നു എന്ന് കണ്ടെത്തിയിരുന്നല്ലോ.

ഭരണസമിതി അംഗങ്ങളായ പ്രാദേശിക നേതാക്കളുടെ സ്ഥിതിയും ദയനീയമാണ്. ചട്ടവിരുദ്ധമായും വ്യാജഈടുകൾ വാങ്ങിയും തങ്ങൾക്കും വേണ്ടപ്പെട്ടവർക്കും വേണ്ടി തിരിമറികൾ നടത്തുന്ന, ഈ അഴിമതി ശൃംഖലയുടെ താഴത്തെ കണ്ണികളായിരിക്കുന്ന ഭരണസമിതി അംഗങ്ങൾ എങ്ങിനെയാണ് വലിയ നേതാക്കളുടെ വമ്പൻ അഴിമതികളെ ചോദ്യം ചെയ്യുക. പിന്നെ ഒരു മാർഗ്ഗമേയുള്ളൂ. അഴിമതി നടത്താൻ എല്ലാവരും പരസ്പരം സഹകരിക്കുക. പിടി വീഴുമെന്നുവരുമ്പോൾ ആദ്യം ജീവനക്കാരെയും പിന്നീട് ഭരണസമിതി അംഗങ്ങളെയും ബലിയാടാക്കി, നേതാക്കൾ തങ്ങളുടെ തടി രക്ഷിക്കുന്നു. അതാണ് ഈ മേഖലയിൽ പതിറ്റാണ്ടുകളായി നടന്നുകൊണ്ടിരിക്കുന്നത്.

40 വർഷമായി സിപിഐ(എം) നയിക്കുന്ന ഭരണസമിതി ഭരിക്കുന്ന കരുവന്നൂർ ബാങ്കിലെ തട്ടിപ്പിന്റെ ഉത്തരവാദിത്തം മറ്റാരുടെയും തലയിൽ കെട്ടിവച്ച് അവർക്ക് രക്ഷപ്പെടാനാവില്ല. കോടികളുടെ അഴിമതി നടക്കുകയാണെന്ന വിവരം കഴിഞ്ഞ 20 വർഷത്തിനുള്ളിൽ മുൻജീവനക്കാരുടെ പരാതികളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും പലപ്പോഴായി പുറത്തുവന്നിരുന്നു. സിപിഐ(എം)ന്റെ പാർട്ടി ഘടകങ്ങളിലും പലപ്പോഴായി ഈ വിഷയം ഉന്നയിക്കപ്പെട്ടിരുന്നതായി മാധ്യമറിപ്പോർട്ടുണ്ട്. ഏറ്റവും ഒടുവിൽ 5 വർഷം മുമ്പാണ് കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകൾ കൃത്യമായി ചൂണ്ടിക്കാട്ടിക്കൊണ്ട് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. ഒന്നാം പിണറായി സർക്കാരിൽ മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രനോട് ഒരു വാർത്താ ചാനലിന്റെ പരിപാടിയിൽ കരുവന്നൂർ ബാങ്കിലെ ഒരു ജീവനക്കാരൻ പരസ്യമായി അഴമതി സംബന്ധിച്ച ആരോപണം ഉന്നയിച്ചിരുന്നു. പ്രസ്തുത സർക്കാരിന്റെ സഹകരണവകുപ്പിന്റെ മുമ്പിൽ രേഖകളുടെ പിൻബലത്തോടെയാണ് ഈ അഴിമതിയും പണാപഹരണവും ചൂണ്ടിക്കാട്ടപ്പെട്ടത്. എന്നാൽ അവയെ എല്ലാം ധിക്കാരപൂർവ്വം കാറ്റിൽപ്പറത്തി, നിയമവാഴ്ചയെ തരിമ്പും ഭയപ്പെടാതെ അഴിമതി തുടർന്നു എന്നതാണ് കരുവന്നൂർ ബാങ്ക് അഴിമതിയെ ഗൗരവതരമാക്കുന്നത്. വൻതോതിലുള്ള വെട്ടിപ്പും കള്ളപ്പണം വെളുപ്പിക്കലും നടക്കുന്നതായി വ്യക്തമായി അറിയുമ്പോഴും അത് തടയാൻ നടപടി സ്വീകരിക്കാതിരുന്നത് അതീവഗൗരവമുള്ള ഈ കുറ്റകൃത്യത്തിന്റെ അവിഭാജ്യഭാഗമായിരിക്കുന്നതുകൊണ്ടു മാത്രമാണ്. സംസ്ഥാനനേതൃത്വത്തിന്റെ വരെ ശ്രദ്ധയിൽപ്പെട്ടിട്ടും ഒരു ദശാബ്ദത്തിലധികമായി ഇത്രമേൽ ഗുരുതരമായ ഒരഴിമതി തടയപ്പെട്ടില്ല എന്നത് ഗൗരവതരമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു. അഴിമതി തടയാനോ ചോദ്യം ചെയ്യാനോ പറ്റാത്ത വിധം കളങ്കിതരായിരിക്കുന്ന ഉന്നതനേതാക്കളും എന്ന് ന്യായമായും ഇത് സ്ഥാപിക്കുന്നു.

## കരിമണൽ അഴിമതി: മകളെ ന്യായീകരിച്ച് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് പച്ചനുണ

തന്റെ മകൾ മാസപ്പടി കൈപ്പറ്റിയതായുള്ള ആരോപണത്തെ സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ രണ്ട് മാസങ്ങൾക്കുശേഷം മാത്രമാണ് സെപ്റ്റംബർ 11–ാം തീയതി നിയമസഭയിൽ പ്രതികരിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട യഥാർത്ഥ ചോദ്യത്തിന് ഉത്തരം നൽകാതെ, ചോദ്യം ഉയർത്തിയവരുടെ മനോനിലയാണ് എല്ലാത്തിനും കാരണമെന്നാണ് അദ്ദേഹം പ്രതികരിച്ചത്. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ വിജയനും അവരുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക് എന്ന കമ്പനിക്കും 2017–2020 വർഷ കാലയളവിൽ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് ലിമിറ്റഡ്(സിഎംആർഎൽ) എന്ന സ്വകാര്യകമ്പനി മാസംതോറുമുള്ള തുകകളിലൂടെ 1.72 കോടി രൂപാ നൽകിയെന്നും അതിനുപകരമായി വീണ വിജയന്റെ കമ്പിനി ഒരുവിധ സേവനവും നൽകിയില്ല എന്നും ആദായനികുതി വകുപ്പിന് മൊഴിനൽകിയത് സിഎംആർഎൽ കമ്പനിയുടെ ഓപ്പറേറ്റിംഗ് മാനേജർ ഉൾപ്പടെയുള്ള മൂന്ന് ഉദ്യോഗസ്ഥരാണ്. ഈ മൊഴിയുടെ അടിസ്ഥാനത്തിലാണ് ആദായനികുതി വകുപ്പ്, സംസ്ഥാനത്തെ വളരെ പ്രമുഖ രാഷ്ട്രീയ നേതാവിന്റെ മകളെന്ന പരിഗണനയിലാണ് മാസപ്പടി നൽകിയതെന്ന റിപ്പോർട്ട് തയ്യാറാക്കിയത്. ഈ

(ശേഷം 7–ാം പേജിൽ)

## എൽഡിഎഫ് ദുർഭരണം

# പൗരാവകാശ ധ്വംസനത്തിൽ മോദി സർക്കാരിനോട് മത്സരിക്കുകയാണ് പിണറായി ഭരണം

(6–ാം പേജിൽ നിന്ന്)

റിപ്പോർട്ടിനെ ചോദ്യം ചെയ്തുകൊണ്ട് സിഎംആർഎൽ കമ്പനി നൽകിയ അപേക്ഷയാണ് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുന:പരിശോധന ഇല്ലാത്ത വിധം തീർപ്പ് കൽപ്പിച്ച് തള്ളിയത്. സേവനങ്ങൾ ലഭിച്ചുവെന്ന് സിഎംആർഎൽ കമ്പനിക്ക് തെളിയിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് ആദായനികുതി വകുപ്പിന്റെ കണ്ടെത്തലിനെ സെറ്റിൽമെന്റ് ബോർഡ് ശരിവച്ചത്.

എന്നാൽ മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് 'വനിതാ സംരംഭക' സേവനങ്ങൾ നൽകിയില്ല എന്ന പരാതി സിഎംആർഎൽ കമ്പനിക്കില്ല എന്നാണ്. ഇത് പച്ചനുണയാണ്. ശശിധരൻ കർത്തയുടെ കമ്പനി ആദ്യം നൽകിയ മൊഴി സേവനങ്ങൾ നൽകിയില്ല എന്നതന്നെയാണ്. ഈ മൊഴി തിരുത്താൻവേണ്ടി സിഎംആർഎൽ കമ്പനി പിന്നീട് സമീപിച്ചപ്പോൾ, സെറ്റിൽമെന്റ് ബോർഡ്, വീണ വിജയൻ നൽകിയ സേവനങ്ങളുടെ തെളിവ് ഹാജരാക്കാൻ ആവശ്യപ്പെട്ടു. തെളിവ് ഹാജരാക്കുന്നതിൽ സിഎംആർഎൽ പരാജയപ്പെടുകയും അങ്ങനെ വീണ വിജയൻ ഒരു പണിയും ചെയ്യാതെ 1.72 കോടി രൂപ കൈപ്പറ്റി എന്ന് സെറ്റിൽമെന്റ് കോടതിയിൽ തെളിയുകയും ചെയ്തു. സിഎംആർഎൽ കമ്പനിയുടെ ഉടമ ശശിധരൻ കർത്തയുടെ പറ്റുപുസ്തകത്തിൽ വീണയുടെ പേരു വരാൻ കാരണം, അവരുടെ പിതാവ് മുഖ്യമന്ത്രി പിണറായി വിജയനായതുകൊണ്ടുമാത്രമാണ്. പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന സിഎംആർഎല്ലിന്റെ മുമ്പിൽ ഉയർന്നുവന്ന വിഘ്നങ്ങളെ രാഷ്ട്രീയ ഇടപെടലിലൂടെ മറികടക്കുന്നതിനുവേണ്ടി നൽകപ്പെട്ടതാണ് ഈ തുകയെന്ന് സെറ്റിൽമെന്റ് ബോർഡിന്റെ വിധിയിൽ വ്യക്തമാണ്. അതേ ലക്ഷ്യത്തിനുവേണ്ടിയാണ് യുഡിഎഫ് നേതാക്കൾക്കും ഉന്നത ഉദ്യോഗസ്ഥർക്കും ശശിധരൻ കർത്ത പണം നൽകിയത്. യഥാർത്ഥത്തിൽ കോഴ കൈമാറുന്നതിനായി ഉണ്ടാക്കിയ ഒരു മറ മാത്രമാണ് എക്സാലോജിക്കുമായുള്ള കരാർ. ഈ അഴിമതിയുടെ വ്യക്തമായ തെളിവായി സെറ്റിൽമെന്റ് ബോർഡിന്റെ വിധി നിലനിൽക്കവേയാണ് "വനിതാ സംരംഭക'യെ കുറ്റവിമുക്തയാക്കിക്കൊണ്ട് പിതാവായ മുഖ്യമന്ത്രി നിയമസഭയിൽ പച്ചക്കള്ളം പറഞ്ഞത്. ശശിധരൻകർത്ത ഉൾപ്പടെയുള്ള മുതലാളിമാർക്കുവേണ്ടി നാട്ടുകാരെ അടിച്ചമർത്തിക്കൊണ്ട് തോട്ടപ്പള്ളിയിൽ നിർബാധം നടത്തിക്കൊണ്ടിരിക്കുന്ന കരിമണൽ ഖനനം തന്നെ ഈ അഴിമതിയുടെ വ്യക്തമായ മറ്റൊരു തെളിവാണ്. മുഖ്യമന്ത്രിക്കും മകൾക്കും വേണ്ടി നാണംകെട്ട നിലയിൽ ന്യായീകരണം നടത്തി സിപിഐ(എം) നേതാക്കൾ ഇത്രമേൽ സ്വയം അപഹാസ്യരാകുന്ന ചിത്രം ഇതിനുമുമ്പ് കാണേണ്ടിവന്നിട്ടില്ല.

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രമേൽ അഴിമതി ആരോപിക്കപ്പെട്ട മറ്റൊരു ഇടതുസർക്കാരും ഉണ്ടായിട്ടില്ല. അവയൊന്നും ആരോപണങ്ങളായിരുന്നില്ല, മറിച്ച് വസ്തുതകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ സ്ഥിരീകരിക്കപ്പെട്ട അഴിമതിയും പണാപഹരവും ക്രമക്കേടുകളും സ്വജനപക്ഷപാതവും തന്നെയായിരുന്നു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിതന്നെ രണ്ട് തവണ ജയിലിലടയ്ക്കപ്പെട്ടു. സ്വർണ്ണക്കള്ളക്കടത്തിനും ചട്ടവിരുദ്ധമായ പണമിടപാടിനും അഴിമതിക്കും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ കോടതികളിൽ ഉരുളുകയാണ്. അതിൽ മുഖ്യമന്ത്രിയുടെ പങ്ക്, സ്ഥാപിക്കാൻ സാങ്കേതികമായി കഴിഞ്ഞില്ലെങ്കിലും ഒരു ഭരണസംവിധാനത്തിൽ തന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നീക്കങ്ങളിൽ മുഖ്യമന്ത്രി അജ്ഞനായിരിക്കുമെന്ന് കരുതാൻ യുക്തിപരമായി ഒരിക്കലുമാവില്ല. അതും സർക്കാരിന്റെ ഒട്ടനവധി പ്രധാന സംരംഭങ്ങളിൽ ഏറ്റവും വിശ്വസ്തനെന്നനിലയിൽപ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചാണെന്നതിനാൽ പ്രത്യേകിച്ചും. മുഖ്യമന്ത്രിയുടെ പങ്ക്, തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരീകരിക്കൽ അത്ര എളുപ്പമുള്ള കാര്യമല്ല എന്നതിനാൽ അദ്ദേഹം സാങ്കേതികമായി രക്ഷപ്പെട്ടതായി ആശ്വസിക്കുന്നു. ഗുരുതരമായ സംശയത്തിന്റെ ഇരുളിൽ നിൽക്കുന്ന ഒരാളായിത്തന്നെയാണ് ജനങ്ങളുടെ മനസ്സിൽ പിണറായി വിജയന്റെ സ്ഥാനം.

സ്പ്രിംഗ്ളർ കരാറിൽനിന്നും എൽഡിഎഫ് സർക്കാരിന് പിൻവാങ്ങേണ്ടി വന്നത് അതിൽ ചട്ടവിരുദ്ധമായി ഒട്ടനവധി കാര്യങ്ങൾ നടന്നു എന്നതിനാലാണ്. കോവിഡിന്റെ മറവിൽ ആരോഗ്യവകുപ്പിനെ മുൻനിർത്തി പിപിഇ കിറ്റും ഗ്ലൗസുമടക്കം വാങ്ങിയതിനുപിന്നിൽ നടന്ന അഴിമതിയും ബ്രഹ്മപുരം മാലിന്യപ്ലാന്റുമായി ബന്ധപ്പെട്ട് ഉർന്നുവന്ന ആരോപണങ്ങളും അടിസ്ഥാനമുള്ളവ തന്നെയായിരുന്നു. എഐ ക്യാമറയുടെ കാര്യത്തിലും സർക്കാരിന് തൃപ്തികരമായ ഒരു വിശദീകരണവും നൽകാനായില്ല. സർക്കാരിനുവേണ്ടപ്പെട്ട സാമ്പത്തികശക്തികൾക്ക് കരാർ ഉറപ്പിച്ചുനൽകാൻ ഒട്ടനവധി ക്രമക്കേടുകൾ നടന്നതായി വ്യക്തമായി.

ഓരോ പദ്ധതിയുടെ പിന്നിലെയും ക്രമക്കേടുകൾ അക്കമിട്ട് നിരത്തി മാധ്യമങ്ങൾ ചർച്ചചെയ്യുമ്പോൾ ആസൂത്രിതമായി മൗനം പാലിച്ച് അവയെ ബോധപൂർവ്വം വിസ്മൃതിയിലേക്ക് തള്ളുക എന്നതാണ് ഭരണനേതൃത്വത്തിന്റെ കൗശലം. ഏറ്റവും ഒടുവിൽ കരിമണൽ അഴിമതിയിലും നാം കണ്ടത് അതാണ്. മാസപ്പടി വിവാദം പൊതുമണ്ഡലത്തിൽ യുക്തിഭദ്രമായ വാദങ്ങളോടെ നിലനില്ക്കവേ, ഒരു മാധ്യമപ്രവർത്തകന്റെയെങ്കിലും ഗൗരവപൂർവ്വമായ ചോദ്യങ്ങൾക്ക് മറുപടി പറയാൻ മുഖ്യമന്ത്രി മുതിർന്നില്ല. കരിമണൽ അഴിമതിയെ സ്ഥിരീകരിക്കുന്ന വാദമുഖങ്ങൾ സാധാരണക്കാരന്റെ ചിന്താമണ്ഡലത്തിൽ നിന്ന് അപ്രത്യക്ഷമായി എന്ന് ഉറപ്പായപ്പോൾ കല്ലുവച്ച നുണ അവതരിപ്പിച്ച് അതിന് വേറൊരു വ്യാഖ്യാനം ചമയ്ക്കുന്ന കുടിലബുദ്ധിയാണ് പിണറായി വിജയൻ കാട്ടിയത്. ഞെട്ടിപ്പിക്കുന്ന അഴിമതിയും നാണംകെട്ട സ്വജനപക്ഷപാതവും സർക്കാരിനെതിരെ സൃഷ്ടിക്കുന്ന ജനവികാരത്തെ കൈകാര്യം ചെയ്യാൻ സമർത്ഥമായി ഈ കൗശലം പ്രയോഗിക്കുകയാണ് പിണറായി ഭരണം. ഈ അഴിമതികൾക്കെതിരെ നിരന്തരവും ശക്തവുമായ പ്രക്ഷോഭത്തിന്റെരാഷ്ട്രീയപ്രതിപക്ഷത്തിനില്ല എന്നതും ഈ കൗശലം പ്രയോഗിക്കാൻ സൗകര്യമൊരുക്കുന്നു. യഥാർത്ഥത്തിൽ കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ എൽഡിഎഫ് സർക്കാർ ചെയ്തുകൂട്ടിയിട്ടുള്ള ബീഭത്സമായ അഴിമതിയും സ്വജനപക്ഷപാതവും നെറിവുകേടുകളും എല്ലാ റിക്കാർഡുകളെയും കടത്തിവെട്ടുന്നതാണ്.

സ്വജനപക്ഷപാതം എല്ലാ അതിരുകളും ലംഘിച്ച് മുന്നേറുന്നതാണ് സാമൂഹ്യമണ്ഡലത്തിൽ നാം കാണുന്ന ഭയാനകമായ അഴിമതി. ആയിരക്കണക്കിനാണ് പിൻവാതിൽ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം മുതൽ താഴേത്തട്ടിലെ ജോലികൾവരെ സിപിഐ(എം) അണികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഭരണചേരിയുടെ അനുഗ്രഹമുണ്ടെങ്കിൽ ഏതു ചട്ടവും ലംഘിക്കാം. എന്തുതരം ക്രമക്കേടും നെറിവുകേടും കാട്ടാനുള്ള പൂർണ്ണ ലൈസൻസായി സിപിഐ(എം) അംഗത്വം മാറി. സിപിഒ പരീക്ഷയിലെ ക്രമക്കേടിലൂടെ ലിസ്റ്റിൽ പ്രഥമ റാങ്കുകരായി കടന്നുകൂടിയ എസ്എഫ്ഐ ക്രിമിനലുകൾ മുതൽ ഏറ്റവുമൊടുവിൽ കായംകുളത്ത് എംഎസ്എം കോളേജിൽ പിടിയിലായ നിഖിൽ തോമസ് വരെ സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷത്തിനിടെ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ പ്രതികളാണ്.

### നെഞ്ചുപിളർക്കുന്ന ജീവിത തകർച്ചയുടെ നേർചിത്രമായി സംസ്ഥാനത്തെ സാമൂഹ്യസാഹചര്യം

വിലക്കയറ്റവും വരുമാനതകർച്ചയും സൃഷ്ടിക്കുന്ന അനിശ്ചിതത്വം ജനങ്ങളെ ഭയപ്പെടുത്തുന്നു. എവിടെത്തിരിഞ്ഞാലും രണ്ടറ്റവും കൂട്ടിമുട്ടിക്കാനാകാതെ വലയുന്ന സാധാരണ മനുഷ്യന്റെ ഗദ്ഗദങ്ങളാണ് നാം കേൾക്കുന്നത്. എല്ലാ പ്രതീക്ഷയുമറ്റ്, നിരാശയുടെ മനോഘടന കുടുംബങ്ങളെ കൂട്ട ആത്മഹത്യയിലേക്ക് നയിക്കുന്നു. കഴിഞ്ഞ 2 മാസത്തിനുള്ളിൽ സംസ്ഥാനത്ത് ജീവൻ വെടിഞ്ഞത് 7 കുടുംബങ്ങളാണ്. അതിൽ ഒന്നൊഴികെ മറ്റെല്ലാ കുടുംബങ്ങളെയും മരണത്തിലേക്ക് നയിച്ചത് സാമ്പത്തിക പരാധീനതയും വായ്പാക്കുരുക്കുമാണ്. അവശ്യനിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭിച്ചിരുന്ന സപ്ലൈകോ വിപണികളും മാവേലി സ്റ്റോറുകളും ഏതാണ്ട് അസ്തമിച്ച നിലയിലായി. ആശ്രയിക്കാൻ ഒരു കൈത്താങ്ങുമില്ലാത്ത ദുരവസ്ഥ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സാധാരണക്കാരനെ വേട്ടയാടുന്നു. എല്ലാ ചാർജ്ജുകളും നികുതികളും സർക്കാർ ഒരു ദയയുമില്ലാതെ വർദ്ധിപ്പിച്ചു. വൈദ്യുതിയുടെയും കുടിവെള്ളത്തിന്റെയും യാത്രയുടെയും നിരക്കുകൾ കൂടി. സർക്കാർ സേവനങ്ങൾക്കെല്ലാം യൂസർഫീസ് ഏർപ്പെടുത്തി, കാലാകാലങ്ങളിൽ അത് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളെ എങ്ങനെ പിഴിയാം എന്നതാണ് സർക്കാരിന്റെ പ്രധാന ഗവേഷണം. പ്രതിഷേധ പ്രകടനങ്ങൾക്കുപോലും ഫീസ് ഏർപ്പെടുത്തിക്കൊണ്ട് അത് ഒരിക്കൽക്കൂടെ തെളിയിച്ചിരിക്കുകയാണ് പിണറായി സർക്കാർ. പണസമാഹരണത്തോടൊപ്പം പ്രതിഷേധങ്ങളെ തടയുകയും ലക്ഷ്യമാണ്.

വാർദ്ധക്യപെൻഷൻ നൽകാനെന്നു പറഞ്ഞ് പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തി. ആ പെൻഷൻ കുടിശ്ശികയായിട്ട് മാസങ്ങളായി. കേരളത്തിൽ സ്കൂളുകളിൽ ഉച്ചക്കഞ്ഞി മുടങ്ങുന്നു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റം കിട്ടിയവരിൽ അഞ്ഞൂറോളം അധ്യാപകർ സ്ഥാനക്കയറ്റം വേണ്ട എന്ന് എഴുതിക്കൊടുത്തിരിക്കുന്നു. ഉച്ചക്കഞ്ഞിയുടെ ചെലവ് അധ്യാപകരുടെ ചുമലിലാണ് എന്നതുതന്നെ കാരണം. വയോമിത്രം പദ്ധതി മുടങ്ങിക്കിടക്കുന്നു, പെൻഷൻ ഫണ്ട് വകമാറ്റുന്നു, പതിനായിരം രൂപപോലും ട്രഷറിയിൽനിന്ന് പിൻവലിക്കാനാകുന്നില്ല, എൻഡോസൾഫാൻ ദുരിതബാധിതർക്ക് പെൻഷൻ ഇല്ല, ഭിന്നശേഷിക്കാർക്ക് പെൻഷനില്ല, അവരെ പരിചരിക്കുന്നവർക്കുള്ള ഓണറേറിയമില്ല, നിത്യരോഗികൾ ഉള്ള കുടുംബങ്ങൾ ചികിൽസയും മരുന്നും നൽകാനാകാതെ പകച്ചുനിൽക്കുന്നു. വളരെയേറെ ആശങ്ക ഉളവാക്കുന്ന വാർത്തകളാണ് വരുന്നത്.

ഈ വാക്കുകൾക്ക് മഷി പുരളുമ്പോൾ നെല്ലിന്റെ വില ലഭിക്കാത്തതിനാൽ ആത്മഹത്യ ചെയ്യുന്ന രണ്ടാമത്തെ കർഷകന്റെ ദുരന്തവാർത്ത നാം കേൾക്കുകയാണ്. ആറ് മാസം പിന്നിട്ടിട്ടും സർക്കാരിനു നൽകിയ നെല്ലിന്റെ വില ഇതുവരെയും നെൽകർഷകർക്ക് ലഭിച്ചിട്ടില്ല. എന്തൊരു ദുരന്തത്തെയാണ് സംസ്ഥാനം നേരിടുന്നത്. പണിയെടുത്ത് ഉണ്ടാക്കുന്ന വിളകൾ വന്യജീവികൾ നശിപ്പിക്കുന്നത് മലയോര മേഖലയിലെ കർഷകരുടെ ജീവിതത്തെ തകർക്കുന്നു.

കുതിച്ചുയരുന്ന തൊഴിലില്ലായ്മ യുവജനങ്ങളുടെ ഭാവി ഇരുളടഞ്ഞതാക്കുന്നു. നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ(എൻഎസ്എസ്ഒ)യുടെ 2021ലെ കണക്കനുസരിച്ച് കേരളത്തിൽ പതിനഞ്ചുവയസ്സിനും ഇരുപത്തിയൊമ്പതുവയസ്സിനും ഇടയിലുള്ളവരിലെ തൊഴിലില്ലായ്മനിരക്ക് 43ശതമാനമാണ്. കുടുംബശ്രീയുമായി ചേർന്ന് കെ.ഡിസ്ക് നടത്തിയ സർവേയിൽ കണ്ടെത്തിയത് 53 ലക്ഷം പേർ തൊഴിൽരഹിതരാണ് എന്നാണ്. യഥാർത്ഥസ്ഥിതി അതിലും ഭീകരമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. തൊഴിൽരഹിതരായ യുവാക്കളെ വഞ്ചിച്ചുകൊണ്ട് സർക്കാർ വൻതോതിൽ തസ്തികകൾ ഇല്ലാതാക്കുകയും ഉള്ളവയിൽ നിയമനം സമയബന്ധിതമായി നടത്താതിരിക്കുകയും ചെയ്യുന്നു. ഒരു വരുമാനവുമില്ലാതെയുള്ള ജീവിതം സൃഷ്ടിക്കുന്ന നിരാശയും രോഷവും ചെറുപ്പക്കാരെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നു. പ്രണയം നിരസിച്ചതിന്റെ പേരിൽ പെൺകുട്ടികളെ കൊല്ലുന്നതും മാതാപിതാക്കളെ മദ്യ–മയക്കുമരുന്ന് ലഹരിയിൽ അടിച്ചുകൊല്ലുന്നതും നിരർത്ഥക ജീവിതത്തിന്റെ വ്യഥകൾ നിലതെറ്റിക്കുന്ന യുവാക്കളാണ്.

എന്തൊരു അപചയത്തിലേക്കാണ് നാട് നടന്നുനീങ്ങുന്നത്! സാമൂഹ്യാന്തരീക്ഷത്തിൽ അരക്ഷിതാവസ്ഥ വർദ്ധിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങൾക്കുള്ളിൽ സ്ത്രീധനവുമായി ബന്ധപ്പെട്ട് കേരളത്തിൽ 34 മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 34 കേസുകളിൽ 20 എണ്ണത്തിനാണ് ചാർജ് ഷീറ്റ് നൽകിയിട്ടുള്ളതെങ്കിലും ഒരു കേസിൽപോലും കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. വിസ്മയയുടെ മരണശേഷം രൂപീകരിക്കപ്പെട്ട കേരള പോലീസ് ഹെൽപ് ഡെസ്കിൽ ഒരു ദിവസംമാത്രം 108 പരാതികളെത്തി. സ്ത്രീ സാക്ഷരതയിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിന്റെ ദയനീയ ചിത്രമാണിത്. കൊലപാതകങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും പെരുകുന്ന അഭിശപ്തമായ ഒരു സാമൂഹ്യ സാഹചര്യമാണ് ഇന്നുള്ളത്. സ്കൂളുകൾ ഉൾപ്പെടെ കലാലയങ്ങൾ ലഹരിയുടെ വിപണന

(ശേഷം 8–ാം പേജിൽ)

# മനുഷ്യരാശിയുടെ പ്രതീക്ഷയായ ഇളംതലമുറയെ ലക്കുകെട്ടവരാക്കി മാറ്റുന്ന ലഹരി വിപത്തിനെതിരെ ഒന്നിക്കുക

മദ്യവും മയക്കുമരുന്നും നമ്മുടെ സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക അന്തരീക്ഷം ഭയാനകമായ തകർച്ചയുടെ വക്കിലാണ്. മദ്യത്തിനൊപ്പം മറ്റെല്ലാ ലഹരിവസ്തുക്കളുടെയും വ്യാപനം അപകടകരമാം വിധം വർധിക്കുന്നു. വീര്യം കുറഞ്ഞതിൽ തുടങ്ങി മാരകമായ രാസലഹരികൾവരെ അടിമകളായി മാനസികനില തെറ്റികൊലപാതകത്തിലും ആത്മഹത്യയിലും എത്തുന്ന സംഭവങ്ങൾ സംസ്ഥാനത്ത് ദിനംപ്രതി വർധിച്ചു വരികയാണ്.

ലഹരിക്ക് അടിപ്പെട്ടവർ എന്ത് നീചപ്രവർത്തിക്കും മടിക്കാത്ത കൊടുംകുറ്റവാളികളായി മാറുന്നു. സ്ത്രീകളും, കൊച്ചുകുഞ്ഞുങ്ങളും വൃദ്ധജനങ്ങളും പലവിധ അതിക്രമങ്ങൾക്ക് ഇരയാകുന്നു. പ്രേമാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ പെൺകുട്ടികളെ അരുംകൊല ചെയ്യുന്നു. നാലുവയസ്സുള്ള സ്വന്തം കുഞ്ഞിനെ വെട്ടിക്കൊല്ലുന്നതും 15 കാരനെ വണ്ടികയറ്റി കൊലപ്പെടുത്തുന്നതും ആശുപത്രിക്കകത്ത് ഡോക്ടറെ കുത്തി കൊലപ്പെടുത്തുന്നതും ഇതിന്റെ നേർസാക്ഷ്യങ്ങളാണ്. ബാല്യവും കൗമാരവും പിന്നിടാത്ത പിഞ്ചോമനകളാണിന്ന് ലഹരിവസ്തുക്കളുടെ ഇരകളും വിതരണക്കാരുമെന്നത് ഞെട്ടലോടെ മാത്രമേ കാണാനാവൂ. എത്രയെത്ര കുടുംബങ്ങളാണ് ഇതുമൂലം ശിഥിലമാകുന്നത്. മക്കളാൽ കൊലചെയ്യപ്പെടുന്ന മാതാപിതാക്കളും മാതാപിതാക്കളാൽ കൊല്ലപ്പെടുന്ന മക്കളും ഭർത്താവിനാൽ കൊലചെയ്യപ്പെടുകയോ ആത്മഹത്യയിൽഅഭയംപ്രാപിക്കുകയോ ചെയ്യുന്ന സ്ത്രീകളും കേരളത്തിലെ ലഹരി ദുരന്തത്തിന്റെ നേർചിത്രങ്ങളാണ്. ഓരോ സംഭവങ്ങളും ഉണ്ടാകുമ്പോൾ ഇതിനൊരു തനിയാവർത്തനം അരുതെന്ന സമൂഹമനസ്സാക്ഷിയുടെ ഹൃദയം നുറുങ്ങുന്ന മനോവികാരത്തെ ചവിട്ടിമെതിച്ചുകൊണ്ടാണ് ഓരോ പുലരിയും പിറക്കുന്നത്.

കുഞ്ഞുങ്ങൾക്കുനേരെയുള്ള അതിക്രമങ്ങൾ അനിയന്ത്രിതമായി പെരുകുകയാണ്. ആലുവയിൽ 45 ദിവസത്തിന്റെ ഇടവേളയിലാണ് രണ്ട് പിഞ്ചുകുഞ്ഞുങ്ങൾ ആക്രമിക്കപ്പെട്ടത്. അഞ്ച് വയസുകാരിയുടെ കൊലപാതകത്തിന്റെ ഞെട്ടൽ മാറും മുമ്പ് അമ്മയോടൊപ്പം വീട്ടിൽ ഉറങ്ങിക്കിടന്ന എട്ട് വയസുകാരിയെ തട്ടികൊണ്ടുപോയി പീഡിപ്പിക്കുന്നു. മനസ്സാക്ഷിയും മനുഷ്യത്വവും നഷ്ടപ്പെട്ടിട്ടില്ലാത്ത ഏതാനും മനുഷ്യരുടെ സമയോചിതമായ ഇടപെടലാണ് ആ കുഞ്ഞിന്റെ ജീവനെങ്കിലും രക്ഷിക്കാൻ ഇടയാക്കിയത്.

ഈ സമയത്ത് ജാഗ്രത്തായി ഉണർന്നു പ്രവർത്തിക്കേണ്ട നമ്മുടെ ഭരണാധികാരികളും പോലീസും കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടിയെടുക്കാനും കുറ്റവാളികളെ ശിക്ഷിക്കാനും തയ്യാറാകാതെ നിസ്സംഗത പുലർത്തി സ്വയം കുറ്റവാളികളായി മാറുകയാണ്. ഒപ്പം സാംസ്കാരിക അന്തരീക്ഷം ദുഷിപ്പിക്കുന്ന, മനുഷ്യന്റെ ബോധത്തെകെടുത്തുന്നകുറ്റകൃത്യങ്ങൾക്കും കൊടുംക്രൂരതകൾക്കും വഴിവയ്ക്കുന്ന മദ്യവും മയക്കുമരുന്നും കുത്തിയൊഴുക്കുന്ന നയമാണ് ഇടത് സർക്കാർ തുടക്കം മുതലേ നടപ്പാക്കിക്കൊണ്ടിരുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രചരണം മദ്യത്തിന്റെ ലഭ്യത ഘട്ടം ഘട്ടമായി കുറയ്ക്കുമെന്നായിരുന്നു. അധികാരത്തിൽ വന്നപ്പോൾ നയം മദ്യവർജ്ജനമായി. 2016ൽ അവർ ഭരണമേറ്റടുക്കുമ്പോൾ 29 ബാറും 306 ബെവ്കോ ഔട്ട്ലെറ്റുമുണ്ടായിരുന്നിടത്ത് 720ൽ അധികം ബാറുകളും 300ൽ അധികം ബിയർ പാർലറുകളുമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. 440 ബാർ ലൈസൻസാണ് സർക്കാർ പുതുക്കിനൽകിയത്. ഇതിനുപുറമെ, ആറരവർഷത്തിനിടെ 250ലേറെ പുതിയ ലൈസൻസുകൾ സർക്കാർ കൊടുത്തു. കെഎസ്ആർടിസി ബസ് സ്റ്റാന്റുകളിലും വാഹനങ്ങളിലും മദ്യം ലഭ്യമാക്കാനുള്ള നീക്കവുമുണ്ടായി. വലിയ പ്രതിഷേധങ്ങളെ തുടർന്നാണ് അത് നടപ്പാക്കാൻ കഴിയാതെ പോയത്. ഐടി പാർക്കുകളിൽ മാത്രമല്ല, വ്യവസായ പാർക്കുകളിലും വിദേശമദ്യം ലഭ്യമാക്കാനും തീരുമാനമായിട്ടുണ്ട്. പുതിയ മദ്യനയത്തിലൂടെ മദ്യക്കച്ചവടം നടത്തി പരമാവധി വരവ് ഉണ്ടാക്കി ഖജനാവ് നിറയ്ക്കാനുള്ള ഈ വെമ്പൽ മദ്യവ്യവസായികൾക്കും മാഫിയയ്ക്കും മാത്രമാണ് ഗുണംചെയ്യുന്നത്.

മദ്യം കുറഞ്ഞാൽ കേരളത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം കൂടുമെന്ന വിചിത്രമായ കണ്ടെത്തലും ഇടതു ഗവൺമെന്റ് നടത്തി. ഇപ്പോൾ രണ്ടാം ഘട്ടം ഇടത് ഗവൺമെന്റ് ഭരിക്കുന്ന ഈ സാഹചര്യത്തിൽ നാം കാണുന്നതെന്താണ്? മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കുത്തൊഴുക്കാണ്. കഞ്ചാവ് മുതൽ എംഡിഎംഎ പോലുള്ള മാരക വിഷ രാസവസ്തുക്കൾ വരെ നാടിന്റെ മുക്കിലും മൂലയിലും സുലഭമാണ്. സ്കൂളുകളും കോളേജുകളും സർവ്വകലാശാലകളും ലഹരി വിപണന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. കലാലയങ്ങളിൽ ഉണ്ടാകുന്ന ഏറ്റുമുട്ടലുകളിൽപോലും ലഹരി അടിസ്ഥാന കാരണമാകുന്നു. ജനാധിപത്യപരവും മൂല്യവത്തുമായ കലാലയ രാഷ്ട്രീയത്തിന്റെ അഭാവവും വിദ്യാഭ്യാസ സംവിധാനത്തിനുണ്ടായ മൂല്യ തകർച്ചയും വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർത്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ലഹരിയുടെ വ്യാപനം കലാലയങ്ങളെ ലഹരിമാഫിയയുടെയും അക്രമിസംഘങ്ങളുടെയും വിഹാരരംഗമാക്കി മാറ്റും.

രാഷ്ട്രീയ പാർട്ടികളുടെ പ്രാദേശിക നേതാക്കളും ജനപ്രതിനിധികളും വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളുടെനേതാക്കളുംപോലും മയക്കുമരുന്ന് ശൃംഖലയുടെ ഇടനിലക്കാരായി പ്രവർത്തിക്കുന്നു. സമൂഹത്തിൽ ജനങ്ങൾക്ക് മാതൃകയായി പ്രവർത്തിക്കേണ്ട പൊതുപ്രവർത്തകരും ജനപ്രതിനിധികളും ഇതിന്റെ കണ്ണികളും ഇടനിലക്കാരുമാകുമ്പോൾ സമൂഹത്തിന്റെ സാംസ്കാരികതകർച്ച ഏതളവിലാണെന്നൂഹിക്കാവുന്നതേയുള്ളൂ. ലഹരി എന്ന വിപത്ത് സൃഷ്ടിക്കുന്ന സാമൂഹ്യാഘാതങ്ങൾ പരിഹരിക്കാൻപിണറായിസർക്കാർ മദ്യം വിറ്റുണ്ടാക്കുന്ന തുകയുടെ എത്ര ഇരട്ടി ചിലവാക്കിയാലും മതിയാവില്ല.

എന്തിനെയും വിറ്റ് ലാഭമുണ്ടാക്കുന്ന, പണത്തിന് വേണ്ടി ഏത് നീച പ്രവർത്തിയെയും പ്രോത്സാഹിപ്പിക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ഏറ്റവും ജീർണ്ണമായ ഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അങ്ങേയറ്റം ദുഷിച്ച സാംസ്കാരമാണത് സൃഷ്ടിക്കുന്നത്. അധികാരത്തിലേറുന്ന ഏതൊരു രാഷ്ട്രീയ പ്രസ്ഥാനവും ഈ വ്യവസ്ഥിതിയുടെ അഥവാ മുതലാളിമാരുടെ താല്പര്യത്തെയാണ് സംരക്ഷിക്കുന്നത്. ഇടതെന്ന് അവകാശപ്പെടുന്ന ഈ സർക്കാരും ഈ താല്പര്യങ്ങൾ സംരക്ഷിക്കാൻപോന്ന മദ്യനയവും രാഷ്ട്രീയ സാമ്പത്തിക നയങ്ങളുമാണ് നടപ്പാക്കുന്നത്. ഒരു വശത്ത്, ചാർജ് വർദ്ധനവുകളും നികുതി ഭാരവും ചുമത്തിയും, മദ്യം വിറ്റും ജനങ്ങളെ കൊള്ളയടിച്ചുണ്ടാക്കുന്ന പൊതുഖജനാവിലെ പണംതന്നെ സർക്കാരിന്റെ ലഹരി വിരുദ്ധ ബോധവൽക്കരണമെന്ന പ്രഹസനത്തിനും ചെലവഴിക്കുന്നു. മറുവശത്ത് മദ്യവും ലഹരിവസ്തുക്കളും നാടെമ്പാടും വ്യാപിപ്പിക്കുന്നു. ഈ ഇരട്ടത്താപ്പിലൂടെ ജനവഞ്ചന മുഖമുദ്രയാക്കി ദുഷിച്ച മുതലാളിത്ത വ്യവസ്ഥിതിയെ താങ്ങിനിർത്തുകയാണ് ഏതൊരു സർക്കാരിനെയുംപോലെ എൽഡിഎഫും ചെയ്യുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മുതലാളിത്ത സാമ്പത്തിക രാഷ്ട്രീയ നയങ്ങൾ മൂലം സാധാരണ ജനങ്ങൾ അങ്ങേയറ്റം പൊറുതിമുട്ടുകയാണ്. വിദ്യാഭ്യാസവും കുടിവെള്ളവും ആരോഗ്യ പരിരക്ഷയും തുടങ്ങി എല്ലാ സേവനങ്ങളും ജനങ്ങൾക്ക് താങ്ങാനാവാത്തതായി മാറുകയാണ്. തൊഴിലല്ലായ്മകൊണ്ട് യുവാക്കൾവീർപ്പുമുട്ടുകയാണ്. ഇത്തരുണത്തിൽ നമ്മുടെ നാടിന്റെ സാംസ്കാരിക നട്ടെല്ല് തകർക്കുന്ന മദ്യവിപത്തിനും ലഹരിക്കുമെതിരെ അതിശക്തമായി ആഞ്ഞടിക്കേണ്ടതുണ്ട്. മനുഷ്യരാശിയുടെ തുടർച്ചയുടെയും പുരോഗതിയുടെയും പ്രതീക്ഷയായ ഇളം തലമുറയെ ലക്കുകെട്ടവരാക്കി മാറ്റുന്ന ലഹരി വിപത്തിനെതിരെ ഒന്നിച്ചേ മതിയാവൂ. വനിതാ പ്രസ്ഥാനങ്ങളും പുരോഗമന സംഘടനകളും ഒന്നിച്ചണിനിരന്നുകൊണ്ട് നാടെമ്പാടും സ്ത്രീസുരക്ഷ പ്രസ്ഥാനവും ജാഗ്രത സമിതികളും വളർത്തിയെടുക്കാനും സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളെ ചെറുക്കുവാനും ഭരണാധികാരികളെ നിർബന്ധിതമാക്കുന്ന വിധം ശക്തമായ ജനകീയസമർദ്ദം ഉയർന്നുവന്നേ മതിയാവൂ. ■

## എൽഡിഎഫ് ദുർഭരണം

(7–ാം പേജിൽ നിന്ന്)

കേന്ദ്രങ്ങളായിരിക്കുന്നു, ബാല്യവും കൗമാരവും പിന്നിടാത്ത കുഞ്ഞുങ്ങൾ ഇതിന്റെ ഇരകളും പലപ്പോഴും കാരിയേഴ്സുമാണ്. അഞ്ചുവർഷംകൊണ്ട് കേരളത്തിൽ കൊല്ലപ്പെട്ടത് 146 കുട്ടികളാണ്. പ്രതിമാസം മൂന്ന് കുട്ടികൾ കൊല്ലപ്പെടുന്നു. ഭയാനകമായ ഈ തകർച്ച അൽപ്പംപോലും ഭരണക്കാരെ അലോസരപ്പെടുത്തുന്നില്ല. സർക്കാർ പിന്തുണയോടെ കാട്ടുതീ പോലെ പടരുന്ന മദ്യവും മയക്കുമരുന്നും ഭാവിതലമുറയെ തുലയ്ക്കുകയാണ്.

### കടക്കെണിയിൽ മുങ്ങിത്താഴുന്ന കേരളം

റിസർവ്വ് ബാങ്ക് കഴിഞ്ഞ ജനുവരിയിൽ പുറത്തുവിട്ട റിപ്പോർട്ടുപ്രകാരം കേരളത്തിന്റെ പൊതുകടം നാലുലക്ഷം കോടി രൂപയായി ഉയരുകയാണ്. മുക്കാൽ ലക്ഷത്തിലധികം കടബാധ്യതയുമായാണ് ഓരോ കുഞ്ഞും പിറന്നുവീഴുന്നത്. കിഫ്ബിയുടെ വായ്പയും സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെ വായ്പയും കൂടെയാകുമ്പോൾ തുക പിന്നെയും ഉയരും. ഓരോ പുതിയ വായ്പയും സാമൂഹ്യസുരക്ഷാ പദ്ധതികളുടെമേൽ പുതിയ നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നു. ഫലത്തിൽ വായ്പാഭാരം വർദ്ധിക്കുന്നുവെന്നു മാത്രമല്ല, സർക്കാർ നൽകുന്ന സേവനങ്ങളും അസ്തമിക്കുന്നു. കെടുകാര്യസ്ഥതയും അഴിമതിയും വായ്പാധിഷ്ഠിത വികസനപദ്ധതികളുമാണ് കേരളത്തെ കടക്കെണിയിലാക്കുന്നത്. വികസനത്തിന്റെ മറവിൽ, വൻകിടപദ്ധതികളുടെപേരിൽ വീണ്ടും വീണ്ടും വായ്പയെടുത്ത് മുൻവായ്പകളുടെ പലിശ അടയ്ക്കുന്ന സർക്കാർ വളരെ നിരുത്തരവാദപരമായാണ് ഈ കടക്കെണിയെ കാണുന്നത്.

എന്നാൽ കടക്കെണിയിൽ പിടയുന്ന കേരളത്തിൽ സർക്കാരിന്റെ ധനധൂർത്തിന് ഒരു കുറവുമില്ല. പുതിയ ലാവണങ്ങൾ സൃഷ്ടിച്ച് നേതാക്കളെ കുടിയിരുത്തിയും മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിച്ചും കാലിത്തൊഴുത്ത് പണിതും ഹെലികോപ്റ്റർ വാങ്ങിയും വാഹനങ്ങൾ വാങ്ങിക്കൂട്ടിയും പേഴ്സണൽ സ്റ്റാഫിനെ കുത്തിനിറച്ചും വിദേശയാത്രകൾ നടത്തിയും കണക്കില്ലാതെ കോടികൾ പൊടിച്ചുതീർക്കുകയാണ്. നെല്ലിന്റെ വില കിട്ടാത്തതിനാൽ കർഷകൻ ആത്മഹത്യ ചെയ്യുന്ന സംസ്ഥാനത്ത് ഈ ധൂർത്ത് നടത്തുന്നതിൽ നേതാക്കൾക്ക് ഒരു മനസ്സാക്ഷിക്കുത്തുമില്ല.

### സിപിഐ(എം) നയിക്കുന്ന എൽഡിഎഫ് ഇടതു രാഷ്ട്രീയത്തെ കുഴിവെട്ടി മൂടുന്നു

ജനാധിപത്യ അവകാശങ്ങളും പൗരാവകാശങ്ങളും ധ്വംസിക്കുന്നതിൽ മോദി സർക്കാരിനോട് മൽസരിക്കുകയാണ് യഥാർത്ഥത്തിൽ പിണറായി ഭരണം. സിഎഎ വിരുദ്ധ പ്രക്ഷോഭത്തിന്റെ പേരിൽ കൈക്കൊണ്ട നൂറുകണക്കിന് കേസുകൾ പിൻവലിക്കുമെന്ന വാഗ്ദാനം ഈ നിമിഷം വരെയും പാലിക്കപ്പെട്ടിട്ടില്ല. സിൽവർലൈൻ വിരുദ്ധപ്രക്ഷോഭം, വിഴിഞ്ഞ സമരം ഉൾപ്പടെയുള്ള കേരളത്തിലെ സാധാരണ മനുഷ്യർ നടത്തിയ ജനാധിപത്യസമരങ്ങൾക്കുനേരെ എടുത്ത കേസ്സുകളെല്ലാം നിലനിർത്തി പാവപ്പെട്ടവരെ വേട്ടയാടുകയാണ് പിണറായി സർക്കാർ. ജനകീയ സമരങ്ങളെയും തൊഴിലാളിസമരങ്ങളെയും ഏറ്റവും ജനാധിപത്യവിരുദ്ധമായ രീതിയിലാണ് പിണറായി സർക്കാർ നേരിടുന്നത്. ജനകീയ സമരങ്ങളോടും എതിരഭിപ്രായങ്ങളോടുമുള്ള അസഹിഷ്ണുത ഭരണത്തിന്റെ മുഖമുദ്രയായിക്കഴിഞ്ഞിരിക്കുന്നു. ശക്തമായ പ്രതിഷേധം ഉയർന്നിട്ടുപോലും മാധ്യമപ്രവർത്തകർക്കെതിരെ എടുത്ത നിരവധി കേസ്സുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഇപ്പോൾ ഏറ്റവുമൊടുവിൽ, പ്രകടനങ്ങൾ നടത്താൻ ഫീസ് അടയ്ക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ച പിണറായി സർക്കാർ, ഏറ്റവും നിർദ്ദയനായ ഒരു ഭരണാധികാരി പോലും ചെയ്യാനറയ്ക്കുന്ന അടിച്ചമർത്തലാണ് നടത്തുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ സിപിഐ,സിപിഐ(എം)പ്രസ്ഥാനങ്ങളിൽ എന്തെങ്കിലും പ്രതീക്ഷ നിലനിർത്തുന്ന സത്യസന്ധരായ മനുഷ്യർ അത് വെടിഞ്ഞുകൊണ്ട് സംഘടിതപ്രക്ഷോഭത്തിന്റെ യഥാർത്ഥ ഇടതുരാഷ്ട്രീയം സ്വീകരിക്കാൻ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. ■

# കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി: യാഥാർത്ഥ്യമെന്ത്?

കടക്കെണിയിലേക്ക് നീങ്ങുന്ന കേരളത്തിന്റെ സാമ്പത്തികാവസ്ഥയെപ്പറ്റി *യൂണിറ്റി*യുടെ മുൻലക്കങ്ങളിൽ ഞങ്ങൾ എഴുതിയതിനെ സാധൂകരിക്കുന്ന തരത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടുതൽ പരുങ്ങലിലാകുന്നതാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഓണത്തിനു മുമ്പ് ക്ഷേമപെൻഷനുകൾ, കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില തുടങ്ങി സാധാരണക്കാരനു നല്കേണ്ട ഒന്നിനും പണമുണ്ടായിരുന്നില്ല. ട്രഷറിയിൽനിന്നും 10 ലക്ഷത്തിൽ കൂടുതലുള്ള ബില്ലുകൾ മാറുന്നതിന് നിയന്ത്രണം വെച്ചിരുന്നു. ഓണത്തിന് കളക്ഷനിൽ റെക്കോർഡുകൾ നേടിയിട്ടും കെഎസ്ആർടിസിയിൽ ജീവനക്കാർക്ക് കൃത്യമായി ശമ്പളമില്ല. വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടിയിട്ടും വിപണിയിൽ സർക്കാരിന്റെ യാതൊരു ഇടപെടലുമില്ല. അതിനും പണമില്ല എന്നാണ് പറയുന്നത്. അതേസമയം, സർവ്വമാന ചാർജ്ജുകളും കൂട്ടി, എല്ലാത്തിനും അധിക നികുതികൾ ചുമത്തി സർക്കാർ ജനങ്ങളെ പിഴിഞ്ഞൂറ്റുകയാണ്. സ്കൂളുകളിലെ ഉച്ചഭക്ഷണവിതരണ പദ്ധതിക്ക് പണം നൽകാത്തതിനാൽപലയിടത്തും പ്രധാനാധ്യാപകർ കൈയിൽനിന്നും പണം മുടക്കിയും വായ്പയെടുത്തുമൊക്കെയാണ് കുട്ടികൾക്ക് ഭക്ഷണം നൽകുന്നത്. പല മേഖലകളിലും സർക്കാരിനുവേണ്ടി പണിയെടുക്കുന്ന കരാർ തൊഴിലാളികൾക്കും ദിവസവേതന ജീവനക്കാർക്കും കൂലി മുടങ്ങുന്നു. ഇതിൽ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായുള്ള 13,400ഓളം പാചകത്തൊഴിലാളികളും ഉൾപ്പെടുന്നു. ഏപ്രിൽ തൊട്ട് ശമ്പളം കിട്ടാതിരുന്ന 1671 സാക്ഷരതാ പ്രേരകുമാർക്ക് കുടിശ്ശിക കിട്ടിയത് അവരിലൊരാൾ ആത്മഹത്യ ചെയ്തതിനു ശേഷമാണ്. അതിനു ശേഷവും അവരുടെ ശമ്പളം മുടങ്ങിയിരിക്കുന്നു. സർക്കാർ മാതൃകാ തൊഴിൽദാതാവാകണമെന്നാണ് സങ്കൽപ്പം. ചെയ്ത ജോലിക്ക് കൂലി കൊടുക്കാതെ തൊഴിലാളികളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നവർ എന്തു മാതൃകയാണ് നൽകുന്നത്? ഇവർ എന്തു തൊഴിലാളിവർഗ്ഗസ്നേഹത്തെക്കുറിച്ചും ഇടതുപക്ഷ രാഷ്ട്രീയത്തെക്കുറിച്ചുമാണ് മേനി നടിക്കുന്നത്?

സർക്കാർ കോൺട്രാക്ടർമാർക്കും സമയത്ത് ബില്ലുകൾ മാറികിട്ടുന്നില്ല. ഇവർക്കും, നെൽവില കിട്ടേണ്ട കർഷകർക്കുമൊക്കെ രൊക്കം പണം നൽകേണ്ടതിനു പകരം ബാങ്കുകളിലും കെഎഫ്എസ്സിയിലും നിന്നൊക്കെയുള്ള വായ്പയുടെ രൂപത്തിലാണ് പണം നൽകിയെന്നു വരുത്തുന്നത്. അതിന്റെ പലിശയിൽ പകുതിയും ഇവരൊക്കെ നൽകേണ്ടി വരുന്നു. എന്നിട്ടു പോലും അത് കൃത്യമായി നൽകാൻ സർക്കാർ തയ്യാറല്ല. അതേസമയം തന്നെയാണ് എല്ലാ കരാർ വ്യവസ്ഥകളും ലംഘിച്ച്, ഇനിയും പകുതി പോലും പണി പൂർത്തിയാകാത്ത വിഴിഞ്ഞം തുറമുഖത്തിനും അവിടേക്കുള്ള റെയിൽവേ ലൈനിനും, അദാനിക്കു കൈമാറുന്ന തിരുവനന്തപുരം റിങ് റോഡ് പദ്ധതിക്കുമൊക്കെയായി നൂറുകണക്കിനു കോടി രൂപ സർക്കാർ സ്വന്തം നിലയ്ക്ക് വായ്പയെടുത്ത് അദാനി ഗ്രൂപ്പിനു നൽകുന്നത്. 1000 ദിവസം കൊണ്ടു പൂർത്തിയായില്ലെങ്കിൽ പ്രതിദിനം 12 ലക്ഷം രൂപ കേരള സർക്കാരിനു നഷ്ടപരിഹാരം നൽകാൻ കരാറിൽ വ്യവസ്ഥയുള്ള സ്ഥാനത്താണ്, അത് വിസ്മരിച്ചു കൊണ്ട് എട്ടു വർഷത്തോളമായിട്ടും പണി തീരാതെ, തീരത്ത് ദുരിതം മാത്രം വിതയ്ക്കുന്ന ഈ പദ്ധതിക്കായി വീണ്ടും വീണ്ടും സർക്കാർ പണം നൽകുന്നത്. അതിന് സാമ്പത്തികപ്രതിസന്ധി ബാധകമല്ല. അദാനിക്കു പാദസേവ ചെയ്യുന്നതിൽ പിണറായി വിജയൻ സർക്കാർ മോദി സർക്കാരിനോടു മത്സരിക്കുമ്പോൾ, അതിന്റെ ദുരിതം അനുഭവിക്കേണ്ടി വരുന്നത് മേലേ ചൂണ്ടിക്കാട്ടിയതു പോലെ, സാധാരണക്കാരും തൊഴിലാളികളുമാണ്. ഒപ്പം, തീരദേശജനതയും. വാചാടോപം എന്തു തന്നെയായാലും മുതലാളിമാർക്കുവേണ്ടി മാത്രം ഭരിക്കുന്ന ജനവിരുദ്ധ സർക്കാരാണ് പിണറായി വിജയന്റേതെന്ന് ഓരോ ദിവസവും കൂടുതൽ വെളിവാകുകയാണ്. അതിന്റെയൊപ്പം അക്ഷന്തവ്യമായ കെടുകാര്യസ്ഥതയും ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവും കൂടിയാകുമ്പോൾ അത് കേരളത്തിന്റെ സാമ്പത്തിക അടിത്തറയെത്തന്നെ തകർക്കുകയാണ്.

## ആരാണ് പ്രതി?

കേരളത്തിന്റെ പൊതുകടവും ജിഡിപിയും തമ്മിലുള്ള അനുപാതം അനുവദനീയ പരിധികളെല്ലാം ലംഘിച്ച് 40 ശതമാനത്തിനും മുകളിലെത്തുന്ന അവസ്ഥയുണ്ട്. അതായത്, അനിയന്ത്രിതമായി കടം പെരുകുന്നു, എന്നാൽ വരുമാനം വർദ്ധിക്കുന്നുമില്ല. അതുകൊണ്ടുതന്നെ, കടം തിരിച്ചടവും പലിശയും ചേർന്ന്, കിട്ടുന്ന വരുമാനത്തിന്റെ വലിയൊരു ഭാഗം കൊണ്ടുപോകും. സംസ്ഥാനം കടക്കെണിയിലായ അവസ്ഥയിൽ സാമ്പത്തികപ്രതിസന്ധി അതിരൂക്ഷമാകുന്നതിന്റെ ലക്ഷണങ്ങളാണ് നമ്മൾ നേരത്തേ പറഞ്ഞ ജനദുരിതങ്ങളെല്ലാം. കേരളം പ്രതിസന്ധിയിലാണെന്നത് കഴിഞ്ഞ ഡിസംബറിൽ സംസ്ഥാന ധനകാര്യമന്ത്രിതന്നെ സമ്മതിച്ച കാര്യമാണ്. എന്നാൽ അദ്ദേഹം അതിന് അന്ന് പ്രതിസ്ഥാനത്തു നിർത്തിയത് കേന്ദ്രസർക്കാർ നയങ്ങളെയും കോവിഡിനെയും തുടർച്ചയായുണ്ടായ പ്രകൃതിദുരന്തങ്ങളെയുമാണ്. മാസങ്ങൾക്കുശേഷം വീണ്ടും സാമ്പത്തികപ്രതിസന്ധിയുടെ രൂക്ഷത ജനത്തെ നേരിട്ടു ബാധിച്ചു തുടങ്ങിയ ഇക്കാലത്ത്, മുഴുവൻ ഉത്തരവാദിത്തവും കേന്ദ്രത്തിന്റെമേൽ കെട്ടിവെച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രചാരണമാണ് ഇപ്പോൾ സർക്കാരും ഇടതുമുന്നണിയും നടത്തുന്നത്. സംസ്ഥാനം ആഗ്രഹിക്കുന്നതുപോലെ കൂടുതൽ വായ്പയെടുക്കാൻ കേന്ദ്രം അനുവദിക്കുന്നില്ല, അനാവശ്യമായ പരിധികളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു, എന്നതാണത്രേ പ്രതിസന്ധിയുടെ മുഖ്യകാരണം. കേന്ദ്രം സംസ്ഥാനത്തിനു നൽകേണ്ട ഫണ്ട് നൽകുന്നില്ല എന്നതാണ് മറ്റൊരു ആരോപണം. കേന്ദ്രസർക്കാരും ബിജെപിയുമാകട്ടെ, കേന്ദ്രം നൽകേണ്ട ഫണ്ട് കൃത്യമായി നൽകിയെന്ന് സമർത്ഥിക്കുന്നു. വായ്പാപരിധിയുടെ കാര്യത്തിൽ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കടമെടുപ്പിനു പുറമേ, കിഫ്ബി, സാമൂഹികസുരക്ഷാ പെൻഷൻ കമ്പനി എന്നിവയൊക്കെ വഴി സർക്കാർ നേരിട്ടല്ലാതെ സൃഷ്ടിക്കുന്ന ബാധ്യതകൾ കൂടി ചേർത്താണ് കേന്ദ്രം സംസ്ഥാനത്തിന്റെ വായ്പാപരിധി നിശ്ചയിക്കുന്നത്. ഇത് സംസ്ഥാനം അംഗീകരിക്കുന്നില്ല. രണ്ടു കൂട്ടരും പരസ്പരം രാഷ്ട്രീയ ആരോപണങ്ങളുയർത്തി വസ്തുതകൾ ജനങ്ങളിൽനിന്നും മറച്ചുപിടിച്ച് കണ്ണിൽ പൊടിയിടുന്നു എന്നതാണ് യാഥാർത്ഥ്യം.

കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകേണ്ട തുകയിൽ കുറവു വരുത്തുന്നു എന്നത് കേരളത്തിന്റെ മാത്രം ആരോപണമല്ല. നരേന്ദ്രമോദി സർക്കാരാകട്ടെ, തങ്ങളുടെ രാഷ്ട്രീയത്തിനനുസരിച്ച് സംസ്ഥാനങ്ങൾക്കിടയിൽ വേർതിരിവു കാണിക്കുന്നതും വസ്തുതയാണ്. പക്ഷേ, കേന്ദ്രത്തിൽനിന്നും നല്കാൻ ബാധ്യസ്ഥമായ തുക നൽകിയിട്ടുണ്ടെന്ന് കേന്ദ്രം കണക്കു നിരത്തുമ്പോൾ അത് കേരളത്തിന് എതിർക്കാനാകുന്നില്ല. തുക സാഹചര്യത്തിനനുസരിച്ച് വർധിപ്പിച്ചിട്ടില്ല, സമയത്ത് നൽകുന്നില്ല എന്നു മാത്രം. പക്ഷേ, കേന്ദ്രം തുക അനുവദിക്കാൻ അവർ ആവശ്യപ്പെടുന്ന രേഖകൾ കൃത്യമായി സമയത്തു നൽകുന്നതിൽ കേരളം വീഴ്ച വരുത്തിയിട്ടുമുണ്ട്. ഇത്തരം ആരോപണ-പ്രത്യാരോപണങ്ങൾക്കിടയിൽ നമ്മൾ മനസ്സിലാക്കേണ്ട ചില വസ്തുതകളുണ്ട്. ഒന്ന്, സാധാരണജനങ്ങളെ മറന്ന് കോർപ്പറേറ്റുകൾക്കു മാത്രം വാരിക്കോരി നൽകുന്ന തികഞ്ഞ മുതലാളിവർഗ്ഗ സർക്കാരാണ് നരേന്ദ്രമോദിയുടേത്. അനിവാര്യമായ മുതലാളിത്തപ്രതിസന്ധിയുടെ ദുരിതം മുഴുവൻ ജനങ്ങൾ അനുഭവിക്കുമ്പോൾ കോർപ്പറേറ്റുകളെ രക്ഷിക്കാൻ മാത്രമാണ് അവർ ശ്രമിക്കുന്നത്. വായ്പകൾ എഴുതിത്തള്ളിയും പൊതുമുതൽ സ്വകാര്യകുത്തകകൾക്ക് നിർല്ലോഭം കൈമാറിയും കോർപ്പറേറ്റ് നികുതികൾ വെട്ടിക്കുറച്ചും കേന്ദ്രസർക്കാർ തങ്ങളുടെ മുതലാളിത്ത യജമാനന്മാരോടുള്ള കൂറുകാട്ടി മുന്നോട്ടു പോകുന്നു. അതിനായി ജനങ്ങളെ പിഴിഞ്ഞ് നികുതിയൂറ്റുന്നതിന്റെ കൂടിയ പങ്ക് അവർക്ക് നീക്കി വെക്കേണ്ടി വരുന്നു. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങൾക്കുള്ള ഫണ്ട് അടക്കമുള്ളവ വർധിപ്പിക്കാൻ അവർ തയ്യാറാകുന്നില്ല.

രണ്ട്, സംസ്ഥാനം പരാതിപ്പെടുന്നതുപോലെ കൂടുതൽ കടം വാങ്ങാൻ കേന്ദ്രം അനുവദിക്കുന്നില്ലായെന്നത്. സംസ്ഥാനങ്ങളുടെ സാമ്പത്തികാവസ്ഥ തകരാറിലാകാതിരിക്കാൻ കടമെടുപ്പ് പരിധികൾ ഓരോ സംസ്ഥാനത്തിനും നിശ്ചയിച്ചിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഇത് ആവശ്യവുമാണ്. എന്നാൽ ഇതിനെ മറികടന്ന് കടം എടുക്കുന്നതിനായാണ് കിഫ്ബി എന്ന ജനാധിപത്യവിരുദ്ധമായ സ്ഥാപനം ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലംതൊട്ടേ പൊടിതട്ടിയെടുത്ത് പ്രവർത്തിപ്പിക്കുന്നത്. നമുക്കറിയാം, ഇന്ന് എല്ലാ വകുപ്പുകളുടെയും പദ്ധതികൾ പ്രഖ്യാപിക്കുന്നതും നടത്തുന്നതും, ബജറ്റിനും ധനകാര്യവകുപ്പിനും ഓഡിറ്റുകൾക്കും പുറത്ത് കിഫ്ബി വഴിയാണ്. കിഫ്ബി പ്രവർത്തിക്കുന്നത് റോഡിനും പെട്രോളിയം ഉത്പന്നങ്ങൾക്കുമൊക്കെ കേരളം ചുമത്തുന്ന നികുതിയുടെ പങ്കു കൊണ്ടും, കടം വാങ്ങിക്കൂട്ടിയുമാണ്. കേന്ദ്രസർക്കാർ പറയുന്നത്, സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബിയും മറ്റ് സമാനസ്ഥാപനങ്ങളും എടുക്കുന്ന വായ്പകളും സംസ്ഥാനത്തിന്റെ പൊതുകടമായിത്തന്നെ കണക്കാക്കണമെന്നാണ്. അങ്ങനെ പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന് താങ്ങാവുന്ന വായ്പാപരിധിയൊക്കെ എപ്പോഴേ കഴിഞ്ഞു. എന്നാൽ സംസ്ഥാനസർക്കാർ ഇത് അംഗീകരിക്കുന്നില്ല. കിഫ്ബി അടക്കമുള്ളവയുടെ കടങ്ങൾ പൊതുകടമായി കാണാൻ പറ്റില്ല എന്നാണ് പിണറായി സർക്കാരിന്റെ വാദം. കിഫ്ബി ഉണ്ടാക്കിവെയ്ക്കുന്ന ബാധ്യതകളൊക്കെയും വർധിച്ച നികുതികളും ചാർജ്ജുകളുമായി ജനങ്ങളുടെ മേലെയാണ് വന്നുവീഴുന്നത്. നിയമസഭയെ നോക്കുകുത്തിയാക്കി ബജറ്റിനു പുറത്തടക്കം നികുതി വർധനവുകൾ നിരന്തരമുണ്ടാകുന്നതിന്റെ കാരണം മറ്റൊന്നല്ല. കടംവാങ്ങി മുടിയുകയാണ് കേരളം. അപ്പോൾ കൂടുതൽ കടമെടുക്കുകയല്ലാതെ മറ്റുവഴികൾ തേടേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രം മുന്നോട്ടുവെയ്ക്കുന്ന നിയന്ത്രണങ്ങൾ സാമാന്യയുക്തിക്ക് നിരക്കുന്നതാണ്, ആവശ്യവുമാണ്. സംസ്ഥാനസർക്കാരിന്റെ തലതിരിഞ്ഞ സാമ്പത്തിക മാനേജ്മെന്റാണ് തിരുത്തേണ്ടത്.

മൂന്നാമതായി, ഉത്പാദനപരമായ മേഖലകളിലല്ല ഈ വായ്പകളൊന്നുംതന്നെ വന്നുചേരുന്നത്. ഇക്കൂട്ടർ പുകഴ്ത്തിപ്പാടുന്ന കിഫ്ബി പദ്ധതികൾ നോക്കൂ. സിസിടിവി കാമറ വെക്കൽ തൊട്ട്, റോഡ് പണി, കെട്ടിടം പണി, പാർക്ക് - ഓഡിറ്റോറിയം പണി, സൗന്ദര്യവത്കരണം എന്നിങ്ങനെയാണ് കിഫ്ബി പദ്ധതികളിൽ ഭൂരിഭാഗവും. ഉത്പാദനമേഖലയിൽ എത്ര കിഫ്ബി പദ്ധതികളുണ്ട്. താത്ക്കാലിക നിർമ്മാണത്തൊഴിലുകളല്ലാതെ ഈ പദ്ധതികൾ എത്ര തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്? ഇത്തരം നിർമ്മാണപ്രവർത്തനങ്ങളാണ് വികസനം എന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നത്. ഇത്തരം പദ്ധതികളുടെ മറവിലുള്ള അഴിമതികൾ ഒരുവശത്ത്. മറുവശത്ത്, ദീർഘകാലാടിസ്ഥാനത്തിൽ യാതൊരു ഗുണവുമില്ലാത്ത അനാവശ്യനിർമ്മിതികളടക്കം, വികസനമെന്ന കള്ളപ്പേരിട്ട് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ച് കബളിപ്പിക്കുന്നു. കടമെടുത്ത പണം ധൂർത്തടിക്കുകയാണിങ്ങനെ. സ്കൂളിനു കെട്ടിടം പണിയുന്നതുകൊണ്ടായില്ല, അവിടെ ആവശ്യത്തിന് സ്ഥിരം അധ്യാപകരെ നിയമിച്ച് അധ്യയന നിലവാരം ഉയർത്തുന്നതാണ് വികസനം. ആശുപത്രിക്ക് കമാനം പണിയുന്നതല്ല. മതിയായ സ്ഥിരം ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ച്, വേണ്ട മരുന്നും ചികിത്സാസൗകര്യങ്ങളും ഉറപ്പാക്കുന്നതാണ് വികസനം. ഇവിടെ പക്ഷേ ഉച്ചക്കഞ്ഞിക്കു പണമില്ലെന്നു കൈമലർത്തുന്ന സർക്കാർ, സ്കൂൾ കെട്ടിടങ്ങൾ പണിഞ്ഞു കൂട്ടുന്നു. ഇത്തരം നിർമ്മാണപ്രവർത്തനങ്ങളിൽ മാത്രം നിലനില്ക്കുന്ന വികസനം, മരണാസന്നമായ മുതലാളിത്തത്തിന്റെ രക്ഷാമാർഗ്ഗമാണ്. മുതലാളിവർഗ്ഗതാത്പര്യമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. കടം വാങ്ങി അടിച്ചേൽപ്പിക്കുന്ന ഇത്തരം നിർമ്മാണപദ്ധതികൾ ഇന്ത്യയൊട്ടാകെ ബാധ്യതയായി മാറുകയാണ്. കിഫ്ബിയുടെ ഇത്തരം പദ്ധതികളൊന്നുംതന്നെ വായ്പ തിരിച്ചടവിനു സഹായിക്കില്ല എന്നതു കൊണ്ടുതന്നെ, നാളെ അതൊക്കെ സ്വകാര്യമേഖലയ്ക്ക് വില്ക്കാനോ കൈമാറാനോ ആണ് സാധ്യത. ഇത്തരം കടം വീട്ടാനും പലിശയടയ്ക്കാനും പൊതുഖജനാവിലെ ഫണ്ട് തന്നെയാകും ഉപയോഗപ്പെടുത്തുക.

(ശേഷം 10-ാം പേജിൽ)

# കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി

*(9–ാം പേജിൽ നിന്ന്)*

നാലാമതായി, സർക്കാർ ഖജനാവിൽ എത്തിച്ചേരേണ്ട കോടികളുടെ നികുതി കുടിശ്ശിക തിരിച്ചുപിടിക്കാൻ യാതൊന്നും ചെയ്യാത്ത സർക്കാരാണ്, സാധാരണക്കാരന്റെമേൽ കൂടുതൽ നികുതിയും ചാർജ്ജും അടിച്ചേൽപ്പിക്കുന്നത്. ജനങ്ങളുടെ സേവകരാകേണ്ട പൊലീസ് നല്കേണ്ട സേവനങ്ങൾക്കും ജനാധിപത്യ അവകാശമായ പ്രകടനത്തിനുംവരെ ഉയർന്ന ഫീസ് നല്കാൻ ജനങ്ങളോട് കൽപ്പിക്കുന്നു. അതേസമയം വൻകിടക്കാരന്റെ ശതകോടികളുടെ പാട്ടക്കുടിശ്ശികയോ നികുതി കുടിശ്ശികയോ തൊടുന്നില്ല. വൻകിടക്കാരിൽനിന്നും കിട്ടേണ്ട നികുതിയും ഫീസുകളും പിരിച്ചെടുക്കാൻ മുട്ടിടിക്കുന്ന സർക്കാരാണ് സാധാരണക്കാരന്റെ നികുതി കൂട്ടാൻ ആവേശം കാണിക്കുന്നത്. കേരളത്തിൽ സഹസ്ര കോടികളുടെ സ്വർണ്ണക്കച്ചവടം നടന്നിട്ടും അതിനെത്ര നികുതി സർക്കാരിന് കിട്ടുന്നുണ്ട്? ബജറ്റിൽ പ്രഖ്യാപിക്കുന്ന നികുതി വരുമാനത്തിന്റെ കണക്കനുസരിച്ച് നികുതി പിരിക്കുന്നില്ല. നികുതി പിരിക്കുന്നതിൽ കുറ്റകരമായ അലംഭാവം സർക്കാർ പുലർത്തുന്നു എന്ന് പ്രതിപക്ഷവും സാമ്പത്തികവിദഗ്ധരും, പുറത്തുവരുന്ന തെളിവുകളും ചൂണ്ടിക്കാട്ടുന്നു. നാമെല്ലാവരും ജിഎസ്ടി അടയ്ക്കുന്നുവെങ്കിലും അത് സർക്കാർ ഖജനാവിലെത്തുന്നില്ല. നികുതിപിരിവിലെ ഈ കെടുകാര്യസ്ഥത പകൽ പോലെ വ്യക്തമായിട്ടും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. മുതലാളിത്തവർഗ്ഗ താത്പര്യം പേറുന്നതാണീ സർക്കാർ എന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്.

അഞ്ചാമതായി, സാധാരണക്കാരനു നൽകേണ്ട അവശ്യസേവനങ്ങൾക്ക് ഇത്രയും ദാരിദ്ര്യം കാണിക്കുന്ന സർക്കാരിന്റെ മുകൾത്തട്ടിലിരിക്കുന്നവർമുൻപില്ലാത്തവിധം, ക്ഷമിക്കാനാകാത്ത ധൂർത്താണ് നടത്തുന്നത്. കോടികൾ മുടക്കി ഹെലിക്കോപ്റ്റർ വാടകയ്ക്കെടുക്കുന്നതിൽ തുടങ്ങി, ജനങ്ങൾക്ക് യാതൊരു ഗുണവും ചെയ്യാത്ത കാക്കത്തൊള്ളായിരം ബോർഡുകളും കോർപ്പറേഷനുകളും മിഷനുകളും കമ്മീഷനുകളും നടത്തുന്നതുവരെ ഈ ധൂർത്തിന്റെ ഭാഗമാണ്. മണ്ണിൽ പണിയെടുക്കുന്ന കർഷകന് സമയത്ത് വിളസംഭരണമോ വിലയോ ഉറപ്പാക്കാനാകാത്ത കൃഷിവകുപ്പിനു കീഴിൽമാത്രം എത്ര സ്ഥാപനങ്ങളെയാണ് വെള്ളാനകളായി തീറ്റിപ്പോറ്റുന്നത്? ഇന്ത്യയിലൊരിടത്തുമില്ലാത്ത അത്രയും പേഴ്സണൽ സ്റ്റാഫും ആനുകൂല്യങ്ങളുമാണ് കേരളത്തിലെ മന്ത്രിമാർക്ക്. മുഖ്യമന്ത്രിയുടെയും കുടുംബത്തിന്റെയും സുഖസൗകര്യങ്ങളുടെയും സുരക്ഷയുടെയും പേരിൽ പൊടിക്കുന്നതും കോടികൾ. കുടുംബസമേതമാണ് വിദേശയാത്രകൾ പോലും. മന്ത്രിമാർ മാത്രമല്ല ഇങ്ങനെ സർക്കാർ പണവും അധികാരവും ദുരുപയോഗം ചെയ്യുന്നത്. ഉന്നത ഉദ്യോഗസ്ഥ തലത്തിലും ചോദ്യം ചെയ്യാനാളില്ലാത്തതുപോലെ പൊതുപണവും അധികാരവും ദുരുപയോഗം ചെയ്യുന്നു. സെക്രട്ടേറിയറ്റിൽ ചില ഉദ്യോഗസ്ഥർക്ക് മ്യൂസിക് സിസ്റ്റം അനുവദിച്ചതും, നിയമസഭാ സ്പീക്കർ 1300 പേർക്കുള്ള ഓണസദ്യ നടത്തുന്നതുമെല്ലാം സർക്കാർ ചെലവിലാണ്. താത്ക്കാലിക ജീവനക്കാരെയും കെഎസ്ആർടിസി ജീവനക്കാരെയും പെൻഷൻകാരെയുമൊക്കെ ഓണത്തിന് പട്ടിണിക്കിടുന്ന, പണമില്ലെന്നു പറയുന്ന സർക്കാർ ഉന്നതതലങ്ങളിൽ നടത്തുന്ന ധൂർത്തിന്റെ ചെറിയ ഉദാഹരണങ്ങൾ മാത്രമാണിവ.

## സാമ്പത്തികപ്രതിസന്ധി എന്തുകൊണ്ട്?

മുതലാളിത്ത മാനദണ്ഡങ്ങളനുസരിച്ചു തന്നെ ഏറെ സാധ്യതകൾ കൽപ്പിച്ചിരുന്ന സംസ്ഥാനമാണ് കേരളം. ഉയർന്ന വിദ്യാഭ്യാസവും ആരോഗ്യവുമുള്ള ജനത, വിനോദസഞ്ചാരത്തിനുള്ള സാധ്യതകൾ, വിദേശത്തു ജോലിക്കുപോയ വലിയൊരു സംഖ്യ മലയാളികൾ അവിടെനിന്നും നാട്ടിലേക്ക് അയച്ചുകൊണ്ടിരുന്ന വമ്പിച്ച വിദേശനാണ്യം, ഭൂവിസ്തൃതി കുറവാണെങ്കിലും അതിൽ സാധ്യമായ കൃഷിയുടെയും വ്യവസായത്തിന്റെയും സാധ്യതകൾ- അങ്ങനെ എണ്ണിപ്പറയാൻ അനവധി തുറകൾ കേരളത്തിന്റേതായി ഇപ്പോഴുമുണ്ട്. എന്നാൽ ഇന്നത്തെ കേരളത്തിന്റെ സമ്പദ്ഘടനയുടെ അവസ്ഥയെ സംബന്ധിച്ച യാഥാർത്ഥ്യം എന്താണ്?

2023-24 സാമ്പത്തികവർഷത്തേക്ക് അവതരിപ്പിച്ച ബജറ്റ് പ്രകാരം, 11.3 ലക്ഷം കോടി രൂപയുടെ സംസ്ഥാന ജിഡിപിയാണ് കേരളത്തിന്റേതായി കണക്കാക്കുന്നത്. മുൻവർഷത്തേക്കാൾ 11.2% വളർച്ച. കടം തിരിച്ചടവ് കണക്കാക്കാതെ, 1,76,089 കോടി രൂപയുടെ ചെലവ് കണക്കാക്കുന്ന ബജറ്റിൽ, 1,36,427കോടിയാണ് കടമൊഴികെയുള്ള വരുമാനമായി കണക്കാക്കുന്നത്. 23,942 കോടി രൂപയുടെ (ജിഎസ്ഡിപിയുടെ 2.1%) റവന്യൂ കമ്മിയും, 39,662 കോടി രൂപയുടെ (ജിഎസ്ഡിപിയുടെ 3.5%) ധനക്കമ്മിയുമാണ് ബജറ്റിൽ കണക്കാക്കുന്നത്. ആസ്തിവർധനയ്ക്കായി 14,606 കോടിയുടെ മൂലധനച്ചെലവാണ് കണക്കാക്കുന്നത്. ശമ്പളച്ചെലവിനായി റവന്യൂ വരുമാനത്തിന്റെ 30 ശതമാനവും പെൻഷനുകൾക്കായി 21 ശതമാനവും ചെലവാക്കുന്നതായി കണക്കാക്കുന്ന ബജറ്റിൽ, പലിശ തിരിച്ചടവിനായി 19 ശതമാനമാണ് നീക്കിവെച്ചിരിക്കുന്നതെന്നത് കാണാതെ പോകരുത്. സംസ്ഥാനത്തിന്റെ പൊതുകടം ജിഎസ്ഡിപിയുടെ 36.9 ശതമാനം വരുമെന്ന് കണക്കാക്കുന്നു. ബജറ്റിനു പുറത്ത്, കിഫ്ബി അടക്കമുള്ള സ്ഥാപനങ്ങൾ സർക്കാരിന്റെ ഗ്യാരന്റിയോടെ വാങ്ങിയ കടങ്ങൾ ഇതിൽ വരുന്നില്ല. വരുമാനത്തിനുള്ള സ്രോതസ്സുകളെല്ലാംതന്നെ പരമാവധി ഉപയോഗിക്കുകയും എടുക്കാവുന്ന കടം അതിന്റെ പരമാവധിയിൽ എടുക്കുകയും ചെയ്തിട്ടും നിത്യനിദാനച്ചെലവുകൾക്കു പണം തികയുന്നില്ല എന്നതാണ് കുറച്ചു വർഷങ്ങളായി നമ്മൾ കേൾക്കുന്നത്. ഇക്കഴിഞ്ഞ ബജറ്റിൽ സാമ്പത്തിക പ്രതിസന്ധിയെ നേരിടാനായി സമസ്തമേഖലകളിലും നികുതിയും ഫീസും ചാർജ്ജുകളും കുത്തനെ കൂട്ടുന്ന, ഏറ്റവും എളുപ്പമുള്ള, അതേസമയം അങ്ങേയറ്റം ജനദ്രോഹകരമായ നടപടിയാണ് എടുത്തിരിക്കുന്നത്. അതിനും പുറമേ, പെട്രോളിന്റെയും ഡീസലിന്റെയും വിലകളിൽ രണ്ടു രൂപയുടെ സാമൂഹ്യ സുരക്ഷാ സെസ്സ് കൂടി ചുമത്തിയിരുന്നു. ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കിയതുവഴി അഭൂതപൂർവ്വമായ വിലക്കയറ്റമാണ് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. കേരളം അതിരൂക്ഷമായ കടക്കെണിയിലേക്ക് പോവുകയാണെന്ന മുന്നറിയിപ്പ് റിസർവ്വ് ബാങ്ക് നൽകിക്കഴിഞ്ഞു. ഇത്രയും മോശമായ സാമ്പത്തികാവസ്ഥ ഇപ്പോഴത്തെ സർക്കാർ അധികാരമേറ്റതിനുശേഷം മാത്രം ഉണ്ടായതാണോ?

തീർച്ചയായും സ്ഥിതി വഷളാക്കുന്നതിൽ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞതും ഇപ്പോഴത്തേയും സർക്കാരുകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പക്ഷേ, കേരളത്തെ കടക്കെണിയിലേക്ക് തള്ളിവിട്ടത്, തൊഴിലില്ലായ്മ രൂക്ഷമാക്കിയത്, കാർഷികമേഖലയെ തകർത്തത്, വ്യവസായവളർച്ചയെ മുരടിപ്പിച്ചത്- ഇതൊക്കെ ശരിയായി മനസ്സിലാക്കണമെങ്കിൽ, മുന്നണിവ്യത്യാസമില്ലാതെ എല്ലാ സർക്കാരുകളും കഴിഞ്ഞ 50 വർഷമായി ഇവിടെ നടപ്പാക്കിയ നയങ്ങളും പരിപാടികളും അവയുടെ പരിണതഫലങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. കേരളത്തിന്റെ സാമ്പത്തികനില പരിതാപകരമാണെന്ന് വിലപിച്ച് കേരളത്തെ വരിഞ്ഞുമുറുക്കുന്ന നിബന്ധനകൾ സമ്മതിച്ച് ഏഡിബിയുടെ വായ്പയെടുത്തത് ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ എ കെ ആന്റണിയുടെ യുഡിഎഫ് സർക്കാരാണ്. അതിന് വഴിമരുന്നിട്ടത്, തൊട്ടുമുന്നിലെ ഇ കെ നായനാരുടെ എൽഡിഎഫ് സർക്കാരും. ആഗോളവൽക്കരണനയങ്ങളും, ലോകബാങ്കിന്റെയും എഡിബിയുടെയും പദ്ധതികളും നടപ്പാക്കുന്നതിൽ ഇടത്-വലത് വ്യത്യാസം ഇക്കഴിഞ്ഞ ദശകങ്ങളിൽ നമുക്ക് കാണാനാകില്ല. അത്തരം വായ്പാ നിബന്ധനകളനുസരിച്ച് നടപ്പാക്കി വരുന്ന ഘടനാപരമായ പരിഷ്കാരങ്ങൾ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ കൂടുതൽ അപകടത്തിലേക്കാണ് തള്ളിവിടുന്നത്. ഇപ്പോഴത്തെ പ്രതിസന്ധിയുടെ ഒരു പ്രധാനകാരണവും ഇതാണ്. കൂടുതൽ വായ്പകളെടുത്തു കൂട്ടുന്നതും നികുതിയും ചാർജ്ജുകളും വർദ്ധിപ്പിക്കുന്നതുമല്ലാതെ സർക്കാരിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ യാതൊരു നിർദ്ദേശവും മാറിമാറി ഭരിക്കുന്ന മുന്നണികളിൽനിന്ന് ഉണ്ടാകുന്നില്ല. ഇതിനു പുറമെ വരുമാനം കണ്ടെത്താനുള്ള മാർഗ്ഗമായി സർക്കാരുകൾ, വിശേഷിച്ചും എൽഡിഎഫ് സർക്കാരുകൾ, കണ്ടെത്തിയ മേഖലകൾ ലോട്ടറി വിൽപ്പനയും മദ്യവിൽപ്പനയുമാണെന്ന തികച്ചും ദയനീയവും ജനവിരുദ്ധവുമായ അവസ്ഥയിലാണ് കേരളത്തിലെ സാമ്പത്തിക മാനേജ്മെന്റ്.

കഴിഞ്ഞ രണ്ടു ദശകമായി ഏതു മുന്നണിയുടെ സർക്കാർ ഭരിക്കുമ്പോഴും നമ്മൾ സംസ്ഥാനത്തിന്റെ ശുഷ്കമായ ധനസ്ഥിതിയെക്കുറിച്ചാണ് നിരന്തരം കേൾക്കുന്നത്. ഇതിന്റെ പേരിൽ ട്രഷറി ബില്ലുകൾ സമയത്ത് പാസ്സാകുന്നില്ല. സർക്കാർ ജീവനക്കാരുടെ ഡിഎ കുടിശ്ശിക തടഞ്ഞുവെക്കപ്പെടുന്നു. സർവ്വമാന ചാർജ്ജുകളും നികുതികളും വർധിപ്പിക്കുന്നു. ജനങ്ങൾ പൊറുതിമുട്ടുന്നു. വർധിക്കുന്ന നിത്യനിദാനച്ചെലവുകൾക്കടക്കം പരമാവധി വായ്പയെടുക്കുന്നതാകട്ടെ കേരളത്തിന്റെ സാമ്പത്തിക രംഗത്തെ അപകടകരമായ അവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. അതേസമയം, ശമ്പളത്തിനും പെൻഷനുമായാണ് സർക്കാരിന്റെ പണത്തിന്റെ ഭൂരിഭാഗവും ചെലവാക്കുന്നതെന്നാണ് പൊതുവിൽ പ്രചരിപ്പിക്കുന്നത്. ഒളിഞ്ഞും തെളിഞ്ഞും ഭരണകൂടവും ഇതുതന്നെ പ്രചരിപ്പിക്കുന്നു. ഇതിലൂടെ അവർക്ക് രണ്ടു നേട്ടങ്ങളാണ് ഉണ്ടാകുന്നത്. ഒന്ന്, ചെലവ് കുറയ്ക്കാനെന്ന പേരിൽ പല ജനക്ഷേമ പരിപാടികളും വെട്ടിക്കുറയ്ക്കാനും അതിന്റെ പഴി ശമ്പളച്ചെലവിന്റെ തലയിൽ കെട്ടിവെക്കാനുമാകും. അതുപോലെ, നടപ്പാക്കുന്ന മുതലാളിത്ത താത്പര്യങ്ങൾക്കനുസരിച്ചുള്ള നയങ്ങളും നടപടികളും, ദുർഭരണവും മൂലം സമ്പദ്ഘടനയിലുണ്ടാകുന്ന ആഘാതങ്ങളും ഇതിന്റെ പിന്നിൽ മറച്ചുവെയ്ക്കപ്പെടുന്നു. രണ്ടാമതായി, ഇതേപേരിൽ തന്നെ നിയമനങ്ങൾ ചുരുക്കാനും, സ്ഥിരനിയമനങ്ങൾക്കു പകരം കരാർനിയമനങ്ങളും ഔട്ട്സോഴ്സിങ്ങും വ്യാപകമാക്കാനും സാധിക്കും. എന്നാൽ വാസ്തവത്തിൽ റവന്യൂ വരവിന്റെ 30 ശതമാനമാണ് ശമ്പളത്തിനായി ചെലവാകുന്നത്. 21% പെൻഷനു ചെലവാകുമ്പോൾ 19% തുക വായ്പകളുടെ തിരിച്ചടവിനാണ് ചെലവിടുന്നത്. തന്നെയുമല്ല, ഇതിൽ ശമ്പളച്ചെലവ് മുൻവർഷത്തേക്കാൾ കുറയുന്നതായും റിപ്പോർട്ടുണ്ട്. അതേസമയം പലിശയിനം വർധിക്കുകയും ചെയ്യുന്നു. ഇനി ശമ്പളച്ചെലവിൽ സർക്കാർ ജീവനക്കാർ മാത്രമല്ലല്ലോ ഉള്ളത്. മന്ത്രിമാരുടെ പെഴ്സണൽ സ്റ്റാഫ് അടക്കമുള്ളവരുടെ ഭാരിച്ച ചെലവും ഇതിൽ ഉൾപ്പെടുന്നില്ലേ? 2019-20 വർഷത്തിൽ 34.79 കോടി രൂപയാണ് ഇങ്ങനെ മന്ത്രിമാരുടെ സ്റ്റാഫിന്റെ ശമ്പളത്തിനായി ചെലവഴിച്ചത്. ആവശ്യത്തിന് സ്റ്റാഫില്ലാതെ പല വകുപ്പുകളിലും നിലവിലുള്ള ജീവനക്കാർ പെടാപാടു പെടുമ്പോഴാണ്, അവരെ കുറ്റപ്പെടുത്തി അതിന്റെ മറവിൽ ഇങ്ങനെ ധൂർത്ത് നടമാടുന്നത്. ഇതിനു പുറമേ ജനത്തിന് യാതൊരു പ്രയോജനവുമില്ലാത്ത വെള്ളാനകളായ എണ്ണമറ്റ ബോർഡുകളും കോർപ്പറേഷനുകളും കമ്മീഷനുകളും. സർക്കാർ ജീവനക്കാർ ജനസേവനത്തിനുള്ള സംവിധാനമാണ്. അത് അധികപ്പറ്റല്ല. ഇപ്പോഴിതാ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കാനുള്ള ആലോചനകൾ നടക്കുന്നതായും റിപ്പോർട്ടുണ്ട്. സാമ്പത്തികബാധ്യത ഒഴിവാക്കേണ്ടത്, ജനങ്ങളെ ബലിയാടാക്കി വായ്പയെടുത്തു കൂട്ടിയും, സാധാരണക്കാരായ ഉദ്യോഗസ്ഥരുടെ വയറ്റത്തടിച്ചും ജനങ്ങളെ പിഴിഞ്ഞൂറ്റിയും, മദ്യവും ലോട്ടറിയും പരമാവധി വ്യാപിപ്പിച്ചുമാണെന്ന് ധരിച്ചിരിക്കുന്ന ധനകാര്യ മാനേജ്മെന്റിനെ കുറിച്ച് കൂടുതൽ എന്തുപറയാൻ.

കൃത്യമായ, ശക്തവും സുതാര്യവുമായ സാമ്പത്തികമാനേജ്മെന്റായിരുന്നു സംസ്ഥാനത്തുണ്ടായിരുന്നതെങ്കിൽ, സർക്കാരിന് കുത്തകകളിൽനിന്നും വൻകിടക്കാരിൽനിന്നും കിട്ടേണ്ട ആയിരക്കണക്കിന് കോടി രൂപയുടെ നികുതി കുടിശ്ശികകൾ പിരിച്ചെടുത്തേനേ. കെഎസ്ഇബി അടക്കമുള്ള സ്ഥാപനങ്ങൾക്ക് പിരിഞ്ഞുകിട്ടേണ്ട കോടികൾ തിരിച്ചുപിടിച്ചേനേ, കെഎസ്ആർടിസി അടക്കമുള്ള സ്ഥാപനങ്ങൾ കാര്യക്ഷമമായി നടത്തി സ്വകാര്യമൂലധനത്തിന് ഭീഷണിയായേനേ, നിർമ്മാണപ്രവൃത്തിയല്ല വികസനമെന്ന് തിരിച്ചറിഞ്ഞേനേ, കേരളത്തിന്റെ സാമ്പത്തികവും പാരിസ്ഥിതികവുമായ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ബോധ്യപ്പെട്ടിട്ടും വിഴിഞ്ഞം പദ്ധതി അദാനിയുടെ കാൽക്കൽ കൊണ്ടുവെച്ചതു പോലെയുള്ള നടപടികൾ ഉണ്ടാവില്ലായിരുന്നു. കെ റെയിൽ പോലുള്ള വിനാശ പദ്ധതികൾക്ക് പിന്നാലെ പായില്ലായിരുന്നു. പക്ഷേ സംവിധാനം കുത്തഴിഞ്ഞു കിടക്കുമ്പോൾ അതിന്റെ പ്രശ്നങ്ങളെ കുറ്റപ്പെടുത്തി, ഇത്തരം മുതലാളിത്ത അനുകൂലനയങ്ങൾ എളുപ്പത്തിൽ നടപ്പാക്കാനാകും. അതാണ് ഇന്ന് കേരളത്തിൽ നടപ്പാകുന്നത് എന്നു പറയേണ്ടിവരുന്നു. കുത്തകമുതലാളിമാർക്കും അവർക്ക് പാദസേവ ചെയ്യുന്ന വിശ്വസ്തഭരണകൂടത്തിന്റെ ഭാഗമായുള്ളവർക്കും മാത്രം പുരോഗതിയുണ്ടാവുകയും ലക്ഷക്കണക്കിന് സാധാരണക്കാരെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്ന ഭരണകൂടത്തെയും അത് സൃഷ്ടിക്കുന്ന സാമ്പത്തിക പ്രയാസങ്ങളെയും നമ്മൾ അങ്ങനെ തിരിച്ചറിയേണ്ടതുണ്ട്. ■

# പ്രകടനങ്ങൾക്ക് ഫീസ് ചുമത്തുന്നത് ജനാധിപത്യ നിഷേധത്തിലേക്കുള്ള മറ്റൊരു ചുവടുവെയ്പ്പ് – എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

ജനാധിപത്യപരമായ പ്രതിഷേധങ്ങളെ ഭയക്കുന്ന പിണറായി സർക്കാർ അവയെ നിയന്ത്രിക്കാനാണ് പ്രകടനങ്ങൾക്ക് 10,000 രൂപ വരെയുള്ള അനുമതി ഫീസ് ഏർപ്പെടുത്തിയതെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പ്രസ്താവനയിൽ പറഞ്ഞു. ഇടതെന്ന് അവകാശപ്പെടുന്ന ഈ സർക്കാർ കേന്ദ്ര ബിജെപി സർക്കാരിന്റെ സ്വേച്ഛാധിപത്യ മാതൃക പിന്തുടർന്നുകൊണ്ട് ജനാധിപത്യത്തിനു നാണക്കേടു മാത്രമല്ല, ഭീഷണിയുമായി മാറുകയാണ്.

ജനാധിപത്യപരമായ ആശയപ്രചരണത്തിനുമേൽ ഇതിനോടകംതന്നെ പലവിധ നിയന്ത്രണങ്ങളും നിഷേധങ്ങളും നിലവിലുണ്ട്. അവയെ കൂടുതൽ കർക്കശമാക്കുന്നത് മുഖ്യധാരാ സമവായ രാഷ്ട്രീയത്തിനു പുറത്തുള്ള, ധീരമായ വേറിട്ട ശബ്ദങ്ങളെ ഇല്ലാതാക്കാനും കൂടെയാണ്.



കൊല്ലം ചിന്നക്കടയിൽ നടന്ന പൊതുയോഗത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ കമ്മിറ്റി അംഗം സഖാവ് എസ്. രാധാകൃഷ്ണൻ പ്രസംഗിക്കുന്നു.

ഭരണാധികാരികളുടെ അതിരില്ലാത്ത ധൂർത്തിന് പണം കണ്ടെത്തുന്നത് ജനങ്ങളുടെമേൽ തൊട്ടതിനൊക്കെ പിഴയും നികുതിയും ചുമത്തിയാണ്. നികുതിദായർക്ക് പൊലീസിൽനിന്നും ലഭിക്കേണ്ട നിസ്സാര സേവനങ്ങൾക്കുപോലും ഫീസ് ഏർപ്പെടുത്തുകയാണ്. വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട രേഖകൾക്കു മുതൽ മൈക്ക് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതിക്കുവരെ ഭീമമായി ഫീസ് വർദ്ധിപ്പിച്ചു.

പൊലീസ് സേനയ്ക്കുവേണ്ടി പൊതുജനാവിൽനിന്ന് ഭീമമായ തുകയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകാൻ അവർ ബാധ്യസ്ഥരാണ്. അത്തരം അവശ്യസേവനങ്ങൾക്ക് ഫീസ് ഈടാക്കുന്നതുതന്നെ ജനാധിപത്യവിരുദ്ധമാണ്. മൈക്ക് ഉപയോഗിക്കുന്നതും പ്രകടനം നടത്തുന്നതുമൊക്കെ പ്രധാനമായും പൊതുപ്രവർത്തനം നടത്തുന്ന സംഘടനകളാണ്. പൊതുജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ ഇത്തരം പ്രതികരണങ്ങൾ ജനാധിപത്യ വ്യവസ്ഥയുടെ അനിവാര്യതയാണ്. ഇവയ്ക്കുമേൽ കടിഞ്ഞാടുന്ന ഏതൊരു നടപടിയും ജനാധിപത്യത്തെ ദുർബലപ്പെടുത്തും.



അരയൻകാവിൽനടന്ന പ്രതിഷേധ പരിപാടിയിൽ എറണാകുളം ജില്ലാ കമ്മിറ്റിയംഗം സഖാവ് സി.കെ.ശിവദാസൻ പ്രസംഗിക്കുന്നു.



സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു.

അഴിമതിയിലും സ്വജനപക്ഷപാതത്തിലും ജനദ്രോഹ നടപടികളിലും അഭിരമിക്കുന്ന ഭരണസംവിധാനങ്ങളാണ് ജനങ്ങളുടെ പ്രതിഷേധത്തെ ഭയക്കുന്നത്. സർക്കാരിന്റെ ജനവിരുദ്ധ സ്വഭാവം വർദ്ധിക്കുന്തോറും ജനകീയ പ്രതിഷേധങ്ങളോടുള്ള അസഹിഷ്ണതയും അവയ്ക്കുമേലുള്ള നിയന്ത്രണങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കും. ഇത് വെച്ചുപൊറുപ്പിക്കാനാവില്ലെന്നും ഇതിനെതിരെ ജനങ്ങൾ തെരുവിലിറങ്ങണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു. ജനാധിപത്യ രാഷ്ട്രീയ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഫീസുകൾ ഉടനടി പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു. ■

# ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുവാൻ ചരിത്രപാഠങ്ങൾ നീക്കം ചെയ്യുന്നു

ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളിലെ ഉള്ളടക്കം വൻതോതിൽ വെട്ടി കുറയ്ക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം എൻസിഇആർടി കഴിഞ്ഞവർഷം തന്നെ തീരുമാനമെടുത്തിരുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനമാക്കിയാണ് ഉള്ളടക്കത്തിൽ കാതലായ മാറ്റം വരുത്തുന്നതെന്ന് രേഖയുടെ ആമുഖത്തിൽ തന്നെ എൻസിഇആർടി വ്യക്തമാക്കുകയും ചെയ്തു. ചരിത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിൽ നിന്നാണ് പ്രധാനമായും സുപ്രധാന പാഠങ്ങൾ വെട്ടി മാറ്റിയത്. എൻസിഇആർടി ഒന്നാംവർഷ ഹയർ സെക്കൻഡറി പാഠപുസ്തകത്തിൽനിന്നും സമാധാനം എന്ന അധ്യായം പൂർണമായും നീക്കിക്കളഞ്ഞു. സമാധാനത്തിന്റെ അർത്ഥവും വിവക്ഷയും എന്തെന്ന് വിവരിക്കുന്ന പാഠഭാഗമാണത്. ഗാന്ധിജിയുടെ അഹിംസ സിദ്ധാന്തം, സമാധാനവും രാഷ്ട്രവും, സമാധാന സ്ഥാപനത്തിന്റെ മാർഗ്ഗങ്ങൾ എന്നതൊക്കെ ഉൾപ്പെടുന്ന ഭാഗം പ്രസക്തമല്ല എന്ന നിലയിലാണ് ഒഴിവാക്കിയത്. രണ്ടാം വർഷ ഹയർസെക്കൻഡറിയിലെ ഏകകക്ഷി മേധാവിത്വത്തിന്റെ യുഗം എന്ന അധ്യായം രാഷ്ട്രീയ കാരണങ്ങളാൽ ഒഴിവാക്കിയിരിക്കുന്നു. ആറാം അധ്യായമായ ജനാധിപത്യ സംവിധാനം പ്രതിസന്ധിയിൽ എന്ന പാഠഭാഗവും പഠിപ്പിക്കണ്ടത്രെ! അടിയന്തരാവസ്ഥയെ സംബന്ധിച്ച വിവാദങ്ങൾ, അടിയന്തരാവസ്ഥ പ്രഖ്യാപനം ആവശ്യമായിരുന്നോ, അക്കാലത്ത് എന്ത് സംഭവിച്ചു തുടങ്ങിയ വസ്തുതകൾ തുടച്ചുമാറ്റി. അതുപോലെ ഇന്ത്യയിലെ ജനകീയ പ്രസ്ഥാനങ്ങളുടെയും സമരങ്ങളുടെയും ഉദയം എന്ന ചാപ്റ്ററും നീക്കംചെയ്യപ്പെട്ടിരിക്കുന്നു.

ഗുജറാത്തിൽ സംഘപരിവാർ നേതൃത്വം നൽകിയ മുസ്ലിം വിരുദ്ധ വർഗീയ കലാപങ്ങൾ, ശീത സമരം, ലോകത്തെ അമേരിക്കൻ സാമ്രാജ്യത്വ ആധിപത്യം, പുതിയ ലോകക്രമം, ഇറാഖിലെ അമേരിക്കൻ അധിനിവേശം, മേധാവിത്വ ചരിത്രം തുടങ്ങിയ സുപ്രധാന ചരിത്രപാഠങ്ങൾക്കുമേലും കത്രിക കയറ്റിയിറക്കി.

ചരിത്ര വിഭാഗം പാഠപുസ്തകങ്ങളിലേക്ക് വന്നാൽ, ഒന്നാംവർഷ ഹയർ സെക്കൻഡറി പാഠപുസ്തകത്തിൽ കാലത്തിന്റെ ആരംഭം, മധ്യ ഇസ്ലാമിക പ്രദേശങ്ങൾ, വ്യവസായ വിപ്ലവം, സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ, 16, 17 നൂറ്റാണ്ടുകൾ തുടങ്ങിയ പ്രമേയങ്ങൾ പൂർണമായി നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. അതുപോലെ ഇന്ത്യാ വിഭജനത്തെ മനസ്സിലാക്കാൻ എന്ന അധ്യായത്തിലെ ചരിത്ര പാഠവും വിഭജനം എന്തുകൊണ്ട്, എങ്ങനെ സംഭവിച്ചു എന്ന് വിവരിക്കുന്ന പാഠങ്ങളും വെട്ടിക്കളഞ്ഞു.

രണ്ടാം വർഷ സോഷ്യോളജിയിൽ ആകട്ടെ, ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ എന്ന അധ്യായമാണ് വെട്ടി മാറ്റപ്പെട്ടത്. അതിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഉത്ഭവത്തെയും വികാസത്തെയും കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം, ജാതി പഞ്ചായത്തുകളെ വിമർശിക്കുന്ന ഭാഗം, സാമൂഹിക പ്രസ്ഥാനങ്ങളുടെ പങ്ക്, ജനാധിപത്യത്തിന്റെ നിർവചനം എന്നിവ ഉൾപ്പെടെയുള്ള നിരവധി വിശദാംശങ്ങൾ അടങ്ങിയിരുന്നു. അവയൊന്നും പുതിയ പാഠ്യപദ്ധതി പ്രകാരമുള്ള സിലബസിൽ ഉണ്ടാവില്ലെന്ന് ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ കേന്ദ്രസർക്കാർ ഉറപ്പുവരുത്തുകയാണ്.

സ്ഥിതി സമത്വം, തുല്യത, സാമൂഹിക നീതി എന്നിവയിലേക്ക് ഇന്ത്യ എത്തിച്ചേരണം എന്ന് സൂചിപ്പിക്കുന്ന സാമൂഹിക സ്ഥാപനങ്ങൾ തുടർച്ചയും വികാസവും എന്ന മൂന്നാം അധ്യായത്തിലെ വരികൾ നീക്കം ചെയ്തത് എന്തുകൊണ്ടെന്നും വ്യക്തമാണ്. സാമൂഹിക അസമത്വത്തെയും ബഹിഷ്കരണത്തെയും ന്യായീകരിക്കുന്ന മോഡലാണ് സംസ്കൃതവൽക്കരണം എന്ന് വിശദമാക്കുന്ന ഭാഗം, സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തെ വിവരിക്കുന്ന ഭാഗം, മനുഷ്യ വിമോചന സമരങ്ങൾ സൂചിപ്പിക്കുന്ന ഭാഗം എന്നിവയൊക്കെയും ഒഴിവാക്കിയതിന്റെ പിന്നിൽ കേന്ദ്രസർക്കാർ പിന്തുടരുന്ന പുതിയ വിദ്യാഭ്യാസ നയം തന്നെ.

പിന്നെ ഭരണകൂടം ഭയപ്പെടുന്ന മറ്റൊരു കാര്യവും ഒന്നാം വർഷ ഇക്കണോമിക്സ് പാഠത്തിൽനിന്നും നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇന്ത്യൻ സാമ്പത്തിക വികസനം എന്ന അധ്യായത്തിൽ അവതരിപ്പിക്കുന്ന ദാരിദ്ര്യത്തെയും ദരിദ്രരെയും കുറിച്ച് വിവരിക്കുന്ന പാഠഭാഗമാണത്. ദാരിദ്ര്യത്തിന്റെ യഥാർത്ഥ കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമായി വിശദമാക്കുന്നില്ലെങ്കിലും വിവിധ സർക്കാരുകൾ നടപ്പാക്കിയ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളെ വിമർശിക്കുന്ന ഭാഗങ്ങളാണ് എൻസിഇആർടി ഒഴിവാക്കിയത്. എന്തായാലും, ചുരുക്കത്തിൽ ഒരു വിധത്തിലുമുള്ള സാമൂഹിക, ചരിത്രബോധം പകർന്നു നൽകുന്ന പാഠഭാഗങ്ങൾ ഇന്ത്യയിലെ വിദ്യാർത്ഥികളെ പഠിപ്പിക്കരുത് എന്ന് പുതിയ നയകർത്താക്കൾ നിശ്ചയം ചെയ്തിരിക്കുന്നു എന്നാണ് ഇവയെല്ലാം വ്യക്തമാക്കുന്നത്. വ്യത്യസ്ത വിഷയങ്ങളിലെ വിജ്ഞാനത്തിന് സമൂഹത്തിൽ പ്രചാരം ഉണ്ടാക്കാതിരിക്കുവാൻ വളരെ ആസൂത്രിതമായാണ് ഈ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ ദേശീയ പാഠ്യപദ്ധതി രേഖകൾ(NCF) ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ചരിത്ര, ധനതത്വ ശാസ്ത്ര പാഠപുസ്തകങ്ങളിലെ അവശേഷിക്കുന്ന മിനിമം വിവരങ്ങൾപോലും തുടച്ചുനീക്കുവാൻ ലക്ഷ്യമിടുന്നു. പുതിയ നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് പ്രകാരം തയ്യാറാക്കുന്ന പാഠപുസ്തകങ്ങളിൽ മേൽപ്പറഞ്ഞ പാഠങ്ങൾ ഉണ്ടാവില്ല. നേരെമറിച്ച് വസ്തുതാ വിരുദ്ധവും ചരിത്രവിരുദ്ധവും അശാസ്ത്രീയവും അന്ധവിശ്വാസ ജടിലവുമായ മറ്റ് അനേകം കാര്യങ്ങൾ കുത്തി നിറച്ചിട്ടുമുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ സമീപനം എത്രമേൽ വിജ്ഞാന വിരുദ്ധമാണ് എന്ന് തെളിയിക്കുന്നതാണ് എൻസിഇആർടിയുടെ പുതിയ പാഠപുസ്തക പരിഷ്കാരങ്ങൾ. എന്നാൽ, ഫെഡറൽ സംവിധാനത്തെ നിഷ്കാസനം ചെയ്തുകൊണ്ട് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും ഇതേ സിലബസ് പിന്തുടരണമെന്ന് എൻസിഇആർടി നിഷ്കർഷിക്കുകയും ചെയ്യുന്നു. സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ അവകാശത്തിനുമേലുള്ള നഗ്നമായ കടന്നുകയറ്റം കൂടിയാണിത്. പുതിയ ദേശീയ വിദ്യാഭ്യാസ നയമെന്ന ഫാസിസ്റ്റ് വിപത്തിനെ ചെറുക്കാൻ ബഹുജനങ്ങൾ രംഗത്ത് വരാതെ നിർവാഹമില്ല. ■

## സ്കൂൾ ഉച്ചഭക്ഷണം

# കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകാനുള്ള 130 കോടി ഉടൻ ലഭ്യമാക്കുക-എഐഡിഎസ്ഒ

വിദ്യാർത്ഥികൾക്ക് പോഷകാഹാരലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നടത്തിവന്ന ഉച്ചഭക്ഷണ വിതരണത്തിനുണ്ടായ സാമ്പത്തിക തടസ്സം ഉടൻ പരിഹരിക്കണമെന്നും കുടിശ്ശിക സഹിതം ഫണ്ട് ഉടൻ ലഭ്യമാക്കണമെന്നും കാലാനുസൃതമായി ഫണ്ട് വർദ്ധിപ്പിക്കണമെന്നും എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

'പിഎം പോഷൺ' പ്രകാരം 2016ൽ നിശ്ചയിച്ച നിരക്ക് പ്രകാരം 150 കുട്ടികൾ വരെ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് വിദ്യാർത്ഥി ഒന്നിന് ദിനം പ്രതി 8 രൂപയും 151 മുതൽ 500 വരെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് വിദ്യാർത്ഥി ഒന്നിന് ദിനം പ്രതി 7 രൂപയും 500നു മുകളിൽ ആറ് രൂപയുമാണ് നൽകി വരുന്നത്. ഇതിൽ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നു. എന്നാൽ കേരളത്തിൽ 2023 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പാചക ചെലവായ 130 കോടി, വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്യാത്തതിനെ തുടർന്ന്, സംസ്ഥാനത്തെ 12,600 സ്കൂളുകളിലെ എട്ടാം ക്ലാസ്സ് വരെ പഠിക്കുന്ന 30 ലക്ഷത്തോളം വിദ്യാർഥികളുടെ ഉച്ചഭക്ഷണ വിതരണം പ്രതിസന്ധിയിലാവുകയാണ്. മാസങ്ങളായി അധ്യാപകർ തങ്ങളുടെ ശമ്പളം ഉപയോഗിച്ചും വായ്പയെടുത്തും കടം പറഞ്ഞുമാണ് കുട്ടികൾക്ക് കൃത്യമായി ഉച്ചഭക്ഷണം നൽകുന്നത്. പക്ഷെ, മാവേലി സ്റ്റോറുകാരും പാൽ, പാചകവാതക വിതരണക്കാരും വിദ്യാലയങ്ങൾക്ക് സാധനങ്ങൾ നൽകുന്നത് നിർത്തിവയ്ക്കുന്ന സാഹചര്യം കൂടെ വന്നപ്പോൾ പാചക ചെലവിന് പണം അനുവദിക്കാതെ ഇനി മുന്നോട്ടുപോകാൻ സാധ്യമല്ലാത്ത സ്ഥിതിയായിരിക്കയാണ്. കേന്ദ്രം അനുവദിക്കാത്തതുകൊണ്ടാണ് പണം നൽകാനാവാത്തത് എന്ന് കേരള സർക്കാരും മുൻ മാസങ്ങളിൽ അനുവദിച്ച തുകയുടെ കണക്ക് കേന്ദ്രത്തിന് സമർപ്പിക്കാത്തതാണ് പണം അനുവദിക്കുന്നതിൽ തടസ്സമായി നിലനിൽക്കുന്നത് എന്ന് കേന്ദ്രസർക്കാരും പറയുന്നു. സർക്കാരുകൾ പരസ്പരം പഴിചാരുന്നതിലൂടെ പ്രതിസന്ധിയിലാകുന്നത് സാധാരണ വിദ്യാർത്ഥികളും അധ്യാപകരുമാണ്. ഈ വിഷയത്തിൽ സർക്കാരുകളുടെ നിസ്സംഗതയാണ് പ്രതിസന്ധി തുടരുവാൻ കാരണം.

സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ആശ്രയമായ ഉച്ചഭക്ഷണ പദ്ധതി പൊടുന്നനെ ഇല്ലാതായാൽ രക്ഷകർത്താക്കളിൽ അത് വലിയ സാമ്പത്തിക ഭാരമുണ്ടാക്കും. അതുകൊണ്ടുതന്നെ അനാസ്ഥ വെടിഞ്ഞ്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കുടിശ്ശികയായ 130 കോടി രൂപയും, തുടർന്നുള്ള മാസങ്ങളിലെ പാചക ചെലവും ഉടൻ ലഭ്യമാക്കണം. കൂടാതെ ഗ്യാസ്, പച്ചക്കറികൾ, പാൽ, മുട്ട തുടങ്ങിയവയ്ക്ക് വൻതോതിൽ വില കൂടിയിരിക്കുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങൾക്ക് അനുവദിക്കുന്ന നിരക്കിൽ കാലോചിതമായ വർദ്ധനവ് ഉടൻ ഉണ്ടാവുകയും വേണം. ■

# ഐഎൻഎ ഹീറോ വക്കം ഖാദറിന്റെ 80-ാമത് രക്തസാക്ഷിത്വ ദിനം ആചരിച്ചു



തിരുവനന്തപുരത്ത് വക്കത്ത് നടന്ന അനുസ്മരണ സമ്മേളനത്തിൽ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് പ്രസംഗിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീരവിപ്ലവകാരിയും ഐഎൻഎ ഹീറോയുമായ വക്കം ഖാദറിന്റെ 80-ാമത് രക്തസാക്ഷിത്വ ദിനം ആചരിച്ചുകൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യോഗങ്ങൾ സംഘടിപ്പിച്ചു.

വക്കം ഖാദറിന്റെ ജന്മദേശമായ തിരുവനന്തപുരം വക്കത്ത് മണനാക്ക് ജംഗ്ഷനിൽ നടന്ന അനുസ്മരണ സമ്മേളനം വക്കം പഞ്ചായത്ത് പ്രസിഡന്റ് എം.ലാലിജ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. സനാതന ധർമ്മങ്ങളിലല്ല, ഇന്ത്യൻ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിലാണ് നമ്മുടെ യഥാർത്ഥ പാരമ്പര്യം കുടികൊള്ളുന്നതെന്നും അത് ഉൾക്കൊണ്ടുകൊണ്ട് ഇന്നത്തെ അനീതികൾക്കെതിരെ പോരാടുവാൻ യുവാക്കൾ രംഗത്തുവരണമെന്നും അദ്ദേഹം പറഞ്ഞു. സന്ധിരഹിത സമരധാരയിലെ ശക്തനായ പോരാളിയും മതസാഹോദര്യത്തിന്റെ ഉത്തമ മാതൃകയുമായ വക്കം ഖാദറിനെ നമോരോരുത്തരും മാതൃകയാക്കണമെന്നും പിറന്ന നാട്ടിൽ വക്കം ഖാദറിന്റെ അനുസ്മരണം സർവ്വാദരങ്ങളോടെയും വരും വർഷങ്ങളിൽ നടത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം എ.ഷൈജു അധ്യക്ഷത വഹിച്ചു, വാർഡ് മെമ്പർ ടി.ഫൈസൽ, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി അഡ്വ. ആർ.അപർണ, വക്കം ഖാദർ കുടുംബാംഗം കെ.റഹീം, ആർട്ടിസ്റ്റ് ഗിരീഷ് ബാബു കടക്കാവൂർ, എസ്.എ.ബഷീർ, ടി.ഷിജിൻ, അജിത് മാത്യു, ഗോവിന്ദ് ശശി, മേധ സുരേന്ദ്രനാഥ് എന്നിവർ പ്രസംഗിച്ചു.

കരുനാഗപ്പള്ളി പുത്തൻതെരുവ് ഷരീഅത്തുൽ ഇസ്ലാം ജമാഅത്ത് ഹാളിൽ നടന്ന അനുസ്മരണ യോഗം കേരള ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയും വക്കം ഖാദറിന്റെ കുടുംബാംഗവുമായ അഡ്വ. കെ.പി.മുഹമ്മദ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി ആർ.രാഹുൽ അധ്യക്ഷത വഹിച്ചു. ജമാ അത്ത് ജനറൽ സെക്രട്ടറി നിസാർ സ്വാഗതവും സെക്രട്ടറി ഷെമീർ നന്ദിയും രേഖപ്പെടുത്തി.

ആലപ്പുഴ സക്കരിയ ബസാറിൽ നടന്ന വക്കം ഖാദർ വാരാചരണത്തിന്റെ ജില്ലാതല സമാപന സമ്മേളനം സഖാവ് ഇ.വി. പ്രകാശ് ഉദ്ഘാടനം ചെയ്തു. ടി. ഷിജിൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് കെ.ബിമൽജി, ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ജി.അനീഷ് കുമാർ, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി വി.പി.വിദ്യ എന്നിവർ പ്രസംഗിച്ചു. ■



ആലപ്പുഴ സക്കരിയ ബസാറിൽ നടന്ന വക്കം ഖാദർ അനുസ്മരണ ജില്ലാതല സമാപന സമ്മേളനത്തിൽ എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ.ബിമൽജി പ്രസംഗിക്കുന്നു.


കുന്നന്താനത്ത് നടയ്ക്കൽ സമരവാഴക്കുല വിളവെടുപ്പ് മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി നിർവഹിക്കുന്നു

### സമര വാഴക്കുലക്ക് 28,000 രൂപ ലേലത്തുക

# അടുപ്പിൽ കെ റെയിൽ കല്ലിട്ട കൂരയ്ക്ക് സമരസമിതിയുടെ ധനസഹായം

കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ആഹ്വാനപ്രകാരം കുന്നന്താനം നടക്കൽ നട്ട സമരവാഴയുടെ വിളവെടുപ്പ് മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി നിർവഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ പൂവൻ വാഴക്കുല 28,000 രൂപയ്ക്ക് ലേലം ചെയ്തു. സമര പ്രവർത്തകരുടെയും ബഹുജനങ്ങളുടെയും പിന്തുണയിൽ നടന്ന ആവേശകരമായ ലേലത്തിന്റെ തുക, ചെങ്ങന്നൂരിൽ അടുപ്പുകല്ല് ഇളക്കി കെ റെയിൽ മഞ്ഞക്കുറ്റി സ്ഥാപിച്ച തങ്കമ്മയുടെ ഭവന നിർമ്മാണ ഫണ്ടിലേക്ക് സംഭാവന ചെയ്തു.

ജനങ്ങൾ തള്ളിക്കളഞ്ഞ കെ റെയിൽ സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി നിലകൊള്ളുന്ന എംഎൽഎമാരോടുള്ള പ്രതിഷേധ സൂചകമായി നട്ടവാഴകൾ ജനങ്ങളുടെ പ്രതീകാത്മക സമരമാണ്. അടിച്ചമർത്താൻ സർക്കാർ എത്ര ശ്രമിച്ചാലും പദ്ധതി പിൻവലിക്കുന്നതുവരെ ശക്തമായ സമരവുമായി മുന്നോട്ടുപോകുമെന്ന് ജോസഫ് എം.പുതുശ്ശേരി പറഞ്ഞു. സമരസമിതി ജില്ലാ കൺവീനർ മുരുകേഷ് നടക്കൽ അധ്യക്ഷത വഹിച്ചു. വാഴക്കുല ലേലം ചെയ്തു ലഭിച്ച 28,000 രൂപ സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ തങ്കമ്മയുടെ ഭവന നിർമ്മാണ ഫണ്ടിലേക്ക് കൈമാറി. ജനേച്ഛക്കൊപ്പം നിൽക്കാത്ത ജനപ്രതിനിധികൾക്കെതിരെ കേരളമെമ്പാടും ശക്തമായ പ്രതിഷേധം ഉയർന്നുവരികയാണ്. ജനാധിപത്യ പ്രക്ഷോഭങ്ങൾക്ക് ഉജ്ജ്വലമായ മാതൃക കാട്ടുകയാണ് കെ റെയിൽ വിരുദ്ധസമിതി എന്ന് അദ്ദേഹം പറഞ്ഞു. തങ്കമ്മ ഭവന നിർമ്മാണ കമ്മിറ്റിക്കുവേണ്ടി സംസ്ഥാന സമിതി അംഗം സിന്ധു ജയിംസ് തുക ഏറ്റുവാങ്ങി.

കോട്ടയം ജില്ല ചെയർമാൻ ബാബു കുട്ടൻചിറ, പത്തനംതിട്ട ജില്ല ചെയർമാൻ അരുൺ ബാബു, കുഞ്ഞുകോശി പോൾ, വി.എം. റെജി, ബിന്ദു ബേബി, റോസിലിൻ ഫിലിപ്പ്, എസ്.രാധാമണി, രാധ എം.നായർ, ശാന്തമ്മ കര്യാക്കോസ്, റിജോ മാമൻ, അനിൽ അമ്പാടി തുടങ്ങിയവർ പ്രസംഗിച്ചു. നടക്കൽ ചേട്ടായീസാണ് ലേലത്തിലൂടെ വാഴക്കുല സ്വന്തമാക്കിയത്. നാട്ടിൽ ഇല്ലാത്തവർക്ക് ലേലത്തിൽ പങ്കെടുക്കാൻ ഓൺലൈനിൽ സംവിധാനം ഒരുക്കിയിരുന്നു. ■

Volume: 50 No: 6 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.